4 58
885

C— 1815

ഗുരുപ്പട്ടാഭിഷേകം

Ordination Ceremonies

This Book Has Been
Donated By
St. Thomas Monastery
Pavaratty.

പരിഭാഷകൻ

ഫാ. ജോസഫ് തേക്കനാടി,

മറ്റക്കര.

DHARMARAM COLLEGE
LIBRARY
BANGALORE-29

ST. THOMAS CARM.
SOUTH MALABAR
MONASTERY PAVARATTY

പ്രസാധകർ

എസ്. എച്ച്. ലീഗ്,

U. C. College P. O.,

Alwaye.

ARAM
27
41
ARY

Dharmaram College Library
Acc. No. 90804
Call. No. F97/T341

Nihil Obstat

Fr. Thomas Paruvanany
Censor Librorum Dioecesanus.

PALAI,
28-8-1952.

Imprimatur

✠ **Sebastian Vayalil**
Bishop of Palai.

Bishop's House,
Palai, Sept. 2, 1952.

Copyright Reserved by the Translator

വിഷയവിവരം

പേജ്

പ്രസ്താവന

അവതാരിക ഫ

i പത്രമേനി ന

ii മെത്രാന്റെ കല്പന ര

iii സംഷ്ടാംഗപ്രണാമം ള

iv കമ്മസാധനവും കമ്മരൂപവും സ

v അഭിഷേകം "

vi നവവൈദികന്മാർ മെത്രാനോടൊന്നിച്ചു നടത്തുന്ന ബലിസമർപ്പണം ൧

vii വിശ്വാസപ്രഖ്യാപനം ൟ

viii അനുസരണവാഗ്ദാനം "

ix ലത്തീൻ സൂറിയാനി റീത്തുകൾ ൻ

---

1. ആസ്ഥപ്പാട്ടുപട്ടം 1
2. ഒന്നാം പട്ടം 10
3. രണ്ടാം പട്ടം 13
4. മൂന്നാം പട്ടം 17
5. നാലാം പട്ടം 20
6. അഞ്ചാം പട്ടം 26
7. ആറാം പട്ടം 36
8. കുർബാനപ്പട്ടം 48
9. വൈദികന്മാക്കുവേണ്ടിയുള്ള പ്രാർത്ഥന 69

ST. THOMAS MONASTERY
Call No 4'58
Sl No 885
LIBRARY PAVARATTY

Printed at the
Mar Louis Memorial Press, Alwaye
and published by the
" S. H. League " at the St. Joseph's Ap. Seminary,
Alwaye.

പ്രസ്താവന.

എല്ലാവക്കും, വിശേഷ്യാ, ഗ്രന്ഥപ്പട്ടസ്ഥീകരണം കാണുവാൻ വരുന്നവക്കും, പ്രയോജകീഭവിക്കണമെന്നുകരുതിയാണു് ഈ പരിഭാഷയ്ക്കു് ഞാൻ ഒരുമ്പെട്ടതു്. പത്തുപന്ത്രണ്ടുകൊല്ലങ്ങൾക്കുമുമ്പു്, പട്ടം കൊടുക്കുന്നതു കാണുവാൻ ആലുവാ സെമ്മിനാരിയിൽവന്ന ഒരു സ്നേഹിതൻ, എല്ലാം കഴിഞ്ഞപ്പോൾ പറഞ്ഞു: "പലതും കണ്ടു ഒന്നും മനസ്സിലായില്ലാ". പലർക്കും ഇതേയനുഭവംതന്നെയുണ്ടായിട്ടുണ്ടായിരിക്കണം.

ഈ വിവർത്തനം പൂർത്തിയായിട്ടു് അനേകം കൊല്ലങ്ങളായി. യാതൊരു സ്വാതന്ത്ര്യവും അനുവദനീയമല്ലാതിരുന്നതുകൊണ്ടു് വളരെ സൂക്ഷിച്ചുതന്നെയാണു് ഓരോ അടിയും മുമ്പോട്ടു വച്ചതു്. ഇനിയും പല പിഴകളും കണ്ടേക്കാം. സഹൃദയരായ സഹോദരരുടെ അനുഭാവവും അനുഗ്രഹവും, അവയെ പരിഹരിച്ചുകൊള്ളും.

സെമ്മിനാരിയിൽ ഞങ്ങളുടെ സുറിയാനി പ്രൊഫസറും, എന്റെ ആത്മീയപിതാവുമായിരുന്ന റവ. ഫാ. ജോർജ്ജ് പുത്തന്പുര അവർകൾ എന്റെ അഭ്യർത്ഥനയനുസരിച്ചു് എഴുതിയിട്ടുള്ള അവതാരികയ്ക്കു് ഞാൻ അതീവകൃതജ്ഞനായിരിക്കുന്നു. ആവശ്യം അറിഞ്ഞിരിക്കേണ്ട ചില സംഗതികൾ തങ്ങളുടെ മുമ്പിൽ അവതരിപ്പിച്ചിരിക്കുന്നതുകൊണ്ടു് വായനക്കാർ അദ്ദേഹത്തെ ശ്ലാഘിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു.

എന്റെ സാഹിത്യപരിശ്രമങ്ങളെ ഉള്ളുഴിഞ്ഞു സഹായിച്ചു് പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്ന വെ. റവ. ഫാ. സഖറിയാസ് ഒ. സി. ഡി. അവർകൾ, പ്രസിദ്ധീകരണത്തിനുവേണ്ടി മാത്രം ഈ പതിപ്പിന്റെ ഭാരം ഏറെറടുത്തിരിക്കുകയാണു്. അദ്ദേഹത്തോടുള്ള എന്റെ കടപ്പാടു് ഏതാനും നന്ദി

വാക്കുകൾക്കുള്ളിൽ ഒതുക്കിനിർത്താമെന്നു് എനിക്കു പ്രതീക്ഷയില്ല.

വൈഷമ്യമേറിയ ഈ വിവർത്തനത്തിന്റെ പ്രസിദ്ധീകരണത്തിൽ എന്നെ ഹൃദയപൂർവ്വം സഹായിച്ച മറ്റൊരു ബഹുമാന്യദേഹമാണു് റവ. ഫാ. ജോൺ കുന്നപ്പിള്ളി അവർകൾ. അനാരോഗ്യത്തേയും ജോലിത്തിരക്കിനേയും അവഗണിച്ചുകൊണ്ടു് അദ്ദേഹം പ്രകടിപ്പിച്ച സന്മനസിനും സഹകരണത്തിനും ഞാൻ എന്നും കൃതജ്ഞനായിരിക്കും.

ഈ പുസ്തകത്തിന്റെ പുറംചട്ടയ്ക്കു പറ്റിയപടം തിരുവസ്ത്രങ്ങളിൽ ഏറ്റവും ഭംഗിയായി ചിത്രീകരിച്ചുതന്ന എന്റെ മനസ്നേഹിതൻ ശ്രീമാൻ കെ. വേലായുധൻ പിള്ള അവർകളോടു് എനിയ്ക്കുള്ള കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളുന്നു. ചിത്രമെഴുത്തിൽ, വിശിഷ്യാ ക്രൈസ്തവചിത്രങ്ങൾ തയ്യാറാക്കുന്നതിൽ അദ്ദേഹത്തിന്റെ വാസനാവൈഭവം സർവ്വഥാ അഭിനന്ദനാർഹമാണു്.

ഈ ചിത്രത്തിന്റെ ബ്ലോക്കു തയ്യാറാക്കിയതും കവർ അച്ചടിച്ചതും ദീപിക പ്രസ്സിലാണു്. തദധികൃതർക്കും എന്റെ ക്ലൂപ്പുകൈ.

ജൂബിലി വത്സരത്തിൽ വൈദികപട്ടം സ്വീകരിക്കുന്ന എന്റെ വത്സലസോദരൻ റവ. ജോൺ മണ്ണനാലിന്റെ നവപൂജാപ്പുണ്യദിനത്തിൽ ഈ വിനീതഗ്രന്ഥം പ്രസിദ്ധീകരിക്കുവാൻ ഇടയായതിൽ എനിക്കു് അതിയായ കൃതാർത്ഥതയുണ്ടു്.

പരിഭാഷകൻ.

ബെല്ലർമിൻ ഹോസ്റ്റൽ
സെൻറ് ജോസഫ്സ് കോളേജ്,
തൃശിനാപ്പള്ളി.
15—11—1952

അവതാരിക

ലോകരക്ഷകനായ ക്രിസ്തുനാഥൻ സർവ്വോൽകൃഷ്ടനായ ആചാര്യനും ഉപദേഷ്ടാവും രാജാവുമാണു്. കാൽവരിയിലേ പരമ ബലിയിലൂടെ തന്റെ ആചാര്യത്വത്തെ അവിടുന്നു അനശ്വരമാക്കി. ആ ദിവ്യബലി ലോകത്തിൽ ആചന്ദ്രതാരം ആവർത്തിക്കപ്പെടണമെന്നാണു് അവിടുത്തെ അഭിലാഷം.

ദൈവിക രഹസ്യങ്ങളുടെ ആവിഷ്കരണവും ധാർമ്മിക പ്രബോധനങ്ങളും പഴയ നിയമത്തിന്റെ പൂർത്തീകരണവും വഴി ലോകരക്ഷകൻ മനുഷ്യകുലത്തിന്റെ മഹോപദേഷ്ടാവെന്ന മഹനീയ സ്ഥാനം സാർത്ഥകമാക്കി. ഈ തത്വസംഹിതയും ഒരു തലമുറയ്ക്കോ ഒരു പ്രത്യേക കാലഘട്ടത്തിനോ മാത്രമുള്ളതായിരുന്നില്ല.

സാർവ്വത്രികവും അനുപേക്ഷണീയങ്ങളായ സനാതന തത്വങ്ങളെ വിശ്വത്തിനു നല്കുകയാണുണ്ടു് "ആകാശത്തിലും ഭൂമിയിലുമുള്ള സകല അധികാരങ്ങളുടേയും" ഉറവിടമായി തന്നെത്തന്നെ ലോകത്തിനു വെളിപ്പെടുത്തിയപ്പോൾ ക്രിസ്തുവിന്റെ അവിതർക്കിതമായ രാജത്വവും അസന്ദിഗ്ധമാംവിധം പ്രഖ്യാപിക്കപ്പെട്ടു. നാരകീയശക്തികളോടു് നിരന്തരം സമരം നടത്തേണ്ട "ദൈവരാജ്യം" എല്ലാക്കാലത്തും എല്ലാ ജാതികളോടും പ്രസംഗിക്കപ്പെടുമെന്നും അതിന്റെ അദൃശ്യനേതാവായി ലോകാവസാനംവരെ താൻ അതിൽ ഉണ്ടായിരിക്കുമെന്നും അവിടുന്നു ലോകത്തിനു വെളിപ്പെടുത്തി.

ദിവ്യരക്ഷകൻ തന്റെ ഭൗമിക ജീവിതം അവസാനിപ്പിച്ചു് സ്വർഗ്ഗത്തിലേയ്ക്കു് ആരോഹണം ചെയ്യുന്നതിനുമുമ്പു് തന്റെ ആചാര്യത്വവും പ്രബോധനാധികാരവും ലോകത്തിൽ അവസാനംവരെ നിലനിർത്തുന്നതിനു് തിരുച്ചിത്തമായി. അവിടുന്നു് തന്റെ ശിഷ്യന്മാരെ പൗരോഹിത്യ പദവിയിലേക്കുയർത്തി; ആ മഹനീയ പദവിയിൽ തങ്ങളുടെ അനുയായികളേയും അവരോധിക്കുന്നതിനുള്ള അധികാരം അവിടുന്നു് അവർക്കു പ്രദാനംചെയ്തു. ഇങ്ങനെ ക്രിസ്തുവിന്റെ ആചാര്യത്വ

വും, പവിത്രീകരിക്കുക, പഠിപ്പിക്കുക എന്ന തന്റെ ദിവ്യ ദൗത്യവും പല സന്ദർഭങ്ങളിലായി ക്രിസ്തു അപ്പസ്തോലന്മാർക്കും അവരുടെ ന്യായമായ അനന്തരയായികൾക്കും നല്കി.

ഒടുവിലത്തെ അത്താഴത്തിന്റെ സമയത്താണല്ലോ അപ്പസ്തോലന്മാർ ആചാര്യപദവിയിലേക്കുയർത്തപ്പെട്ടതു്. സുവിശേഷകന്മാർ സുദീർഘമായി വിവരിച്ചിട്ടുള്ള ആ രംഗം വായനക്കാർക്കു് സുപരിചിതമാകയാൽ അതു് ഇവിടെ വിവരിക്കുന്നില്ല. അപ്പത്തേയും വീഞ്ഞിനേയും സ്വശരീരരക്തങ്ങളാക്കി പകർത്തിയതിനുശേഷം സുവ്യക്തവും സുനിശ്ചിതവുമായ വാക്കുകളിൽ അവിടുന്നു് ശിഷ്യന്മാരോടു കല്പിച്ചു:—

"ഇതു് എന്റെ ഓർമ്മയ്ക്കായി
നിങ്ങൾ ചെയ്യുവിൻ."

ഈ വാക്കുകൾ ഉച്ചരിച്ചുകൊണ്ടാണു് ക്രിസ്തുനാഥൻ തന്റെ ശിഷ്യന്മാർക്കു് ബലിയർപ്പിക്കുന്നതിനുള്ള അധികാരം നല്കിയതു്. അവർ അങ്ങനെ പുരോഹിതന്മാരായിത്തീർന്നു.

പുരോഹിതത്വത്തിന്റെ നിസ്തുലമായ അധികാരവിശേഷങ്ങൾ മറ്റുള്ളവരിലേക്കു് പകരുന്നതിനു് പ്രത്യേക സമയമോ സ്ഥലമോ ദിവസമോ ക്രിസ്തുനാഥൻ നിർദ്ദേശിച്ചിട്ടില്ലെങ്കിലും കത്തോലിക്കാസഭ, ദിവ്യബലിയുടെ സമയത്തുമാത്രമേ പുരോഹിതാഭിഷേകം നടത്തുന്നുള്ളൂ*. പ്രേഷകരേ വികാരതരളിതരാക്കുന്ന ഒരു ശുശ്രൂഷാക്രമമാണതു്. സാരഗർഭങ്ങളും ചൈതന്യനിർഭരങ്ങളുമായ അനേകം ദിവ്യകർമ്മങ്ങൾ അതിലടങ്ങിയിട്ടുണ്ടു്. എന്നാൽ അവയിൽ ഉപയോഗിക്കപ്പെടുന്ന ഭാഷ സാധാരണ ജനങ്ങൾക്കു് അജ്ഞാതമാകയാൽ അവയുടെ അർത്ഥവും വിവക്ഷയും മനസ്സിലാക്കുവാൻ അവർക്കു സാധി

---

*ആസ്ഥാപ്പോട്ടപട്ടം (Tonsure) ഏതു സ്ഥലത്തും ഏതുസമയത്തും ഏതു ദിവസവും നല്കാവുന്നതാണു്; താഴ്ന്ന പട്ടങ്ങൾ (Minor Orders) ഞായറാഴ്ചകളിലും തിരുനാളുകളിലും മദ്ധ്യാഹ്നത്തിനു മുമ്പുമാത്രം; ഉയർന്ന പട്ടങ്ങൾ (Major Orders) കുർബ്ബാനസമയത്തുമാത്രവും നല്കപ്പെടുന്നു.

ക്കുന്നില്ല. ഗ്രന്ഥപ്പട്ടാഭിഷേക കമ്മങ്ങളിൽ സംബന്ധിക്കുന്നതിനു് അവസരം ലഭിച്ചിട്ടുള്ളപ്പോഴെല്ലാം ഞാൻ ആ ഗ്രഹിച്ചിട്ടുള്ളതാണു് ഇതിനു് ഒരു പരിഹാരം ഉണ്ടായാൽ കൊള്ളാമെന്നു്. ഈ അഭിലാഷം സാധിതമാക്കുവാൻ റവ. ഫാ. ജോസഫ് തേക്കനാടി അവർകളുടെ തഴക്കവും പഴക്കവുമുള്ള തൂലികതന്നെ മുമ്പോട്ടുവന്നതിൽ തീർച്ചയായിട്ടും ചാരിതാർത്ഥ്യത്തിനു് അവകാശമുണ്ടു്. കേരളീയർക്കു് ഇതിനകം സുപരിചിതനും എന്റെ ഒരു ശിഷ്യനും ആയ അദ്ദേഹത്തിന്റെ ഈ കൃതിക്കു് ഒരവതാരിക എഴുതുന്നതിൽ എനിക്കു് അതീവ സന്തോഷമുണ്ടു്. അവതാരിക അല്പം ദീർഘമായാലും ഗ്രന്ഥപ്പട്ടാഭിഷേകത്തിലേ കമ്മങ്ങളെല്ലാം അതിൽ സംബന്ധിക്കുന്നവർക്കു് മനസ്സിലാകത്തക്കവിധം അത്യാവശ്യപ്പെട്ട വിവരങ്ങളോടുകൂടി രേഖപ്പെടുത്തണമെന്നാണു് അദ്ദേഹത്തിന്റെ താല്പര്യം. എന്നാൽ വിസ്തരഭയത്താൽ അവയിൽ ചിലതിനേപ്പറ്റിമാത്രം മുഖക്കുമായി പ്രസ്താവിക്കാനേ ഉദ്ദേശിക്കുന്നുള്ളൂ.

I പത്രമേനി.

പിതൃസ്വത്തു് എന്നാണു് പത്രമേനി—'പാട്രിമണി'—യുടെ അർത്ഥം. പിതാവിൽനിന്നും ലഭിച്ചിട്ടുള്ള അവകാശമാണു് പത്രമേനി. വൈദികന്മാർ ലോകത്തിൽനിന്നും വേർതിരിക്കപ്പെട്ടവരാണെങ്കിലും ലോകത്തിൽത്തന്നെയാണല്ലോ അവർ ജീവിക്കേണ്ടതും പ്രവർത്തിക്കേണ്ടതും. തന്നിമിത്തം ആ ചാര്യപദവിക്കനുയോജ്യമായ വിധത്തിൽ പരാശ്രയംകൂടാതെ ജീവിക്കുന്നതിനുള്ള സ്വത്തു് ഓരോരുത്തർക്കും സ്വന്തമായുണ്ടായിരിക്കണമെന്നും കാനോൻ നിയമം അനുശാസിക്കുന്നു. മറ്റു് വരുമാനങ്ങൾ ഒന്നും ഇല്ലാത്തപ്പോഴും മാന്യമായി ജീവിച്ചുകൊണ്ടു് അവർ വിശ്വാസികൾക്കു് വേണ്ട സേവനം അനുഷ്ഠിക്കണമെന്നും സഭാമാതാവു് അഭിലഷിക്കുന്നു.

ഇടവക ജോലിയിൽ ഏർപ്പെടുവാനുള്ളവർക്കു് അതാതു ക്രമപതയിലേ മെത്രാൻ നിശ്ചയിക്കുന്നവിധത്തിലുള്ള പത്രമേനി മുൻകൂട്ടി ക്രമപ്പെടുത്തിയിരിക്കണം. മിഷൻ ക്രമപതകളിൽ

മേരുന്നവക്കു് അതായതു ശ്രുപതകളിലേക്കുള്ള സ്വീകരണം മാത്രം മതി, ശ്രുപത അവരുടെ സംരക്ഷണഭാരം കയ്യേല്ക്കുന്നു. സന്യാസികൾക്കു് ഭാരിദ്ര്യവ്രതമുള്ളതുകൊണ്ടു് സ്വന്തം പേരിൽ പത്രമേനി പാടില്ല. ഏതെങ്കിലും വിധത്തിലുള്ള പത്രമേനി കൂടാതെ അഞ്ചുപട്ടം നല്കപ്പെടാവുന്നതല്ല. ഏതുതരത്തിലുള്ള പത്രമേനിയാണു് അഞ്ചാം പട്ടക്കാരനുള്ളതെന്നു് ആച്ചു ഡീക്കൻ പരസ്യമായി പ്രഖ്യാപിക്കും.

II മെത്രാന്റെ കല്പന.

മെത്രാന്റെ കല്പന പരസ്യമായി വായിച്ചുകൊണ്ടാണു് ഗുരുപ്പട്ടാഭിഷേകകർമ്മം ആരംഭിക്കുന്നതു്. പട്ടം സ്വീകരിക്കുന്നതിനു് തയാറായി വന്നിട്ടുള്ളവരോടുള്ള ഗൗരവാവഹമായ ഒരു ശാസനയും അധികാരസംയുക്തമായ ഒരുദ്ബോധനവുമാണു് അതിന്റെ ഉള്ളടക്കം. കത്തോലിക്കാതിരുസ്സഭയുടെ നിയമം അനുസരിച്ചു് വൈദികപദസ്ഥാനത്തിനു് തങ്ങൾ അനർഹരാണെന്നും അയോഗ്യരാണെന്നും ബോധമുള്ളവർ യാതൊരു കാരണവശാലും പട്ടം സ്വീകരിക്കാൻ പാടില്ലാത്തതാണു്; അഥവാ ഭയമോ ദുരുദ്ദേശ്യമോ മറ്റുള്ളവരുടെ നിർബന്ധമോ നിമിത്തം സഭയുടെ സ്പഷ്ടമായ ആദർശത്തിനു വിരുദ്ധമായി ആരെല്ലാം പ്രവർത്തിക്കുന്നുവോ അവരെല്ലാം അക്കാരണത്താൽത്തന്നേ മഹാരോൻ ശിക്ഷയിൽ ഉൾപ്പെട്ടുന്നതാണു്. പട്ടത്തിനു പഠിക്കുന്നവരെപ്പറ്റിവേണ്ട അന്വേഷണങ്ങളെല്ലാം നേരത്തേ പൂർത്തിയാക്കിയിരിക്കും. തന്നിമിത്തം കാനോനിക പ്രതിബന്ധമുള്ളവർ പട്ടം സ്വീകരിക്കുവാൻ സമീപിക്കുക അത്ര എളുപ്പമല്ല. എങ്കിലും സഭയേയും അവരേയും ഒന്നുപോലെ ബാധിക്കുന്ന അതിപ്രധാനമായ ഇക്കാര്യത്തിൽ എല്ലാവർക്കും ഉണ്ടായിരിക്കേണ്ട ശ്രദ്ധയും സൂക്ഷ്മവും വിവേകവും എത്ര ഗുരുതരമാണെന്നു് ഈ കല്പനയിൽനിന്നും ആർക്കും മനസ്സിലാക്കുവാൻ സാധിക്കുന്നതാണു്.

തുടർന്നു വരുന്ന ശ്രുശ്രൂഷക്രമത്തിന്റെ പല ഭാഗങ്ങളിലും സഭയുടെ മാതൃസഹജമായ ഈ ഉൽക്കണ്ഠ വ്യക്തമായി തെ

ളിഞ്ഞു കാണാം. പൗരോഹിത്യ സോപാനത്തിന്റെ ഏതെങ്കിലും ഒരു പദവിയിലേക്കു കയറുവാൻ പോകുന്നവരാണു് അവരിൽ ഓരോരുത്തരും. ഇതിനു മുമ്പു് ധ്യാനത്തിനും പരിചിന്തനത്തിനും അവർക്കു ധാരാളം സമയമുണ്ടായിരുന്നു. തങ്ങൾ ഏറ്റെടുക്കുവാൻ പോകുന്ന ഉത്തരവാദിത്വത്തെപ്പറ്റി അവർ വേണ്ടവണ്ണം പഠിച്ചാലോചിക്കയും ചെയ്തിട്ടുണ്ടു്. എങ്കിലും ഒന്നുകൂടി ചിന്തിക്കുവാൻ സഭാമാതാവു് അവസരം നല്കുന്നു. ആരേയും അവർ നിർബന്ധിക്കുന്നില്ല; ആർക്കും അവരെ നിർബന്ധിക്കുവാൻ അവകാശവുമില്ല; അവർ തികച്ചും സ്വതന്ത്രരാണു്. എന്നാൽ ഓരോപടി മുമ്പോട്ടു കയറുംതോറും ആ സ്വാതന്ത്ര്യം കുറഞ്ഞുകൊണ്ടിരിക്കും. അതുകൊണ്ടാണു് വീണ്ടും വീണ്ടും ആലോചിക്കുവാൻ അവർക്കു സമയം കൊടുക്കുന്നതു്.

III സാഷ്ടാംഗപ്രണാമം.

അഞ്ചാംപട്ടവും ആറാംപട്ടവും ഗുരുപ്പട്ടവും സ്വീകരിക്കേണ്ടവർ മാത്രമേ അവസ്സുള്ള തിരുക്കർമ്മങ്ങളുടെ ആരംഭത്തിൽ സാഷ്ടാംഗപ്രണാമം ചെയ്യേണ്ടതായിട്ടുള്ളൂ. മറ്റുള്ളവരെല്ലാം ആ സമയത്തു് അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു. സ്വീകരിക്കാൻ പോകുന്ന ഉന്നത സ്ഥാനത്തിനു് തങ്ങൾ തികച്ചും അനർഹരാണെന്നും ദൈവസഹായം മാത്രമാണു് തങ്ങളുടെസ്വീകാര്യമെന്നും അത്യുന്നതന്റെ തിരുമുമ്പിൽ സവിനയം സാഷ്ടാംഗപ്രണാമം ചെയ്തുകൊണ്ടു് അവർ ഏറ്റു പറയുന്നു. ദൈവാനുഗ്രഹത്തിനുവേണ്ടി എളിമയോടേ അവർ പ്രാർത്ഥിക്കുന്ന ഈ സമയത്തു് ഗായകസംഘം സകല വിശുദ്ധരുടെ ലുത്തനിയാ മുഴുവനും ആലപിക്കുകയും വിശുദ്ധരിൽ മഹത്വീകരിക്കപ്പെട്ടിരിക്കുന്ന വിജയസഭയുടെ മാധ്യസ്ഥ്യം യാചിക്കയും ചെയ്യുന്നു. അപ്പോൾ അവിടെ സന്നിഹിതരായിരിക്കുന്ന ജനങ്ങൾ എല്ലാവരും ഈ പ്രാർത്ഥനയിൽ ഭാഗഭാക്കുകളായിപട്ടം സ്വീകരിക്കുവാൻ പോകുന്നവർക്കുവേണ്ടി ദൈവത്തോടു് തീക്ഷ്ണതാപൂർവം പ്രാർത്ഥിക്കേണ്ടതാണു്.

IV കമ്മസാധനവും കമ്മരൂപവും

ഓരോ കൂദാശയ്ക്കും കമ്മസാധനവും കമ്മരൂപവും ഉണ്ടെന്നു് വേദപാഠത്തിൽനിന്നു തന്നെ നാം ഗ്രഹിച്ചിട്ടുള്ളതാണല്ലോ. കൂദാശയ്ക്കു് അത്യാവശ്യമായിരിക്കുന്ന വസ്തു കമ്മസാധനമാണെന്നും, കാമ്മികൻ ഉപയോഗിക്കുന്ന വാക്കുകൾ കമ്മരൂപമാണെന്നും നമുക്കറിയാം. ജ്ഞാനസ്നാനത്തിൽ ശുദ്ധജലം കമ്മസാധനവും "പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ നിന്നെ ഞാൻ സ്നാനപ്പെടുത്തുന്നു" എന്ന വാക്കുകൾ കമ്മരൂപവും ആകുന്നു. ഇങ്ങനെ എല്ലാ കൂദാശകൾക്കുമുണ്ടു്.

എന്നാൽ, പൂരോഹിത പദത്തിനിടയ്ക്കുള്ള ഓരോ പട്ടത്തിനും സുനിശ്ചിതമായ കമ്മസാധനവും കമ്മരൂപവും ഉണ്ടെന്നുള്ളതാണു് തിരുപ്പട്ടമെന്ന കൂദാശയുടെ ഒരു പ്രത്യേകത. ആസ്ഥപ്പാട്ടുപട്ടം മുതൽ കുർബാനപ്പട്ടം വരെയുള്ള പദവികൾ എല്ലാം പൗരോഹിത്യം എന്ന പദവിയിൽ അന്തർഭവിച്ചിട്ടുണ്ടു്. എങ്കിലും ഓരോ പട്ടവും പ്രത്യേകമായ അധികാരവും മുമതലകളും ഉൾക്കൊള്ളുന്നതിനാൽ അവയുടെ സംഭാനത്തെ ചൂണ്ടിക്കാണിക്കുന്നതിനായി ഓരോന്നിനും കമ്മസാധനവും കമ്മരൂപവും നിശ്ചയിക്കപ്പെട്ടിരിക്കുന്നു. കമ്മരൂപം ഉച്ചരിച്ചുകൊണ്ടു് കമ്മസാധനത്തെ അഭ്ഥികൾക്കു് മെത്രാൻ നല്കുന്നു. കമ്മരൂപം തിരിച്ചറിയുവാൻ (ആറാം പട്ടത്തിനും കുർബാനപ്പട്ടത്തിനും) പ്രത്യേക ലിപികൾ ഈ ഗ്രന്ഥത്തിനു് ഉപയോഗിച്ചിരിക്കുന്നതു് വായനക്കാർക്കു് ഉപകാരപ്രദമെന്നെ.

V അഭിഷേകം

പഴയനിയമത്തിൽ ദിവ്യശുശ്രൂഷകൾക്കു് വിശുദ്ധതൈലം പലസന്ദർഭങ്ങളിലുമുപയോഗിച്ചിരുന്നതായി നാം കാണുന്നുണ്ടു്. പ്രധാനാചാര്യനും ഇതര പുരോഹിതന്മാരും പ്രവാചകന്മാരും രാജാക്കന്മാരും ദിവ്യപേടകവും മറ്റു വിശുദ്ധവസ്തുക്കളും അഭിഷേകം ചെയ്യപ്പെട്ടിരിക്കണമെന്നായിരുന്നു നിയമം. ക്രീസ്തു—മ്ശിഹാ—എന്ന പദത്തിനർത്ഥമെന്നെ അഭിഷിക്തൻ എന്നാ

ണല്ലോ അത്ഥം. "മറ്റൊരു ക്രിസ്തു"വായി രൂപാന്തരപ്പെട്ടവൻ പോകുന്ന വൈദിക സ്ഥാനത്ഥികളും വിശുദ്ധതൈലത്താൽത്തന്നേ അഭിഷിക്തരാകുക തികച്ചും സമുചിതം തന്നേ. അഭിഷേകം ചെയ്യപ്പെടുന്നവൻ ദൈവസേവനത്തിനായി പ്രതിഷ്ഠിക്കപ്പെട്ടവനാണെന്നും പരിശുദ്ധാത്മാവിന്റെ ദിവ്യദാനങ്ങൾ അവനിലേക്കു സമൃദ്ധമായി വഷ്ിക്കപ്പെട്ടിരിക്കുന്നുവെന്നുമാണ് ഇതു സൂചിപ്പിക്കുന്നതു്.

VI നവവൈദികന്മാർ മെത്രാനോടൊന്നിച്ചു നടത്തുന്ന ബലിസമർപ്പണം

പൂജാർപ്പണത്തിനുള്ള അധികാരം പ്രാപിച്ച നവവൈദികരെല്ലാവരുംകൂടി കാർമ്മികനായ മെത്രാനോടുചേർന്നുകൊണ്ടാണു കുർബാന തുടങ്ങുന്നതു്. ഇതാണു് വാസ്തവത്തിൽ അവരുടെ "പുത്തൻ കുർബാന". ബലി ഒന്നുമാത്രമേ ഉള്ളൂ. സമർപ്പിക്കുന്നവരാകട്ടെ, പലർ. അപ്പവും വീഞ്ഞും മെത്രാന്റെ മുമ്പിൽ മാത്രം; കൂദാശ ചെയ്യുന്നതു് എല്ലാവരും കൂടിയും. ഇങ്ങനെയാണെങ്കിലും ഓരോരുത്തരും ഓരോ പൂർണ്ണബലിയാണു സമർപ്പിക്കുന്നതെന്നും ഓരോരുത്തർക്കും സ്വന്തം നിയോഗം ഉണ്ടായിരിക്കാമെന്നും നാം അറിഞ്ഞിരിക്കേണ്ടതാണു്. ഇത്തരത്തിലുള്ള ബലിസമർപ്പണത്തിനു് "സഹസമർപ്പണം" — Concelebration — എന്നത്രേ ദൈവശാസ്ത്രജ്ഞന്മാർ നല്കിയിരിക്കുന്ന പേരു്. ഒരുപക്ഷേ, ഈ സമർപ്പണരീതി, പ്രത്യേകതരവും വിസ്മയാവഹവുമായി നമുക്കു തോന്നിയേക്കാം. എന്നാൽ, മുൻകാലങ്ങളിൽ പല ആഘോഷാവസരങ്ങളിലും ഈ രീതിയാണു ലത്തീൻസുറിയാനി ക്രമങ്ങളിൽ അവലംബിക്കപ്പെട്ടവന്നതു്. ഇക്കാലത്തു് അതു് ലുപ്തപ്രചാരമായിത്തീർന്നിരിക്കുകയാണു്. ലത്തീൻ വിഭാഗത്തിൽ ഗ്രൂപ്പുശുശ്രൂഷാക്രമത്തിനും മെത്രാഭിഷേകകർമ്മത്തിനും മാത്രമേ ഇതു അനുവദിക്കപ്പെട്ടിട്ടുള്ളൂ. ചില പൗരസ്ത്യരീത്തുകളിൽ ഇപ്പോഴും ഈ സമർപ്പണരീതി നിയമാനുസൃതമാണു്. സത്യമായ ബലിയും യഥാർത്ഥമായ പൗരോഹിത്യവും ഒന്നു മാത്രമേ ഉള്ളൂ എന്നും പ്രധാന പുരോഹിതനായ ക്രിസ്തു

വിന്റെ ആത്മാർത്ഥതയിൽ നാം ഭാഗഭാക്കുകളാകുകയാണു ചെയ്യുന്നതെന്നും ഉള്ള മഹനീയതത്വം ഇത്തരത്തിലുള്ള കർമ്മാനുഷ്ഠാനത്തിൽ സൂചിതമായിരിക്കുന്നു.

VII വിശ്വാസപ്രഖ്യാപനം

ദിവ്യബലിയുടെ അവസാന ഭാഗത്തോടടുക്കുമ്പോൾ നവവൈദികന്മാരെല്ലാവരും ഒരുമിച്ചു് ശ്ലീഹന്മാരുടെ വിശ്വാസപ്രമാണം ചൊല്ലുന്നു. അസാധാരണങ്ങളായ ദൈവാനുഗ്രഹവിശേഷങ്ങളാൽ വിഭൂഷിതരായി സുവിശേഷമാകുന്ന സ്വർഗ്ഗീയസന്ദേശവും സംവഹിച്ചുകൊണ്ടു് ലോകരംഗത്തേക്കിറങ്ങുവാൻ പോകുന്ന നവവൈദികന്മാർ കത്തോലിക്കാ സഭയുടെ വിശ്വാസസംഹിതയിൽ അചഞ്ചലമായി വിശ്വസിക്കുന്നുവെന്നു് ഏറ്റു പറയുന്നതിനുള്ള അവസരമാണിതു്.

VIII അനുസരണ വാഗ്ദാനം

കുർബാനയുടെ അവസാനത്തിൽ തങ്ങളുടെ രൂപതാധ്യക്ഷനു്—സന്യാസികളായിരുന്നാൽ തങ്ങളുടെ നിയമപ്രകാരമുള്ള അധികാരികൾക്കു് — വിധേയരായിരുന്നുകൊള്ളാമെന്നു് നവവൈദികരെല്ലാവരും വാഗ്ദാനം ചെയ്യുന്നു. സന്യാസസഭകളിൽ നടപ്പുള്ള വ്രതാനുഷ്ഠാനത്തിനു തുല്യമാണിതെന്നു പറയുവാൻ പാടില്ല. എങ്കിലും സഭയുടെ ഔദ്യോഗികകാര്യങ്ങളിൽ വൈദിക മേലധ്യക്ഷന്റെ ആജ്ഞയ്ക്കു് അധീനരായിരുന്നുകൊള്ളാമെന്നു് അവർ പറഞ്ഞൊക്കുന്നു. അനുസരണവും അച്ചടക്കബോധവുമാണു് ഒരു സൈന്യത്തിന്റെ വിജയത്തിനടിസ്ഥാനം. കത്തോലിക്കാ സഭയെപ്പോലെ സദാ സമരം ചെയ്തുകൊണ്ടിരിക്കുന്ന ഒരു സംഘടന ഭൂമുഖത്തു വേറെയില്ല. അതുകൊണ്ടു് സഭ വിജയം കൈവരിക്കണമെങ്കിൽ അവളുടെ അംഗങ്ങളും നേതാക്കന്മാരും അനുസരണത്തിന്റെ സുവർണ്ണ തന്ത്രികളാൽ ബന്ധിതരായിരിക്കുക അവശ്യാവശ്യമത്രെ. അണിനിരന്നു നില്ക്കുന്ന സൈന്യവ്യൂഹത്തെപ്പോലെ പൈശാചിക ശക്തികളെ വെല്ലുവിളിച്ചുകൊണ്ടു് വർത്തിക്കു

ന്ന ക്രൈസ്തവസഭയെ പ്രബലയും അജയ്യയും ആക്കുന്നതു് ഒരേക നേതാവിന്റെ കീഴിൽ നമ്രശിരസ്സരായിനില്ക്കുന്ന അവളുടെ സന്താനങ്ങളുടെ അനുസരണവും തജ്ജന്യമായ ഐകൃവുമല്ലാതെ മറെറന്താണു്? മാത്രമല്ല, മരണത്തോളം—'കുരിശുമരണത്തോളം'— അനുസരണമുള്ളവനായിരുന്ന ദൈവപുത്രന്റെ യഥാർത്ഥ പ്രതിനിധികളായിത്തീരുന്ന നവവൈദികന്മാർ അവിടുത്തെ മാതൃകായോഗ്യമായ അനുസരണത്തെ അനുകരിക്കുവാൻ ദൃഢപ്രതിജ്ഞരാകുക യുക്തിയുക്തംതന്നെ.

IX. ലത്തീൻ സുറിയാനി റീത്തുകൾ

ലത്തീൻ റീത്തിലും സുറിയാനി (കൽദായ) റീത്തിലും ആരാധനാഭാഷ വ്യത്യസ്തമാണെങ്കിലും സുറിയാനിക്കാരും ലത്തീൻ റീത്തിലേ ഗ്രന്ഥപ്പട്ടാഭിഷേകക്രമംതന്നെയാണു് ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്നതു്. ഈ സ്ഥിതി മാറി, സുറിയാനിക്കാർക്കു് സുറിയാനി റീത്തിൽത്തന്നേ പട്ടം നൽകപ്പെടുന്ന സുദിനം അചിരേണ ഉദയം ചെയ്യുമെന്നു് പ്രത്യാശിക്കാം. അതിനുള്ള അനുവാദം തിരുസിംഹാസനത്തിൽനിന്നുണ്ടാകുന്നതുവരെ ഇന്നത്തെ രീതിതന്നേ തുടർന്നുകൊണ്ടിരിക്കും. മേല്പറഞ്ഞ വ്യത്യാസം ഉണ്ടാകുന്നതുവരെ ഗ്രന്ഥപ്പട്ടാഭിഷേകകർമ്മങ്ങളിൽ സംബന്ധിക്കുന്ന സുറിയാനിക്കാർക്കും ലത്തീൻകാർക്കും ഈ പരിഭാഷതന്നേ മതിയാകുന്നതാണു്.

അന്ത്യോക്യാ റീത്തനുസരിച്ചുള്ള ശുശ്രൂഷക്രമം ഭിന്നമാകയാൽ അതെപ്പററി ഇവിടെ ഒന്നും പറയേണ്ടതില്ല. ഗ്രന്ഥപ്പട്ടാഭിഷേകകർമ്മത്തിൽ സംബന്ധിക്കുന്നവർ ഇതുയും കാര്യങ്ങൾ നേരത്തേ അറിഞ്ഞിരിക്കുന്നതു് തിരുക്കർമ്മങ്ങൾ എളുപ്പം ഗ്രഹിക്കുന്നതിനു് സഹായമാകുമെന്നു് കരുതിയാണു് പരിഭാഷകന്റെ ആഗ്രഹമനുസരിച്ചു് ഈ അവതാരിക ഇത്രയും ദീർഘിപ്പിച്ചതു്.

വിവർത്തകന്റെ രചനാരീതിയെപ്പററി ഞാൻ പ്രത്യേകം ഒന്നും പറയേണ്ടതില്ല. സ്വതന്ത്രമായും തജ്ജന്യമായും എട്ടുപത്തു ഗ്രന്ഥങ്ങൾ അദ്ദേഹം കൈരളിക്കു നല്കിയിട്ടുണ്ടു്. അദ്ദേ

ഫത്തിന്റെ രചനാപാടവം ഈ കൃതിയിലും തെളിഞ്ഞുകാണുന്നുണ്ടെന്നു് അനുവാചകരും സമ്മതിക്കുമെന്നാണെന്റെ ദൃഢമായ വിശ്വാസം. "തുലികയെ തുലികകൊണ്ടു് എതിരിടുക" എന്ന പതിമൂന്നാംലെയോൻ മാപ്പാപ്പാതിരുമനസ്സിലെ ഉദ്ബോധനം അക്ഷരാർത്ഥത്തിൽ പ്രായോഗികമാക്കിക്കൊണ്ടിരിക്കുന്ന റവ. ഫാ. ജോസഫ് തേക്കനാടി അവർകളെ ഞാൻ ഹൃദയപൂർവ്വം അഭിനന്ദിക്കുകയും "ഗുരുപ്പട്ടാഭിഷേക"മെന്ന അദ്ദേഹത്തിന്റെ ഈ ഗ്രന്ഥത്തിനു് പ്രചുരപ്രചാരം ആശംസിക്കുകയും ചെയ്തുകൊണ്ടു് ഇതിനെ സഹൃദയരായ കേരളീയരുടെ മുമ്പിൽ അവതരിപ്പിച്ചുകൊള്ളുന്നു.

ഫാ. ജി. എം. പുത്തൻപുര,
സുറിയാനി മല്പാൻ.

മംഗലപ്പുഴ സെമ്മിനാരി,
ആലുവാ, 16—11—'52.

ഗുരുപട്ടാഭിഷേകം

മെത്രാൻ സ്ഥാനചിഹ്നങ്ങളണിഞ്ഞു പിമ്പിലും, പട്ടം സ്വീകരിക്കുവാനുള്ളവർ സ്ഥാനമുറയനുസരിച്ചു രണ്ടു വരിയായി അദ്ദേഹത്തിന്റെ മുമ്പിൽ ഇരുവശങ്ങളിലും നിന്നു സാവധാനം പള്ളിയിലേയ്ക്കു പോകുന്നു. എല്ലാവരുടേയും കരങ്ങളിൽ ഓരോ കത്തിച്ച മെഴുകുതിരി പിടിച്ചിരിക്കുന്നു. ആസ്ഥാപ്പാടുപട്ടം സ്വീകരിക്കാനുള്ളവർ ഇടത്തേക്കരത്തിൽ ഒരു സ്മർപ്ലേത്തു് (Surplice) മടക്കിയിട്ടിരിക്കുന്നു. ഒന്നും രണ്ടും മൂന്നും നാലും പട്ടങ്ങൾ സ്വീകരിക്കാനുള്ളവർ സ്മർപ്ലേത്തു് ധരിച്ചാണു് ഈ പ്രക്ഷിണത്തിൽ സംബന്ധിക്കുന്നതു്. അഞ്ചാം പട്ടം സ്വീകരിക്കാനുള്ളവർ ശിരോവസ്ത്രം (amice), ആൽബാ (alba), അരക്കെട്ടു് (cingulum) ഇവ ധരിച്ചിരിക്കുകയും കയ്യാറാല (maniple)യോടുകൂടി മടക്കിവച്ചിരിക്കുന്ന ഒരു ഒൽമത്തി ഇടത്തേക്കരത്തിൽ ഇട്ടിരിക്കുകയും ചെയ്യുന്നു. ആറാം പട്ടം സ്വീകരിക്കാനുള്ളവർക്കു് ഒൽമത്തിയോടുകൂടി ഒരു നെടിയ ഉത്തറാലയും (Stole) ഉണ്ടായിരിക്കുന്നതാണു്; കയ്യാറാല അവർ ഇടത്തേക്കരത്തിൽ ധരിച്ചിരിക്കും. ഉപപട്ടത്തിനുള്ളവർ ശിരോവസ്ത്രം, ആൽബാ, അരക്കെട്ടു്, കയ്യാറാല, നെടിയ ഉത്തറാല ഇവ ധരിച്ചിട്ടു കർബ്ബാനക്കുപ്പായം മടക്കി ഇടതുകരത്തിൽ വഹിച്ചിരിക്കണം. സൈത്തു പൂശിയതിനുശേഷം കരങ്ങൾ കെട്ടുന്നതിനുള്ള വെള്ളത്തുവാലയും കയ്യിലുണ്ടായിരിക്കണം.


ഇങ്ങനെ പ്രക്ഷിണം മന്ദം മന്ദം നിശ്ശബ്ദമായി പള്ളിയിൽ പ്രവേശിച്ചുകഴിയുമ്പോൾ മെത്രാൻ തന്റെ സിംഹാസനത്തിലേക്കും മറ്റുള്ളവർ തങ്ങളുടെ സ്ഥാനങ്ങളിലേക്കും പോകുന്നു. കുറെ സമയത്തേക്കു മൗനമായി പ്രാർത്ഥിച്ചതിനുശേഷം മെത്രാൻ ബലിസമർപ്പണത്തിനു സ്ഥാനവസ്ത്രങ്ങളണിഞ്ഞു് വടിയും മുടിയും ധരിച്ചു് അൾത്താരയെ സമീപിച്ചുകൊണ്ടു കർബ്ബാന ആരംഭിക്കുന്നു.

ബലിപീഠത്തിന്റെ താഴത്തെ പടവിയിൽനിന്നു മുകളിലേക്കു കയറിച്ചെന്നു് അൾത്താരയിൽ ചുംബിച്ചു പ്രാർത്ഥന ചൊല്ലിയതിനുശേ

ക്ഷം, മഹ്ബ്ഹായുടെ മദ്ധ്യത്തിൽ ജനങ്ങൾക്കഭിമുഖമായി മെത്രാൻ സിംഹാസനത്തിൽ ഉപവിഷ്ടനാകുന്നു. ഉടനെ ''ആർച്ചുഡീക്കൻ'' (*) വൈദികസ്ഥാനാർത്ഥികളുടെ നേരേ തിരിഞ്ഞു നിന്നുകൊണ്ട്, ''പട്ടം സ്വീകരിക്കുവാനുള്ളവരെല്ലാം മുമ്പോട്ടു വരട്ടെ'' എന്നു പറഞ്ഞുകൊണ്ട് ആദ്യംമുതൽ സ്ഥാനക്രമമനുസരിച്ച് എല്ലാവരുടേയും പേർ ഉച്ചത്തിൽ വായിക്കുന്നു.

ഉടനെ സ്ഥാനാർത്ഥികൾ ഏവരും, മുട്ടുകുത്തിനിന്ന സ്ഥലത്തുനിന്നു് എഴുന്നേറ്റ്, പള്ളിയിലേക്കു വന്നപ്പോൾ ചെയ്തതുപോലെ കത്തിച്ചു തിരികളും പിടിച്ചുകൊണ്ട് മുമ്പോട്ടുവന്നു മെത്രാന്റെ മുമ്പിൽ അർദ്ധവൃത്താകാരമായി ഭക്തിപൂർവ്വം മുട്ടുകുത്തിനില്ക്കുന്നു.

മെത്രാന്റെ പ്രഖ്യാപനം ആർച്ചുഡീക്കൻ വായിക്കുന്നതോടുകൂടിയാണു ''പട്ടംകൊടെ ശുശ്രൂഷ'' ആരംഭിക്കുന്നതു്. ആസ്ഥാപ്പട്ടപട്ടം മുതലാണു കൊടുക്കേണ്ടതെങ്കിൽ കല്പന വായിക്കുന്നതു് ഇപ്പോഴാകുന്നു. പട്ടം സ്വീകരിക്കുവാനുള്ളവരൊക്കെയും ശ്രദ്ധിച്ചു കേൾക്കേണ്ടതും ഗൗരവപൂർവ്വം മനസ്സിരുത്തേണ്ടതുമായ കാര്യങ്ങളാണു് അതിലടങ്ങിയിരിക്കുന്നതു്:



വക്രപയാലും സ്ലൈഹികസിംഹാസനത്തിന്റെ മനോഹരണത്താലും (ഇന്ന) ശ്രുപതയുടെ (അല്ലെങ്കിൽ അതിശ്രുപതയുടെ)മെത്രാനും (അല്ലെങ്കിൽ മെത്രാപ്പോലീത്തായും) ക്രിസ്തുവിൽ നാമേവരുടേയും അതിവന്ദ്യപിതാവും നാഥനുമായ (പേരു്) തിരുമനസ്സുകൊണ്ട് എല്ലാവരോടും പൊതുവായിട്ടും ഓരോരുത്തരോടും പ്രത്യേകമായിട്ടും മഹറോൻശിക്ഷയിൻകീഴിൽ കല്പിക്കുകയും അനുശാസിക്കുകയും ചെയ്യുന്നതെന്തെന്നാൽ:

(*) ഔദ്യോഗികകർമ്മങ്ങളിൽ മെത്രാനെ സഹായിക്കുകയും പുരോഹിതാഭിഷേകകർമ്മത്തിൽ സ്ഥാനാർത്ഥികളുടെ യോഗ്യതയെപ്പറ്റി സാക്ഷ്യം നല്കുകയും ചെയ്യുന്ന പുരോഹിതൻ.

പട്ടം സ്വീകരിക്കുന്നതിനായി ഇവിടെ ഇപ്പോൾ സന്നിഹിതരായിരിക്കുന്നവരിൽ, നിയമനിരോധമുള്ളവരും (irregular) നിയമത്താലോ അധികാരിയാലോ സഭാഭ്രഷ്ടരാക്കപ്പെട്ടവരും (excommunicated) പള്ളിക്കുറം ചുമത്തപ്പെട്ടവരും(interdicted) അംശമുടക്കുള്ളവരും (suspended) ജാരജാതരും (illegitimate) സഭാഭ്രഷ്ടിയിൽ അപകീർത്തിയുള്ളവരും (ill-famed) മറേറതെങ്കിലും നിയമത്താൽ പ്രതിബദ്ധരും സ്വന്ത മെത്രാൻെറ അനുവാദപത്രം ക്രൂടാതെയുള്ള അന്യരൂപതക്കാരും റജിസ്റ്ററിൽ പേരെഴുതപ്പെടാത്തവരും (നിശ്ചിത) യോഗ്യതയില്ലാത്തവരും അംഗീകൃതരല്ലാത്തവരും ആയി, ആരെങ്കിലുമുണ്ടെങ്കിൽ അവർ യാതൊരു കാരണവശാലും മുമ്പോട്ടുവരുന്നതിനു തുനിയുകയോ പട്ടം സ്വീകരിക്കുന്നതിനു് അണയുകയോ ചെയ്യുവാൻ പാടില്ലാത്തതാകുന്നു.

അവസാനമായി കുർബാന കഴിഞ്ഞു് മെത്രാൻെറ ആശീർവാദം സ്വീകരിക്കാതെ പട്ടമേറവരിൽ ആരും സ്ഥലംവിടാൻ പാടില്ലാത്തതുമാകുന്നു.

കല്പന വായിച്ചുകേട്ട സ്ഥാനാർത്ഥികളിൽ ആസ്ഥപ്പാട്ടപട്ടം കൈക്കൊള്ളാനുള്ളവരൊഴികെ ബാക്കിയുള്ളവരെല്ലാം പൂവ്വസ്ഥാനങ്ങളിലേക്കു പിൻവാങ്ങുന്നു. യഥാസമയം അവരെ വിളിക്കുന്നതാണു്. ആസ്ഥപ്പാട്ടപട്ടം സ്വീകരിക്കാനുള്ളവരുടെ പേരുകൾ ആർച്ചുഡീക്കൻ ഒന്നുകൂടി വിളിക്കുകയും ഓരോരുത്തരും വിളികേട്ടു് ''adsum'' (ഞാൻ ഹാജരുണ്ടു്) എന്നു പറഞ്ഞു മെത്രാൻെറ മുമ്പിൽ മുട്ടുകുത്തിത്തന്നെ നില്ക്കുകയും ചെയ്യുന്നു. അപ്പോൾ എഴുന്നേറ്റുനിന്നുകൊണ്ടു്;

മെത്രാൻ: കർത്താവിൻെറ നാമം അനുഗൃഹീതമാകട്ടെ.

മറവുള്ളവർ: ഇപ്പോഴും എന്നെന്നേയ്ക്കും.

മെത്രാൻ: നമ്മുടെ സഹായം കത്താവിന്റെ നാമത്തിലാകുന്നു.

ഉത്തരം: ആകാശത്തേയും ഭൂമിയേയും സൃഷ്ടിച്ചവനിൽ.

മെത്രാൻ: എന്റെ വത്സലസഹോദരന്മാരേ, അവിടുത്തേ നേക്കുള്ള സ്നേഹത്താൽ പ്രേരിതരായി, തങ്ങളുടെ തലമുടി ബലിചെയ്യുന്നതിനു തയ്യാറായിരിക്കുന്നതിന്റെ ദാസന്മാരായ ഇവർക്കുവേണ്ടി നമ്മുടെ കത്താവീശോമിശിഹായോടു നമുക്കു പ്രാത്ഥിക്കാം. ഭക്തിയുടെ അരൂപിയെ ഇവരിൽ എന്നും നിലനിർത്തുന്നതിനും ലൗകികബന്ധങ്ങളിലും ഭൗതികവ്യാമോഹങ്ങളിൽനിന്നും ഇവരുടെ ഹൃദയങ്ങളെ പരിരക്ഷിക്കുന്നതിനുമായി പരിശുദ്ധാരൂപിയെ അവിടുന്ന് ഇവക്കു പ്രദാനം ചെയ്യട്ടെ. ബാഹ്യ (വേഷ) വിധാനങ്ങളിൽ ഇവർ വ്യത്യസ്തരായിത്തീന്നിരിക്കുന്നതുപോലെ അവിടുന്നു തന്റെ ശക്തിയാൽ ആന്തരികമായി പുണ്യത്തിൽ ഇവരെ അഭിവൃദ്ധിപ്പെടുത്തുകയും ആദ്ധ്യാത്മികവും ലൗകികവുമായ അന്ധതയിൽനിന്ന് ഇവരുടെ നയനങ്ങളെ വിശുദ്ധ(വിമുക്ത)ങ്ങളാക്കി നിത്യമായ പ്രസാദവരത്തിന്റെ പ്രകാശത്തെ ഇവർക്കു നല്കുകയും ചെയ്യട്ടെ. പിതാവായ ദൈവത്തോടുകൂടി പവിത്രാത്മാവായ ദൈവത്തിന്റെ ഐക്യത്തിൽ യുഗയുഗാന്തം ജീവിച്ചു ഭരണം നടത്തുന്ന അവിടുന്നുവഴിയായി ഈ അനുഗ്രഹങ്ങളും ഇവർക്കു ലഭിക്കട്ടെ.

അനന്തരം മെത്രാൻ ഇരിക്കുകയും ഗായകസംഘം താഴെവരുന്ന സങ്കീർത്തനഭാഗം (15: 1-5) ആലപിക്കുകയും ചെയ്യുന്നു.

ദൈവമേ, നിന്നിൽ ഞാൻ ആശ്രയിച്ചിരിക്കുകയാൽ എന്നെ നീ കാത്തുകൊള്ളണമേ. ഞാൻ കർത്താവിനോട പറഞ്ഞു: നീ എന്റെ ദൈവമാകുന്നു. എന്തുകൊണ്ടെന്നാൽ, എന്റെ വസ്തുവകകൾ നിനക്കാവശ്യമില്ല. ഭൂമിയിലുള്ള അവന്റെ പരിശുദ്ധന്മാരോട ഞാൻ പറഞ്ഞു: എന്റെ ഇഷ്ടം മുഴുവനും അവരിൽ അവൻ അത്ഭുതകരമായി പൂർത്തിയാക്കി എന്നു്. അവരുടെ പീഡകൾ വർദ്ധിച്ചിരിക്കുന്നു. അപ്പോൾ അവ വേഗം വന്നു. രക്തമനസരിച്ചു് അവരുടെ സംഘങ്ങളെ ഞാൻ സമ്മേളിപ്പിക്കുകയില്ല. എന്റെ അധരങ്ങളിൽ അവരുടെ നാമങ്ങളെ ഞാൻ നോക്കുകയുമില്ല.

ഇത്രത്തോളം ആവർത്തിക്കപ്പെടുന്നു. അനന്തരം:

കർത്താവേ, നീയാകുന്നു എന്റെ അവകാശത്തെ എനിക്കു തിരികെത്തരുന്നവൻ.

ഇതിനിടയിൽ ആസ്ഥപ്പാട്ടുപട്ടം കൈക്കൊള്ളേണ്ടവർ ഓരോരുത്തരായി ക്രമമനുസരിച്ചു മെത്രാന്റെ സമീപത്തുവന്നു മുട്ടുകുത്തുന്നു. അദ്ദേഹം ഓരോരുത്തന്റെയും തലയിൽ അഞ്ചു സ്ഥാനങ്ങളിൽ നിന്നു് ഒരു കുരിശിന്റെ ആകൃതിയിൽ, അതായതു് മുമ്പിലും പിറകിലും വലത്തുവശത്തും ഇടത്തുവശത്തും നിന്നുകയിലും, കുരുശ്ശേ തലമുടി കത്രികകൊണ്ടു മുറിയ്ക്കുന്നു. ആ സമയത്തു് മെത്രാൻ ഇപ്രകാരം പറയുകയും അതേ വാക്കുകൾതന്നെ സ്ഥാനാർത്ഥി ആവർത്തിക്കുകയും ചെയ്യുന്നു:

എന്റെ അവകാശത്തിന്റേയും പാനപാത്രത്തിന്റേയും ഭാഗം കർത്താവത്രേ. എന്റെ അവകാശം എനിക്കു തിരികെത്തരുന്നവൻ നീയാകുന്നു. (സങ്കീ. 15: 5)

ഇങ്ങനെ എല്ലാവരുടേയും മുടി കത്രിച്ചുകഴിഞ്ഞതിനുശേഷം എഴുന്നേറ്റു് അവർക്കഭിമുഖമായിനിന്നുകൊണ്ടു മെത്രാൻ പ്രാർത്ഥിക്കുന്നു:

സർവ്വശക്തനായ ദൈവമേ, ഈ(നില്ക്കുന്ന)നിന്റെ

ദാസന്മാർ നിന്റെ സ്നേഹത്തിൽ എന്നും നിലനില്ക്കുന്നതിന്ന് അനുഗ്രഹം ചെയ്യേണമെന്നു നിന്നോടു ഞങ്ങൾ യാചിക്കുന്നു. നിന്നോട് ഇവർക്കുള്ള സ്നേഹത്തെപ്രതിയാണു് ഇന്നു് ഇവർക്ക് ആസ്ഥാനപ്പട്ടം ഞാൻ നല്കിയതു്. നിർമലരായി ഇവരെ എന്നും അങ്ങു കാത്തുകൊള്ളുകയും ചെയ്യേണമേ. ഞങ്ങളുടെ കർത്താവീശോമിശിഹാവഴിയായി. ആമ്മേൻ.

ഉടനെ മെത്രാൻ ആസനസ്ഥനാകുകയും ഗായകസംഘം 23-ാം സങ്കീർത്തനം താഴെ വരുംപ്രകാരം ആലപിക്കുവാൻ തുടങ്ങുകയും ചെയ്യുന്നു:

ഇവർ കർത്താവിൽനിന്നു് അനുഗ്രഹവും തങ്ങളുടെ രക്ഷകനായ ദൈവത്തിൽനിന്നു കൃപയും പ്രാപിക്കും. എന്തുകൊണ്ടെന്നാൽ, ഇവർ കർത്താവിനെ അന്വേഷിക്കുന്ന ഒരു തലമുറയാകുന്നു.

ഭൂമിയും അതിന്റെ സകല പരിപൂർണ്ണതകളും കർത്താവിന്റേതാകുന്നു. ഭൂലോകവും അതിലേ സകല നിവാസികളും കർത്താവിന്റേതാകുന്നു.

എന്തുകൊണ്ടെന്നാൽ, അവർ അതിന്റെ അടിസ്ഥാനം സമുദ്രങ്ങളിൽ സംസ്ഥാപിച്ചു; ജലത്തിൽ അവർ അതിനെ പണിയുകയും ചെയ്തു. കർത്താവിന്റെ (പരിശുദ്ധ) മലയിലേക്ക് ആരു പ്രവേശിക്കും? അല്ലെങ്കിൽ അവന്റെ പരിശുദ്ധസ്ഥലത്തു് ആരു നില്ക്കും?

നിർമ്മലമായ കരത്തോടുകൂടിയവനും, പരിശുദ്ധമായ ഹൃദയമുള്ളവനും; വ്യർത്ഥതകളിൽ ജീവിതം ചെലവഴിക്കാത്തവനും തന്റെ അയൽക്കാരനോടു കള്ളസ്സത്യം ചെയ്യാത്തവനും.

ഇങ്ങനെയുള്ളവൻ കർത്താവിൽനിന്ന് അനുഗ്രഹവും, തന്റെ രക്ഷകനായ ദൈവത്തിൽനിന്ന കൃപയും സ്വീകരിക്കും. ഇതാകുന്ന അവനെ പ്രതീക്ഷിക്കുന്നവരുടേയും യാക്കോബിന്റെ ദൈവത്തിന്റെ സാന്നിദ്ധ്യം പ്രതീക്ഷിക്കുന്നവരുടേയും തലമുറ.

രാജാക്കളേ, നിങ്ങളുടെ വാതിലുകളെ ഉയർത്തുവിൻ. നിത്യകവാടങ്ങളേ, നിങ്ങൾ ഉദ്ധ്യതരാകുവിൻ. മഹത്വത്തിന്റെ രാജാവു് (അതിൽക്കൂടി) പ്രവേശിക്കുകയും ചെയ്യട്ടെ.

മഹത്വത്തിന്റെ ഈ രാജാവു് ആരാകുന്ന? ശക്തിമാനും ബലവാനുമായ കർത്താവത്രേ; യുദ്ധവീരനായ കർത്താവത്രേ.

രാജാക്കളേ, നിങ്ങളുടെ വാതിലുകളെ ഉയർത്തുവിൻ. നിത്യകവാടങ്ങളേ, നിങ്ങൾ ഉദ്ധ്യതരാകുവിൻ.

മഹത്വത്തിന്റെ കർത്താവു (അതിൽക്കൂടി) പ്രവേശിക്കുകയും ചെയ്യട്ടെ.

മഹത്വത്തിന്റെ ഈ രാജാവു് ആരാകുന്ന? സൈന്യങ്ങളുടെ കർത്താവത്രേ. അവനാകുന്ന മഹത്വത്തിന്റെ രാജാവു്.

പിതാവിനും പുത്രനും പവിത്രാത്മാവിനും സ്തുതിയുണ്ടായിരിക്കട്ടെ.

ആദിയിലും ഇപ്പോഴും എപ്പോഴും എന്നെന്നേയ്ക്കും ഉള്ളതുപോലെ, ആമ്മേൻ.

ഇവർ കർത്താവിൽനിന്ന് അനുഗ്രഹവും തങ്ങളുടെ രക്ഷകനായ ദൈവത്തിൽനിന്ന കൃപയും പ്രാപിക്കും.

എന്തുകൊണ്ടെന്നാൽ, ഇവർ കർത്താവിനെ അനേഷിക്കുന്ന ഒരു തലമുറയാകുന്നു.

അനന്തരം എഴുന്നേറ്റു ബലിപീഠത്തിങ്കലേയ്ക്കു തിരിഞ്ഞുകൊണ്ടു്:

മെത്രാൻ: നമുക്കു പ്രാർത്ഥിക്കാം.

മറുള്ളവർ: നമുക്കു മുട്ടുകുത്താം.

ഉത്തരം: എഴുന്നേല്ക്കുവിൻ.

പട്ടം സ്വീകരിച്ചവരുടെ നേരേ തിരിഞ്ഞുകൊണ്ടു്:

മെത്രാൻ: ഓ! നാഥാ, വിനീതമായ ഞങ്ങളുടെ പ്രാർത്ഥന കേട്ടു് നിന്റെ (ഈ) ദാസന്മാരെ അനുഗ്രഹിക്കുന്നതിനു കനിവുണ്ടാകേണമേ! നിന്റെ പരിപാവനമായ നാമത്തിൽ പരിശുദ്ധസമൂഹത്തിന്റെ വസ്ത്രം ഇവരെ ഞാൻ ധരിപ്പിക്കുന്നു. നിന്റെ സഹായത്താൽ ഇവർ നിന്റെ സഭയുടെ സേവനത്തിൽ വിശ്വസ്തരായി ആജീവനാന്തം നിലനില്ക്കുന്നതിനും നിത്യജീവൻ പ്രാപിക്കുന്നതിനും നീ കൃപ ചെയ്യേണമേ!

ഉത്തരം: ആമ്മേൻ.

സിംഹാസനത്തിൽ ഇരുന്നു് ഓരോരുത്തരേയും സൂർപ്പ്ലീസു് ധരിപ്പിച്ചുകൊണ്ടു്:

മെത്രാൻ: നീതിയിലും യഥാർത്ഥമായ പരിശുദ്ധിയിലും ദൈവസദൃശനായി സൃഷ്ടിക്കപ്പെട്ടിരിക്കുന്ന നവീനമനുഷ്യനെ(1)നമ്മുടെ കർത്താവു നിന്നെ ധരിപ്പിക്കട്ടെ.

അനന്തരം എഴുന്നേറ്റു് അവരുടെ നേരേ തിരിഞ്ഞുനിന്നുകൊണ്ടു്:

മെത്രാൻ: നമുക്കു പ്രാർത്ഥിക്കാം. സർവ്വശക്തനും നിത്യനുമായ ദൈവമേ, ഞങ്ങളുടെ പാപങ്ങളിന്മേൽ

(1) എഫേ. 3: 22-24.

കരുണയുണ്ടാകേണമേ! ലൗകിക(വേഷ)ത്തിന്റെ ദാസ്യത്തിൽനിന്ന് നിന്റെ ഈ ദാസന്മാരെ പരിരക്ഷിക്കുകയും ചെയ്യേണമേ! ഭൗതികമാത്രങ്ങളായ ആചാരങ്ങളാലുള്ള ആക്ഷേപങ്ങളിൽനിന്ന വിമുക്തരായി, നിന്റെ പ്രസാദംമാത്രം എന്നും ഇവർക്കുണ്ടായിരിക്കട്ടെ. തങ്ങളുടെ ശിരസ്സിൽ അങ്ങേകിരീടത്തിന്റെ സാദൃശ്യമായ പട്ടം ധരിക്കുന്നതിന് ഇവരെ നാം (ഇപ്പോൾ) അനുവദിക്കുന്നതുപോലെതന്നെ, നിന്റെ സഹായത്താൽ നിത്യാവകാശത്തെ തങ്ങളുടെ ഹൃദയത്തിൽ ഇവർ പ്രാപിക്കുന്നതിനും ഇടയാകട്ടെ. പിതാവിനോടും പവിത്രാത്മാവിനോടുംകൂടി എന്നെന്നേയ്ക്കും ജീവിച്ചു ഭരണം നടത്തുന്ന ദൈവമേ!

ഉത്തരം: ആമ്മേൻ.

അനന്തരം മെത്രാൻ ഇരുന്നുകൊണ്ടു താഴെവരുന്ന ഉപദേശം അവർക്കു നല്കുന്നു:

മെത്രാൻ: എന്റെ പ്രിയപ്പെട്ട മക്കളേ, ഇന്നു നിങ്ങളെല്ലാവരും കത്തോലിക്കാസഭയുടെ (വൈദിക) സമൂഹത്തിൽ പരിപൂർണ്ണമായി ഉൾപ്പെട്ടുപ്പെട്ടിരിക്കുന്നവെന്നും വൈദികഗണത്തിനുള്ള ആനുകൂല്യങ്ങൾക്കു നിങ്ങളും അർഹരായിത്തീർന്നിരിക്കുന്നുവെന്നും സുദൃഢം വിശ്വസിച്ചുകൊള്ളുവിൻ. സ്വന്ത കുറ്റംകൊണ്ടു് ഇവനഷ്ടപ്പെടുത്താതിരിക്കുവാൻ നിങ്ങൾ പ്രത്യേകം സൂക്ഷിച്ചുകൊള്ളണം. ആകയാൽ, വിനീതമായ വസ്ത്രധാരണത്താലും അഭിലഷണീയങ്ങളായ ആചാരങ്ങളാലും സൽകൃത്യങ്ങളാലും ദൈവത്തിനു പ്രസാദദായകന്മാരായിരിക്കുന്നതിനു പരിശ്രമിക്കുവിൻ. ഈ അനുഗ്രഹം ത

ന്റെ പരിശുദ്ധാത്മാവുവഴിയായിത്തന്നെ അവിടുന്നു നിങ്ങൾക്കു പ്രദാനം ചെയ്യട്ടെ.

ഉത്തരം: ആമ്മേൻ.

ആസ്ഥപ്പാടുപട്ടം കഴിഞ്ഞു. ആർച്ചുഡീക്കന്റെ നിർദ്ദേശമനുസരിച്ചു് അവർ സ്വസ്ഥാനങ്ങളിലേക്കു പിന്തിരിയുന്നു. അനന്തരം മെത്രാൻ ദിവ്യബലി തുടരുന്നു.

* * *



ഒന്നാം പട്ടം

ലത്തീൻ കർബ്ബാനയിൽ 'കീരിയേലൈസ്സോൻ,' 'ഗ്ലോരിയാ' (ഉണ്ടെങ്കിൽ) ഇവ കഴിഞ്ഞും സുറിയാനിക്കർബ്ബാനയിലാണെങ്കിൽ ''കന്തീശാ ആലാഹാ'' (ദൈവമേ നീ പരിശു....) ഇവ കഴിഞ്ഞും മെത്രാൻ ബലിപീഠത്തിന്റെ മുമ്പിൽ മദ്ധ്യഭാഗത്തായി സിംഹാസനത്തിൽ ഉപവിഷ്ടനാകുകയും ആർച്ചുഡീക്കൻ ഒന്നാം പട്ടം (Ostiariatus= ഭാരപാലകന്റെ പദവി) സ്വീകരിക്കാനുള്ളവരെ വിളിക്കുകയും ചെയ്യുന്നു:

ദ്വാരപാലകസ്ഥാനം സ്വീകരിക്കാനുള്ളവർ മുമ്പോട്ടുവരട്ടെ.

അനന്തരം ഓരോരുത്തരുടെയും പേർ അദ്ദേഹം വായിക്കുകയും, പേർ വിളിക്കപ്പെടുന്ന ആൾ ''adsum''– ഞാൻ ഹാജരുണ്ടു്– എന്നു പ്രത്യുത്തരിച്ചുകൊണ്ടു് എഴുന്നേറ്റുവന്നു മെത്രാന്റെ മുമ്പിൽ ക്രമമായി മുട്ടുകുത്തി നില്ക്കുകയും ചെയ്യുന്നു. എല്ലാവരും വന്നുകഴിയുമ്പോൾ താഴെക്കാണുന്ന ഉപദേശം അദ്ദേഹം അവർക്കു നല്കുന്നു:

മെത്രാൻ: എന്റെ ഏറ്റവും പ്രിയപ്പെട്ട മക്കളേ, 'ദ്വാരപാലകന്മാരുടെ സ്ഥാനം' നിങ്ങളിപ്പോൾ സ്വീകരിക്കുവാൻ പോകുകയാണല്ലോ. വാതിൽ കാവൽക്കാർ

എന്ന നിലയിൽ ദൈവത്തിന്റെ ഭവനത്തിൽ നിങ്ങൾ ക്കുള്ള കൃത്യങ്ങൾ ഏവയെന്നു ഗ്രഹിച്ചാലും: മണിയടി ക്കുക, പള്ളിയും സങ്കീർത്തിയും തുറക്കുക, പ്രസാഗകനു വിശുദ്ധഗ്രന്ഥം തുറന്നുപിടിച്ചുകൊടുക്കുക ഇവയാകുന്നു ദ്വാരപാലകന്മാരുടെ മുമതലകൾ. അതുകൊണ്ടു ദൈ വാലയത്തിലുള്ള സാധനങ്ങളിൽ യാതൊന്നും അശ്രദ്ധ കൊണ്ടു നഷ്ടപ്പെട്ടുത്താതിരിക്കുവാൻ നിങ്ങൾ പ്രത്യേകം സൂക്ഷ്മമുള്ളവരായിരിക്കണം. നിശ്ചിതസമയങ്ങളിൽ വി ശ്വാസികൾക്കായി ദൈവാലയം നിങ്ങൾ തുറക്കുകയും അവിശ്വാസികൾ പ്രവേശിക്കാതിരിക്കുവാൻ അതു സ ദാ അടച്ചിടുകയും വേണം. ലോഹനിർമ്മിതമായ താക്കോ ലുകൊണ്ടു ദൃശ്യമായ ദൈവാലയത്തെ നിങ്ങൾ തുറക്കുന്നതുപോലെതന്നെ, തങ്ങൾ ശ്രവിച്ച ദൈവവചനത്തെ വിശ്വാസികൾ ഹൃദയത്തിൽ ഭദ്രമായി സൂക്ഷിക്കുവാനും പ്രവൃത്തിയിൽ പ്രായോഗികമാക്കുവാനുമായി അദൃശ്യ ദൈവാലയമാകുന്ന അവരുടെ ഹൃദയങ്ങളെ നിങ്ങളുടെ വചനങ്ങളാലും മാതൃകകളാലും ദൈവത്തിനു തുറന്നു കൊടുക്കുകയും സാത്താനെതിരായി (സദാ) അടച്ചിട്ട കയുംചെയ്യുന്നതിനു നിങ്ങൾ ഉൽസുകരായിരിക്കുവിൻ. കർത്താവുതന്നെ ഇതു നിങ്ങളിൽ നിവൃത്തിയാക്കട്ടെ.

പീന്നീട്, മെത്രാൻ പള്ളിയുടെ താക്കോലുകൾ ഒരു തളികയിൽ വച്ചുകൊണ്ട് അൾത്താരയ്ക്കു നല്കുന്നു. അയാൾ വലത്തുകൈകൊണ്ട് അവ യിൽ തൊടുകയും, അയാളുടെ കരത്തെയും താക്കോലുകളേയും ഒരേസ മയത്തു സപ്രതം കരത്താൽ സ്പർശിച്ചുകൊണ്ട്,

മെത്രാൻ: ഈ താക്കോലുകളാൽ സൂചിതമായി രിക്കുന്ന കാര്യങ്ങളേപ്പറ്റി ദൈവതിരുസ്സന്നിധിയിൽ

കണക്കു ബോധിപ്പിക്കേണ്ട മനുഷ്യനെപ്പോലെ നിങ്ങളുടെ കർത്തവ്യം നിങ്ങൾ അനുഷ്ഠിക്കുവിൻ.

ഉടനെ ആർച്ചുഡീക്കനോ വേറെ ഏതെങ്കിലും ഒരു വൈദികനോ ഇവരെ പള്ളിയുടെ പ്രധാന പ്രവേശനദ്വാരത്തിങ്കലേക്കു നയിക്കുന്നു. അവിടെച്ചെന്നു വാതിൽ അടച്ചുപൂട്ടുകയും തുറക്കുകയും, അവിടെ വച്ചിരിക്കുന്ന മണി ഒരു പ്രാവശ്യം അടിയ്ക്കുക (കിലുക്കുക) യും ചെയ്തിനുശേഷം നായകനോടുകൂടി അവർ ബലിപീഠത്തിങ്കലേക്കു പ്രത്യാഗമിക്കുന്നു. അവർ മുട്ടുകുത്തിനിന്നു കഴിയുമ്പോൾ,

മെത്രാൻ: എന്റെ ഏറ്റവും പ്രിയ സഹോദരന്മാരേ, ഭാരപാലകന്മാരുടെ സ്ഥാനത്തേയ്ക്കു് ഇവരെ തിരഞ്ഞെടുക്കുന്നതിനു തിരുമനസ്സായിരിക്കുന്ന സർവ്വശക്തനും പിതാവുമായ ദൈവത്തോടു് അവിടുത്തെ ദാസന്മാരായ ഇവരെ അനുഗ്രഹിക്കുന്നതിനു തീക്ഷ്ണതയോടെ നമുക്കു യാചിക്കാം. ദൈവസ്തുതിയ്ക്കുള്ള മണിക്രമം അറിയിച്ചുകൊണ്ടു്, ദൈവാലയസൂക്ഷ്മത്തിൽ അഹോരാത്രം അവർ അതിശ്രദ്ധാലുക്കളായിരിക്കട്ടെ. ദൈവമായ കർത്താവിശോമിശിഹായുടെ ഐക്യത്തിൽ അങ്ങയോടുകൂടി എന്നെന്നേയ്ക്കും ജീവിച്ചു ഭരണം നടത്തുന്ന ഞങ്ങളുടെ കർത്താവീശോമിശിഹായുടെ സഹായത്താൽ.....

ഉത്തരം: ആമ്മേൻ.

അനന്തരം ബലിപീഠത്തിങ്കലേയ്ക്കു തിരിഞ്ഞുകൊണ്ടു്,

മെത്രാൻ: നമുക്കു പ്രാർത്ഥിക്കാം.

മറ്റുള്ളവർ: നമുക്കു മുട്ടുകുത്താം.

ഉത്തരം: എഴുന്നേല്ക്കുവിൻ.

വീണ്ടും ഭാരപാലകന്മാരുടെ നേരേ തിരിഞ്ഞുകൊണ്ടു്,

മെത്രാൻ: പരിശുദ്ധനായ നാഥാ, സർവ്വശക്തനായ താതാ, നിത്യനായ ദൈവമേ, നിന്റെ സഭയി

ലേ കാവല്ക്കാരുടെ ഗണത്തിൽ നിന്റെ സേവനത്തിനു് ഇവർ ശ്രദ്ധാലുക്കളായിരിക്കുന്നതിനും, നിന്റെ തിരഞ്ഞെടുപ്പെട്ടവരുടെ ക്രൂത്തിൽ ഇവരും നിന്റെ സമ്മാനത്തിനു ഭാഗഭാക്കുകളായിത്തീരുന്നതിനും, പ്രാരപാലകജോലിയുള്ള നിന്റെ ഈ ദാസന്മാരെ നീ അനുഗ്രഹിക്കേണമേ. ദൈവമായ കൃഹാദ്ധ്യക്ഷയുടെ ഐക്യത്തിൽ എന്നെന്നേയ്ക്കും നിന്നോടുകൂടി ജീവിച്ചു ഭരണം നടത്തുന്ന നിന്റെ പുത്രൻ ഞങ്ങളുടെ കർത്താവീശോമിശിഹാവഴിയായി. . . . . .

ഉത്തരം: ആമ്മേൻ.

* * *

ഒന്നാമത്തെ പട്ടം കൊടുത്തുകഴിഞ്ഞിരിക്കുന്നു. പട്ടം സ്വീകരിച്ചവർ തങ്ങളുടെ സ്ഥാനങ്ങളിലേക്കു പിന്തിരിയുന്നു.



രണ്ടാം പട്ടം

ഉടനെ ആർച്ചുഡീക്കൻ രണ്ടാം പട്ടം സ്വീകരിക്കുവാനുള്ളവരെ വിളിക്കുന്നു. സാധാരണമായി ഒന്നാമത്തെ പട്ടവും രണ്ടാമത്തെ പട്ടവും ഒരേദിവസംതന്നെയാണു നല്കുന്നതു്. അതുകൊണ്ടു് ''പ്രാരപാലകന്മാർ'' എഴുന്നേറ്റുപോകാതെ അവിടെത്തന്നെ നിന്നാൽമതി. ''രണ്ടാമത്തെ പട്ടം– 'വായനക്കാരു'ടെ പട്ടം–സ്വീകരിക്കുവാനുള്ളവർ മുമ്പോട്ടുവരട്ടെ''യെന്നു വിളിച്ചിട്ടു്, ഉടനെതന്നെ ആർച്ചുഡീക്കൻ, ''ഇവർതന്നെയാണു് അതിനുള്ളവർ'' എന്നു മെത്രാനെ അറിയിക്കുന്നു. അപ്പോൾ, മുട്ടുകുത്തിനിന്നുകൊണ്ടു് അവർ താഴെ വരുന്ന ഉപദേശം ശ്രവിക്കുന്നു:

മെത്രാൻ: എന്റെ ഏറ്റവും പ്രിയപ്പെട്ട മക്കളേ,

ദൈവത്തിന്റെ ഭവനത്തിൽ വായനക്കാരായി തിര
ഞ്ഞെടുക്കപ്പെട്ടിരിക്കുന്ന നിങ്ങളുടെ കൃത്യം എന്തെന്ന
റിയുകയും അതു നന്നായി അനുവർത്തിക്കുകയും ചെയ്യു
വിൻ. അനശ്വരമായ പരിപൂർണ്ണത പ്രാപിക്കുന്നതിനാ
യി വർദ്ധമാനമായ പ്രസാദവരം നിങ്ങൾക്കു പ്രദാനം
ചെയ്യുവാൻ ദൈവംശക്തനാണ്. വിശുദ്ധഗ്രന്ഥം വായി
ച്ചുകൊടുക്കുക, വിശുദ്ധലേഖനങ്ങൾ വായിക്കുക, അപ്പം
വാഴ്ത്തുക, എല്ലാ കടിഞ്ഞൂൽഫലങ്ങളേയും ആശീർവദി
ക്കുക, എന്നിവയാകുന്നു "വായനക്കാര"ന്റെ കർത്തവ്യ
ങ്ങൾ. ആകയാൽ, ശ്രോതാക്കളുടെ സുശിക്ഷണത്തിന്
ഉദ്ദിഷ്ടമായിരിക്കുന്ന ദൈവികപ്രബോധനങ്ങളുടെ യാ
ഥാർത്ഥ്യം, നിങ്ങളുടെ അശ്രദ്ധനിമിത്തം നഷ്ടപ്പെട്ടുപോ
കാതെ, അവർ ഗ്രഹിക്കുന്നതിനും, തദ്വാരാ അവർ പ്ര
ബുദ്ധരാകുന്നതിനുമായി യാതൊരു കുറവോ കൂറവോ
ക്കുടാതെ, വിശദമായും സുഗ്രഹമായും ദൈവവചന
ത്തെ–വിശുദ്ധഗ്രന്ഥപാഠങ്ങളെ– പാരായണം ചെയ്യു
ന്നതിനു നിങ്ങൾ ശ്രമിക്കുവിൻ. മാതൃമല്ല, ശ്രോതാക്ക
ളെ വചനംകൊണ്ടും മാതൃകകൊണ്ടും ഒന്നുപോലെ പ
ഠിപ്പിക്കുന്നതിനു നിങ്ങൾക്കു സാധിക്കുന്നതിനുവേണ്ടി
അധരങ്ങൾകൊണ്ടു പാരായണം ചെയ്യുന്നവയെ ഹൃദ
യത്തിൽ ദൃഢമായി വിശ്വസിക്കുകയും പ്രവൃത്തിയിൽ
പ്രകടമാക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. അതുകൊണ്ട്,
നിങ്ങൾ വായിക്കുമ്പോൾ എല്ലാവർക്കും നിങ്ങളെ കാണു
വാനും കേൾക്കുവാനും സാധിക്കത്തക്കവണ്ണം ദൈവാല
യത്തിൽ ഒരുയർന്ന സ്ഥാനത്താണു നിങ്ങൾ നിലകൊ
ള്ളുക. നിങ്ങളെ ദർശിക്കുകയും ശ്രവിക്കുകയും ചെയ്യുന്ന

ഏവർക്കും സ്വജീവിതമാതൃകയാൽ സ്വർഗ്ഗീയമായ ജീവിതമുറ കാണിച്ചുകൊടുക്കുന്നതിനു നിങ്ങളെ പ്രാപ്തരാക്കേണ്ട സ്വകീയമായ സുകൃതൗന്നത്യത്തെയാണു് ഈ ഉയർന്ന സ്ഥാനം സൂചിപ്പിക്കുന്നതു്. ദൈവം തന്റെ അനുഗ്രഹത്താൽ ഇതു നിങ്ങളിൽ നിവൃത്തിയാക്കട്ടെ.

അനന്തരം ദിവ്യപാഠങ്ങളടങ്ങിയ വിശുദ്ധഗ്രന്ഥം "വായനക്കാരനു നല്കപ്പെടുന്നു. അയാൾ അതിൽ വലത്തുകൈകൊണ്ടു തൊടുന്നു. പുസ്തകത്തേയും ആ കരത്തേയും ഒരേസമയത്തു സ്പർശിക്കുകയും വായിക്കുന്നതിനുള്ള അധികാരം നല്കുകയും ചെയ്യുകൊണ്ടു്:

മെത്രാൻ: ഈ പുസ്തകം സ്വീകരിക്കുവിൻ; ദൈവവചനത്തിന്റെ വായനക്കാർ ആയിരിക്കുകയും ചെയ്യുവിൻ. നിങ്ങൾ കർത്തവ്യം വിശ്വസ്തതയോടുകൂടിയും ഫലപ്രദമായും നിർവ്വഹിക്കുന്നുവെങ്കിൽ, ആദിമുതൽ ദൈവനചനം പ്രശസ്യമായി കൈകാര്യം ചെയ്തവർക്കുള്ള പ്രതിസമ്മാനത്തിൽ നിങ്ങൾക്കും അവകാശമുണ്ടായിരിക്കും.

ഇതു കഴിഞ്ഞു് എഴുന്നേറ്റുനിന്നുകൊണ്ടു്

മെത്രാൻ: വത്സലസോദരരേ, വായനക്കാരുടെ പദവി നല്കി ഉയർത്തുന്നതിനു താൻ തിരുമനസ്സായിരിക്കുന്ന തന്റെ ഈ ദാസന്മാരെ പ്രസാദപൂർവ്വം ആശീർവ്വദിക്കുന്നതിനു സർവ്വശക്തനും പിതാവുമായ ദൈവത്തോടു നമുക്കു യാചിക്കാം. ദൈവത്തിന്റെ പള്ളിയിൽ വായിക്കപ്പെടേണ്ടവയെ ഇവർ വിശ്വസ്തമായി പാരായണം ചെയ്യുകയും സ്വപ്രവൃത്തികളിൽ ഇവർ അവയെ പ്രായോഗികമാക്കുകയും ചെയ്യട്ടെ. പരിശുദ്ധാത്മാവായ ദൈവത്തിന്റെ ഐക്യത്തിൽ തന്നോടുകൂടി ജീ

വിശ്വ ഭരണം നടത്തുന്ന തന്റെ പുത്രൻ നമ്മുടെ കർത്താവീശോമിശിഹാ വഴിയായി... ....

ഉത്തരം: ആമ്മേൻ.

അനന്തരം എഴുന്നേറ്റു് ബലിപീഠത്തിങ്കലേക്കു തിരിഞ്ഞുനിന്നുകൊണ്ടു്

മെത്രാൻ: നമുക്കു പ്രാർത്ഥിക്കാം.

മറ്റുള്ളവർ: നമുക്കു മുട്ടുകുത്താം.

ഉത്തരം: എഴുന്നേല്പുവിൻ

ഉടനെ, മുട്ടുകുത്തിനില്ക്കുന്ന വായനക്കാരുടെ നേരേ തിരിഞ്ഞു്:

മെത്രാൻ: പരിശുദ്ധനായ നാഥാ, സർവ്വശക്തനായ പിതാവേ, നിത്യനായ ദൈവമേ, വായനക്കാരുടെ ഉദ്യോഗത്തിനായി നിന്റെ ഈ ഭാസന്മാരെ അനുഗ്രഹിക്കുന്നതിനു കനിയേണമേ! പാരായണത്തിലുള്ള ശ്രദ്ധാപൂർവ്വകമായ അഭ്യസനത്താൽ തങ്ങളുടെ കടമകളിൽ ഇവർ അഭിജ്ഞന്മാരും നിപുണന്മാരുമായിത്തീരട്ടെ; ശ്രോതാക്കളെ ഉദ്ബോധിപ്പിക്കുകയും വാക്കിലും പ്രവൃത്തിയിലുമുള്ള പരിശുദ്ധിയുടെ മാതൃകയാൽ വിശുദ്ധസഭയുടെ അവകാശങ്ങളെ പരിപോഷിപ്പിക്കുകയും ചെയ്യുന്നതിനു പ്രാപ്തരായിത്തീരുവാൻവേണ്ടി തങ്ങൾ പഠിപ്പിക്കുന്നവയെ ഇവർ പ്രാവർത്തികമാക്കുകയും ചെയ്യട്ടെ. ദൈവമായ കൃഷ്ണദേശായുടെ ഐക്യത്തിൽ നിന്നോടുകൂടി എന്നെന്നേയ്ക്കും ജീവിച്ചു ഭരണം നടത്തുന്ന നിന്റെ പുത്രൻ ഞങ്ങളുടെ കർത്താവീശോമിശിഹാവഴിയായി.... ....

ഉത്തരം: ആമ്മേൻ.

* * *

മൂന്നാം പട്ടം

രണ്ടാമത്തെ പട്ടംകഴിഞ്ഞു. പട്ടം സ്വീകരിച്ചവർ സ്വസ്ഥാനങ്ങളിലേക്കു പിന്തിരിയുന്നു. ഇവർതന്നെയാണു മൂന്നാംപട്ടം സ്വീകരിക്കുവാനുള്ളവരെങ്കിൽ എഴുന്നേറ്റുപോകാതെ അവിടെത്തന്നെ നില്ക്കുന്നു. അല്ലാത്തപക്ഷം, മൂന്നാംപട്ടത്തിനുള്ളവരെ ആർച്ചുഡീക്കൻ മുമ്പോട്ടുവിളിക്കുകയും അവർ യഥാവിധി ഹാജരാകുകയും ചെയ്യുന്നു. എല്ലാവരുംവന്നു മുട്ടുകുത്തിനിന്നു കഴിയുമ്പോൾ അവരുടെ നേരേ തിരിഞ്ഞുനിന്നുകൊണ്ട്,

മെത്രാൻ: എന്റെ ഏറ്റവും പ്രിയപ്പെട്ട പുത്രന്മാരേ, നിങ്ങൾ ദുഷ്പ്രാർത്ഥികളെ പുറത്താക്കുന്നവരുടെ സ്ഥാനത്തേക്ക് അവരോധിക്കപ്പെടുവാൻ സമയമായിരിക്കുന്നതുകൊണ്ടു നിങ്ങൾ സ്വീകരിക്കുവാൻപോകുന്ന ഉദ്യോഗം എന്താണെന്നു ശരിയായി അറിയേണ്ടിയിരിക്കുന്നു. പിശാചുബാധിതരിൽനിന്ന് ആ അശുദ്ധാത്മപ്രകൃതികളെ ബഹിഷ്കരിക്കുക, ദിവ്യകാരുണ്യം സ്വീകരിക്കുവാനുള്ളവർക്കു സ്ഥലസൗകര്യങ്ങൾ കൊടുക്കുന്നതിനു മറ്റുള്ളവർക്കു യഥോചിതം നിർദ്ദേശങ്ങൾ നല്കുക, വിശുദ്ധജലം തീർന്നുപോകാതെ സൂക്ഷിക്കുക എന്നിവയാണ് ഭ്രഷ്ടോച്ചാടകന്റെ കർത്തവ്യങ്ങൾ. അതുകയാൽ, പിശാചു് ആവസിച്ചിരിക്കുന്നവരുടെമേൽ കൈവയ്ക്കുന്നതിനുള്ള അധികാരം നിങ്ങൾ ഇപ്പോൾ സ്വീകരിക്കുന്നു. പരിശുദ്ധാത്മപ്രീയുടെ അനുഗ്രഹത്താലും ഭ്രഷ്ടോച്ചാടനവാക്യങ്ങളാലും, നിങ്ങളുടെ കൈവയ്പുകൊണ്ട്, ആവസിക്കപ്പെട്ടവരുടെ ശരീരത്തിൽനിന്ന് ആ ദുർഭ്രൂതങ്ങൾ ഉച്ചാടനം ചെയ്യപ്പെടട്ടെ. എന്നാൽ, മറ്റുള്ളവ

രിൽനിന്ന് നിങ്ങൾ ബഹിഷ്കരിക്കുന്ന അശുദ്ധാത്മപിശാചുക്കളെത്തന്നെ നിങ്ങൾ അധീനരായിപ്പോകാതിരിക്കുന്നതിനുവേണ്ടി, അന്യരിൽനിന്ന് അവയെ ഓടിക്കുന്ന സമയത്ത് നിങ്ങളുടെ ഹൃദയങ്ങളിൽനിന്നും ശരീരങ്ങളിൽനിന്നും സകലവിധമായ മാലിന്യങ്ങളേയും അശുദ്ധികളേയും ദൂരീകരിക്കുന്നതിനു നിങ്ങൾ നിസ്തുലം പരിശ്രമിക്കേണ്ടതാണ്. നിങ്ങളുടെ ഉദ്യോഗവൃത്തിയാൽ തിന്മയിലേയ്ക്കുള്ള പ്രവണതകളെ നിയന്ത്രിക്കുന്നതിനു നിങ്ങൾ പഠിക്കണം. അങ്ങനെ, നിങ്ങളുടെ നടപടിയിൽ, ശത്രുവിനു തന്റെ സ്വന്തമെന്ന് അവകാശപ്പെടുവാൻ, യാതൊന്നുമുണ്ടാകാതിരിക്കട്ടെ. എന്തുകൊണ്ടെന്നാൽ, ആ ദുഷ്ടാത്മപിശാചുക്കളുടെ ബഹുലങ്ങളായ ക്ഷുദ്രവ്യാപാരങ്ങൾ ആദ്യമായി നിങ്ങളിൽത്തന്നെ അമർത്തിയെങ്കിലേ, അവയെ അന്യരിൽനിന്ന് അചഞ്ചലമായ ധൈര്യത്തോടുകൂടി ബഹിഷ്കരിക്കുന്നതിനു നിങ്ങൾക്കു സാധ്യമായിവരുകയുള്ളൂ. തന്റെ പരിശുദ്ധാത്മപിശാചുവഴിയായി ഇതു നിങ്ങളിൽ നിവൃത്തിയാക്കപ്പെടുന്നതിനു ദിവ്യനാഥൻ അനുഗ്രഹിക്കട്ടെ.

അനന്തരം, അവർ ഓരോരുത്തരും മെത്രാന്റെ മുമ്പിൽവന്നു മുട്ടുകുത്തുകയും അവർക്കു നല്കപ്പെടുന്ന ദിവ്യഗ്രന്ഥത്തിൽ തൊടുകയും ചെയ്യുന്നു. അവരുടെ കരത്തിലും പുസ്തകത്തിലും ഒരേസമയത്തു സ്പർശിച്ചുകൊണ്ട്:

മെത്രാൻ: ഈ പുസ്തകം സ്വീകരിച്ച് ഇതിനെ മന:പാഠമാക്കുകയും, പിശാചുബാധിതരുടെമേൽ– അവർ ജ്ഞാനസ്നാനം കൈക്കൊണ്ടവരോ മതശിക്ഷണത്തിലിരിക്കുന്നവരോ ആയിരുന്നുകൊള്ളട്ടെ– കൈവെയ്ക്ക

ന്നതിനുള്ള അധികാരം സ്ഥീകരിക്കുകയും ചെയ്യുക.

എല്ലാംവക്കും ഇങ്ങനെ അധികാരം നല്കിയതിനുശേഷം, അവരുടെ നേരേ തിരിഞ്ഞുനിന്നുകൊണ്ട്,

മെത്രാൻ: എന്റെ ഏറ്റം പ്രിയപ്പെട്ട സഹോദരന്മാരേ, ബഹുവിധങ്ങളായ നീചതകളോടുകൂടി പിശാചു് ആവസിച്ചിരിക്കുന്നവടെ ശരീരങ്ങളിൽനിന്നു് ആദ്യഷ്ടഭ്രതങ്ങളെ ബഹിഷ്കരിക്കുന്ന ആദ്ധ്യാത്മികാധികാരികം ഇവരായിത്തീരുന്നതിനുവേണ്ടി പിശാചുക്കളെ പുറത്താക്കുന്നവരുടെ ഉദ്യോഗത്തിനായി, തന്റെ ഈ ദാസന്മാരെ ആശീർവ്വദിക്കുന്നതിനു സർവ്വശക്തനും പിതാവുമായ ദൈവത്തോടു സവിനയം നമുക്കു യാചിക്കാം. ദൈവമായ കർത്താവായ യേശുവിന്റെ ഐക്യത്തിൽ അങ്ങയോടുകൂടി എന്നെന്നേയ്ക്കും ജീവിച്ചു ഭരണം നടത്തുന്ന തന്റെ ഏകജാതൻ നമ്മുടെ കർത്താവീശോമിശിഹാവഴിയായി... ....

ഉത്തരം: ആമ്മേൻ.

അനന്തരം, ബലിപീഠത്തിങ്കലേയ്ക്കു തിരിഞ്ഞുകൊണ്ട്,

മെത്രാൻ: നമുക്കു പ്രാർത്ഥിക്കാം.

മറ്റുള്ളവർ: നമുക്കു മുട്ടുകുത്താം.

ഉത്തരം: എഴുന്നേല്ക്കുവിൻ

മുട്ടുകുത്തിനില്ക്കുന്ന ഭ്രഷ്ടാച്ചാടകന്മാരുടെ നേരേ തിരിഞ്ഞു്,

മെത്രാൻ: പരിശുദ്ധനായ കർത്താവേ, സർവ്വശക്തനായ പിതാവേ, നിത്യനായ ദൈവമേ, ഭ്രഷ്ടാച്ചാടകന്മാരുടെ ഉദ്യോഗത്തിനായി നിന്റെ ഈ ദാസന്മാരെ കാരുണ്യത്തോടേ അനുഗ്രഹിക്കേണമേ. തങ്ങളുടെ

കൈവെയ്പാലും അധരങ്ങളുടെ പ്രാർത്ഥനയാലും നീചഭ്രഷ്ടങ്ങളെ അമർച്ചചെയ്യുന്നതിനുള്ള ശക്തിയും അധികാരവും അവക്കുണ്ടായിരിക്കട്ടെ. സുഖദായകമായ ശക്തിയാലും സ്വർഗ്ഗീയമായ വല്ലഭത്വത്താലും സമലംകൃതരായി അങ്ങേ സഭയിൽ ഇവർ അംഗീകൃതന്മാരായ ഭിഷഗ്വരന്മാരായിരിക്കുകയും ചെയ്യട്ടെ. ദൈവമായ ഹാദക്കുദശായുടെ ഐക്യത്തിൽ നിന്നോടുകൂടി എന്നെന്നേയ്ക്കും ജീവിച്ചു ഭരണം നടത്തുന്ന നിന്റെ പുത്രൻ ഞങ്ങളുടെ കർത്താവീശോമിശിഹാവഴിയായി. . . . . .

ഉത്തരം: ആമ്മേൻ.

* * *

നാലാം പട്ടം

മൂന്നാം പട്ടം കഴിഞ്ഞു. മിക്കവാറും ഇവർതന്നെയായിരിക്കും നാലാം പട്ടവും സ്വീകരിക്കുന്നതു്. അങ്ങനെയാണെങ്കിൽ ഇവർ സ്വസ്ഥാനങ്ങളിലേക്കു പോകാതെ അവിടെത്തന്നെ മുട്ടുകുത്തിനില്ക്കുന്നു; അല്ലാത്തപക്ഷം, പട്ടം സ്വീകരിക്കുവാനുള്ളവരെ മുറപോലെ ആർച്ചുഡീക്കൻ വിളിക്കുകയും അവർ യഥാവിധി വന്നു മുട്ടുകുത്തുകയും ചെയ്യുന്നു. അവരോടു് ഉടനെ,

മെത്രാൻ: എന്റെ ഏറ്റവും പ്രിയപ്പെട്ട മക്കളേ, നിങ്ങളിപ്പോൾ 'പൂജാസഹായി'കളുടെ ഉദ്യോഗം സ്വീകരിക്കുവാൻ പോകുകയാണു്. നിങ്ങൾ സ്വീകരിക്കുന്നതു് എന്താണെന്നു ഗ്രഹിച്ചുകൊള്ളുവിൻ: തിരികൾ വഹിക്കുക, പള്ളിയിലേ ദീപങ്ങൾ (അണഞ്ഞുപോകാ

തെ) സൂക്ഷിക്കുക, ദിവ്യബലിയ്ക്ക് വീഞ്ഞും വെള്ളവും കൊണ്ടുവന്നു കൊടുക്കുക, ഇവയായിരിക്കും നിങ്ങളുടെ കർത്തവ്യങ്ങൾ. ഈ ഉദ്യോഗത്തിൽ പ്രവേശിച്ചുകഴിഞ്ഞാൽ, പ്രസ്തുത കൃത്യങ്ങൾ യഥായോഗ്യം നിർവ്വഹിക്കുന്നതിനു നിങ്ങൾ പരിശ്രമിക്കണം. കരങ്ങളിൽ ദീപം വഹിക്കുകയും, അത്തേസമയം അന്ധകാരത്തിന്റെ പ്രവൃത്തികൾ ചെയ്തുകൊണ്ട് അന്യർക്ക് അവിശ്വസ്തതയുടെ ഉർമാതൃക കാണിച്ചുകൊടുക്കുകയും ചെയ്താൽ ദൈവത്തിനു സംപ്രീതരായിരിക്കുവാൻ നിങ്ങൾക്കു കഴിയുന്നതല്ല. നേരേമറിച്ച്, സത്യം(തന്നെയായിരിക്കുന്ന ഈശോമിശിഹാ)അരുളിച്ചെയ്യുന്നതുപോലെ "മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികൾ കണ്ടു സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിനു നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ"(1). കൂടാതെ, അപ്പസ്തോലനായ വിശുദ്ധ പൗലോസ് പറയുന്നതുപോലെ, ദുഷിച്ചതും വക്രതനിറഞ്ഞതുമായ ഒരു ജനതയുടെ മദ്ധ്യേ ജീവന്റെ വചനങ്ങൾ വഹിച്ചുകൊണ്ട് ദീപങ്ങൾപോലെ ലോകത്തിൽ നിങ്ങൾ പ്രകാശിക്കുവിൻ (2). അതുപോലെതന്നെ, "നിങ്ങൾ പ്രകാശത്തിന്റെ സന്താനങ്ങൾ ആയിരിക്കേണ്ടതിനായി നിങ്ങളുടെ അരകൾ ബന്ധിക്കപ്പെട്ടും ദീപങ്ങൾ ജ്വലിച്ചുകൊണ്ടും ഇരിക്കട്ടെ" (3). ആകയാൽ, അന്ധകാരത്തിന്റെ പ്രവൃത്തികളെ ദൂരീകരിച്ചു പ്രകാശത്തിന്റെ ആ

---

(1) മത്തായി, 5: 16. (2) ഫിലിപ്പോ. 2: 14, 15.
(3) ലൂക്കാ, 12: 35.

യുധം നിങ്ങൾ ധരിക്കുവിൻ (1). എന്തുകൊണ്ടെന്നാൽ, ഇതുവരേയും നിങ്ങൾ അന്ധകാരത്തിന്റെ സന്തതികളായിരുന്നു; ഇപ്പോഴാകട്ടെ നമ്മുടെ കർത്താവിൽ നിങ്ങൾ വെളിച്ചമാകുന്നു. അതിനാൽ, വെളിച്ചത്തിന്റെ മക്കൾ എങ്ങനെയോ അപ്രകാരം (നിങ്ങൾ) വ്യാപരിക്കുവിൻ (2). വിശുദ്ധ അപ്പസ്തോലൻ ഉന്നിപ്പറയുന്ന ഈ പ്രകാശം എന്താണെന്ന് അദ്ദേഹം തുടർന്നുപറയുന്ന വാക്കുകളിൽനിന്ന് ഗ്രഹിക്കാവുന്നതാണ്. "പ്രകാശത്തിന്റെ ഫലങ്ങൾ സകല നന്മകളിലും നീതിയിലും സത്യത്തിലുമാകുന്നു" (3). ആകയാൽ, നിങ്ങളെത്തന്നേയും, മറ്റുള്ളവരേയും, ദൈവത്തിന്റെ സഭ മുഴുവനേയും നിങ്ങളുടെ നീതിയാലും നന്മയാലും സത്യത്താലും പ്രശോഭിപ്പിക്കുന്നതിനു നിങ്ങൾ ജാഗരൂകരായിരിക്കുവിൻ. എന്തുകൊണ്ടെന്നാൽ, വിമലജീവിതത്താലും സൽകൃത്യങ്ങളാലും ദൈവത്തിനു ഹോമബലികളായി നിങ്ങളെത്തന്നെ സമർപ്പിക്കുമ്പോൾ, ദിവ്യബലിയ്ക്കു വീഞ്ഞും വെള്ളവും യോഗ്യതയോടുകൂടി വഹിക്കുന്നതിനു നിങ്ങൾ പ്രാപ്തരായിത്തീരുന്നതാണ്. കർത്താവു തന്റെ കരുണയാൽ ഇതു നിങ്ങളിൽ നിവൃത്തിയാക്കട്ടെ.

അനന്തരം, കർത്തിക്കാത്ത തിരിയോടുകൂടിയ ഒരു തിരിക്കാൽ ഓരോരുത്തർക്കും കൊടുക്കുന്നു. ഓരോരുത്തരും തിരിയിലും തിരിക്കാലിലും വലത്തുകൈയുടെ വിരലുകൾകൊണ്ടു തൊടുന്നു. അവയെല്ലാവരേയും ഒരേസമയത്തു തന്റെ വലത്തുകരംകൊണ്ട് മെത്രാൻ സ്പർശിച്ചുകൊണ്ട്,

മെത്രാൻ: ഈ തിരിക്കാലും തിരിയും സ്പീകരിക്കുവിൻ; പള്ളിയിലേ ദീപങ്ങൾ ജ്വലിപ്പിക്കുവാൻ കു

(1) റോമാ. 12: 13. (2) എഫേസ്യ. 5: 8. (3) Ibid. 5: 9.

ത്താവിന്റെ നാമത്തിൽ നിങ്ങൾക്ക് അധികാരം നല്കപ്പെട്ടിരിക്കുന്നുവെന്ന് അറിയുകയും ചെയ്യുവിൻ.

ഉത്തരം: ആമ്മേൻ.

പിന്നീട്, വീഞ്ഞും വെള്ളവും എടുക്കുന്ന ഒരു ഒഴിഞ്ഞ കപ്പിമുകളിൽ പറഞ്ഞതുപോലെ ഓരോരുത്തനേയും തൊട്ടുവിച്ചുകൊണ്ട്,

മെത്രാൻ: കർത്താവിന്റെ നാമത്തിൽ, ക്രിസ്തുവിന്റെ തിരുരക്തബലിയ്ക്ക് വീഞ്ഞും വെള്ളവും കൊണ്ടുവരുന്നതിനായി ഈ പാത്രം സ്വീകരിക്കുക.

അനന്തരം, എഴുന്നേറ്റ് നിന്നുകൊണ്ട് അവരോട്,

മെത്രാൻ: എന്റെ ഏറ്റം പ്രിയപ്പെട്ട സഹോദരന്മാരേ, തങ്ങളുടെ കരങ്ങളിൽ ദൃശ്യമായ പ്രകാശം വഹിച്ചിരിക്കുന്ന സമയത്തുതന്നെ സ്വജീവിതമാതൃകയാൽ ആദ്ധ്യാത്മികമായ ഒരു പ്രകാശം ഇവർ പ്രസരിപ്പിക്കുന്നതിനു ശക്തരാക്കുന്നതിനുവേണ്ടി തന്റെ ഈ ദാസന്മാരെ പൂജാസഹായികളുടെ സ്ഥാനത്തിൽ ആശീർവ്വദിക്കുന്നതിനു സർവ്വശക്തനും പിതാവുമായ ദൈവത്തോടു സവിനയം നമുക്കു യാചിക്കാം. പരിശുദ്ധാത്മാവായ ദൈവത്തിന്റെ ഐക്യത്തിൽ നിന്നോടുകൂടി എന്നെന്നേയ്ക്കും ജീവിച്ചു ഭരണം നടത്തുന്ന തന്റെ പുത്രൻ നമ്മുടെ കർത്താവീശോമിശിഹായുടെ സഹായത്താൽ.....

ഉത്തരം: ആമ്മേൻ.

ബലിപീഠത്തിങ്കലേക്കു തിരിഞ്ഞുകൊണ്ട്,

മെത്രാൻ: നമുക്കു പ്രാർത്ഥിക്കാം.

മറ്റുള്ളവർ: നമുക്കു മുട്ടുകുത്താം.

ഉത്തരം: എഴുന്നേല്ക്കുവിൻ.

പട്ടം സ്വീകരിച്ചവർക്ക് അഭിമുഖമായിനിന്നുകൊണ്ട്,

മെത്രാൻ: പരിശുദ്ധനായ നാഥാ, സർവ്വശക്തനായ താതാ, നിത്യനായ ദൈവമേ, നിന്റെ പുത്രനും ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹായും അവിടുത്തെ ശിഷ്യന്മാരുംവഴിയായി നിന്റെ പ്രകാശത്തെ ഈ ലോകത്തിലേക്ക് അയയ്ക്കുന്നതിനും, പൂർവികമായ ഞങ്ങളുടെ മരണവിധിയെ നിർമ്മാർജ്ജനം ചെയ്യുന്നതിനുവേണ്ടി മഹത്തമമായ സ്നീഹാമരത്തിൽ അവിടുന്നു ക്രൂശിക്കപ്പെടുന്നതിനും അവിടുത്തെ തിരുവിലാവിൽനിന്നു നരകുലപരിത്രാണത്തിനുവേണ്ടി തിരുരക്തവും വെള്ളവും പ്രവഹിപ്പിക്കുന്നതിനും നീ തിരുമനസ്സായല്ലോ. ആകയാൽ നാഥാ, നിന്റെ ബലിപീഠങ്ങളിൽ ഇവർ വിശ്വസ്തരായ ദാസന്മാരായിരിക്കുന്നതിനും, നിന്റെ ഭവനത്തിലേ ദീപങ്ങൾ ഇവർ സൂക്ഷിക്കുന്നതിനും, ദിവ്യപൂജാർപ്പണത്തിൽ നിന്റെ ദിവ്യസുതന്റെ തിരുരക്തമായിത്തീരുവാനുള്ള വീഞ്ഞും വെള്ളവും യഥാസമയം എടുത്തുകൊടുക്കുന്നതിനുമായി നിന്റെ ഈ ദാസന്മാരെ പൂജാസഹായികളുടെ ഉദ്യോഗത്തിൽ ആശീർവ്വദിക്കുന്നതിനു നീ കനിയേണമേ. ഓ നാഥാ, നിന്റെ ദിവ്യതേജസ്സിന്റെ രശ്മികളാൽ പ്രകാശിതരായി വിശുദ്ധസഭയിൽ നിനക്കു സേവനംചെയ്യുന്നതിന് അവരുടെ മനസ്സിനേയും ഹൃദയത്തേയും നീ പ്രോജ്ജ്വലിപ്പിക്കേണമേ. ദൈവമായ കർത്താവേ, നിന്റെ ഏകജാതനായ പുത്രനുമായും പരിശുദ്ധാത്മാവുമായും ഐക്യത്തിൽ സദാകാലം ജീവിച്ചുവാഴുന്ന നിന്റെ തിരുക്കുമാരൻ ഞങ്ങളുടെ കർത്താവീശോമിശിഹാവഴി....

ഉത്തരം: ആമ്മേൻ.

മെത്രാൻ: നമുക്കു പ്രാർത്ഥിക്കാം. പ്രമാണത്തിന്റെ ക്രൂശാരത്തിൽ ദീപങ്ങൾ സദാ ജ്വലിച്ചുകൊണ്ടിരിക്കണമെന്നു മോശയോടും അഹറോനോടും ആജ്ഞാപിച്ച പരിശുദ്ധനായ നാഥാ, സർവ്വശക്തനായ പിതാവേ, നിത്യനായ ദൈവമേ, നിന്റെ സഭയിൽ പൂജാസഹായികളായിരിക്കുന്നതിനായി നിന്റെ ഈ ദാസന്മാരെ ആശീ✠ർവ്വദിക്കുവാൻ കനിവുണ്ടാകണമേ. ഞങ്ങളുടെ കർത്താവീശോമിശിഹാ വഴിയായി.... ....

ഉത്തരം: ആമ്മേൻ.

മെത്രാൻ: പ്രാർത്ഥിക്കാം. യഥാർത്ഥ പ്രകാശമാകുന്ന തന്റെ പുത്രൻ ഈശോമിശിഹാവഴിയായി ലോകത്തെ ഉദ്ദീപിപ്പിക്കുകയും അവിടുത്തെ പരിശുദ്ധ പീഡാനുഭവങ്ങളാൽ അതിനെ സമുദ്ധരിക്കുകയുംചെയ്ത സർവ്വശക്തനും നിത്യനുമായ ദൈവമേ, സ്വർഗ്ഗീയപ്രകാശത്തിന്റെ ഘോരണിയേ, നന്മയുടെ മൂലകാരണമേ, പൂജാസഹായികളുടെ സ്ഥാനത്തേക്ക് നാം (ഇപ്പോൾ) ഉയർത്തുന്ന നിന്റെ ഈ ദാസന്മാരെ ആശീ✠ർവ്വദിക്കുന്നതിനു കനിയേണമേ. വിജ്ഞാനദീപ്തിയാൽ അവരുടെ ബോധത്തെ വിരാജിപ്പിക്കുകയും നിന്റെ മൂലസ്നേഹമാകുന്ന സ്വർഗ്ഗീയമധുതുള്ളികളാൽ അവരെ കുളിർപ്പിക്കുകയും ചെയ്യേണമെന്നു കാരുണ്യമൂർത്തിയായ അങ്ങയോടു ഞങ്ങൾ യാചിക്കുന്നു. ഞങ്ങളുടെ കർത്താവീശോമിഹാവഴിയായി.... ....

ഉത്തരം: ആമ്മേൻ.

* * *

അഞ്ചാം പട്ടം

നാലാം പട്ടം കഴിഞ്ഞിരിക്കുന്നു. പട്ടം സ്വീകരിച്ചവർ മുപ്രകാരം സ്വസ്ഥാനങ്ങളിലേക്കു പിന്തിരിയുന്നു. മെത്രാൻ ദിവ്യബലി തുടരുന്നു.

മെത്രാൻ: കർത്താവു നിങ്ങളോടുകൂടി (ഉണ്ടായിരിക്കട്ടെ).

ഉത്തരം: അങ്ങയോടും അങ്ങേ ആത്മാവിയോടും കൂടി (ഉണ്ടായിരിക്കട്ടെ).

ലത്തീൻകർബ്ബാനയിൽ മെത്രാൻ ലെക്സിയോ വായിക്കുന്നു.

സുറിയാനികർബ്ബാനയിൽ "ലാക്മ്പേരാനാ" (വിജ്ഞാനിയായ പരിപാലകാ....) അല്ലെങ്കിൽ "അനഹർലൻമാരൻ" (ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ....) എന്ന പ്രാർത്ഥനകഴിഞ്ഞു്, പട്ടം സ്വീകരിച്ചവർക്കും സ്വീകരിക്കുവാനുള്ളവർക്കുംവേണ്ടി:

മെത്രാൻ: ഓ നാഥാ, ഞങ്ങളുടെ പ്രാർത്ഥനയുടെ സ്വരം കേട്ടു്, സകല ഭയങ്ങളിൽനിന്നും വിമുക്തരായി നിന്റെ തിരുസ്സന്നിധിയിൽ ശുശ്രൂഷചെയ്യുന്നതിനു് അന്യൂനമായ പരിരക്ഷണത്താൽ നിന്റെ വിശ്വസ്തദാസന്മാരായി ഞങ്ങളെ കാത്തുകൊള്ളേണമെന്നു നിന്നോടു ഞങ്ങളപേക്ഷിക്കുന്നു. ദൈവമായ പൗരോഹിത്യദശയുടെ ഐക്യത്തിൽ നിന്നോടുകൂടി ഏന്നേന്നേയ്ക്കും ജീവിച്ചു ഭരണം നടത്തുന്ന നിന്റെ ഏകപുത്രൻ ഞങ്ങളുടെകർത്താവീശോമിശിഹാവഴിയായി.... ... ...

ഉത്തരം: ആമ്മേൻ.

അടുത്തതായി നടക്കുന്നതു് അഞ്ചാം പട്ടം നല്കലാണു്. മെത്രാൻ ജനങ്ങൾക്കഭിമുഖമായി ഇരിക്കുന്നു. അഞ്ചാം പട്ടത്തിനു സ്ഥാനാർത്ഥികളെ വിളിക്കുന്നതും അവർ ഉത്തരിക്കുന്നതും മുമ്പിലത്തേതുപോലെത

ന്നെയാണെങ്കിലും, ഓരോരുത്തന്റെയും പേരുകഴിഞ്ഞ് ഏതാഭിമുഖ്യത്തിലാണ് (title) അയാൾ പട്ടം സ്വീകരിക്കുവാൻപോകുന്നതെന്നുകൂടി പ്രസ്താവിക്കുന്നതാണ്. ഈയാഭിമുഖ്യം സ്വതന്ത്രം പുത്രമേനിയോ മീക്ഷൻ ആനന്ദകുലുമോ മെത്രാന്റെ സംരക്ഷണമോ സന്ന്യാസോദ്ദേശമോ അകാംക്ഷിക്കുന്നതാണ് (അവതാരിക No. 1 കാണുക). എല്ലാവരും മുമ്പോട്ടുവന്നു മെത്രാന്റെ മുമ്പിൽ അർദ്ധവൃത്താകാരമായി നിൽക്കുന്നു. മെത്രാൻ താഴെവരുന്ന ഉപദേശം അവർക്കു നല്കുന്നു. എന്നാൽ, ഇവരെല്ലാവരും സന്ന്യാസവ്രതങ്ങൾ എടുത്തിട്ടുള്ളവരാണെങ്കിൽ ഈ ഭാഗം വിട്ടുകളയും.

മെത്രാൻ: എന്റെ ഏറ്റവും പ്രിയപ്പെട്ട മക്കളേ, നിങ്ങൾ ഇപ്പോൾ അഞ്ചാം പട്ടം സ്വീകരിക്കുവാൻ പോകുന്നു. ഇന്നു നിങ്ങൾ പൂർണ്ണസ്വാതന്ത്ര്യത്തോടുകൂടി നിങ്ങളുടെമേൽത്തന്നെ സ്വീകരിക്കുവാൻപോകുന്ന ഈ ഭാരത്തെപ്പറ്റി വീണ്ടും വീണ്ടും നിങ്ങൾ ചിന്തിക്കുവിൻ. എന്തുകൊണ്ടെന്നാൽ, ഇതുവരേയും നിങ്ങൾ സ്വതന്ത്രരായിരുന്നു; ആഗ്രഹിക്കുന്നപക്ഷം ലൗകികവ്യാപാരങ്ങളിൽ ഏർപ്പെടുന്നതിനുപോകുവാൻ നിങ്ങൾക്കു സാധിക്കുകയും ചെയ്യുമായിരുന്നു. എന്നാൽ, ഈ പട്ടം സ്വീകരിച്ചുകഴിഞ്ഞാൽപ്പിന്നെ ഇഷ്ടാനുസരണം പ്രവർത്തിക്കുന്നതിനു നിങ്ങൾക്ക് അനുവദിക്കപ്പെട്ടിട്ടില്ല. പ്രത്യുത, മരണംവരേയും അവിഭക്തമായ ദൈവസേവനത്തിനു നിങ്ങൾ നിർബ്ബന്ധരായിത്തീരും. അവിടുത്തേ സേവിക്കുകയെന്നതു് ഭരിക്കുകതന്നെയാണ്. അങ്ങേ പ്രസാദവരത്തിന്റെ സഹായത്താൽബ്രഹ്മചാരിത്വം അനുഷ്ഠിക്കുവാനും അവിടുത്തേ വിശുദ്ധസഭയിൽ എന്നും ശുശ്രൂഷകന്മാരായിരിക്കുവാനും നിങ്ങൾക്കു കടമയുണ്ടായിരിക്കും. സമയം ഇനിയും അല്പംക്രൂടിയുണ്ട്. അതിനാൽ, ഒന്നു

ക്രൂടി ആലോചിക്കുവിൻ.... (അല്പം നിറുത്തിയിട്ട്)... മനസ്സിന്റെ പരിശുദ്ധമായ നിശ്ചയത്തിൽ ദൃഢമായി നില്ക്കുന്നതിനു നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, കത്താവിന്റെ നാമത്തിൽ മുമ്പോട്ടു വരുവിൻ.

അവർ ഒരടി മുമ്പോട്ടുവയ്ക്കുന്നു. ആരാം പട്ടവും കർദ്ദിനാൾപട്ടവും സ്വീകരിക്കാനുള്ളവരുണ്ടെങ്കിൽ ഇപ്പോൾ അവരെക്കൂടി ആർച്ചുഡീക്കൻ വിളിക്കുകയും അവരും യഥാവിധി ഹാജരാവുകയും ചെയ്യുന്നു.

എല്ലാവരും നിരന്നുകഴിയുമ്പോൾ ആർച്ചുഡീക്കൻ ഒരു അടയാളം കൊടുക്കുകയും അവർ നിലത്തു സാഷ്ടാംഗപ്രണാമം ചെയ്തു കിടക്കുകയും ചെയ്യുന്നു. ''സകല വിശുദ്ധരുടെ ലുത്തനിയാ'' ഗായകസംഘം പാടിത്തീർക്കുന്നതുവരെ അവർ അപ്രകാരം കിടക്കുന്നു. മെത്രാനും വൈദികന്മാരും ശമ്മാശ്ശന്മാരും വിശ്വാസികളും മുട്ടുകുത്തിനില്ക്കുന്നു. എല്ലാവരും അവർക്കുവേണ്ടി പ്രാർത്ഥിക്കണം. ലുത്തനിയായുടെ അവസാനത്തോടടുത്തു്, ''സകല മരിച്ചവിശ്വാസികൾക്കും നിത്യശാശ്വതം കൊടുത്തരുളേണമെന്നു നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു; കത്താവേ ഞങ്ങളുടെ അപേക്ഷ നീ കേൾക്കേണമേ!'' എന്ന ഭാഗം കഴിയുമ്പോൾ, മെത്രാൻ, വടിയും മുടിയും അണിഞ്ഞു്, സാഷ്ടാംഗം പ്രണമിച്ചുകിടക്കുന്നവരെ നോക്കിനിന്നുകൊണ്ടു്:

തിരഞ്ഞെടുക്കപ്പെട്ട ഇവരെ അശീർവ്വദിക്കുന്നതിനു നീ കനിയേണമെന്നു്:

ഉത്തരം: കത്താവേ, നിന്നോടു് ഞങ്ങളപേക്ഷിക്കുന്നു; ഞങ്ങളെ നീ കേൾക്കേണമേ!

മെത്രാൻ: തിരഞ്ഞെടുക്കപ്പെട്ട ഇവരെ അശീർവ്വദിക്കുന്നതിനും വിശുദ്ധീകരിക്കുന്നതിനും നീ കനിയേണമെന്നു്:

ഉത്തരം: കത്താവേ, നിന്നോടു ഞങ്ങളപേക്ഷിക്കുന്നു; ഞങ്ങളെ നീ കേൾക്കേണമേ!

മെത്രാൻ: തിരഞ്ഞെടുക്കപ്പെട്ട ഇവരെ ആശീർ
വ്ദിക്കുന്നതിനും വിശുദ്ധീകരിക്കുന്നതിനും പ്രതി
ഷ്ഠിക്കുന്നതിനും നീ കനിയേണമെന്നു്:

ഉത്തരം: കർത്താവേ, നിന്നോടു ഞങ്ങളപേക്ഷി
ക്കുന്നു; ഞങ്ങളെ നീ കേൾക്കേണമേ!

അനന്തരം, മെത്രാൻ വീണ്ടും മുട്ടുകുത്തി നില്ക്കുകയും ഗായകസം
ഘം ലുത്തനിയാ പാടിത്തീർക്കുകയും ചെയ്യുന്നു. അവസാനത്തിൽ ആർ
ച്ചുഡീക്കൻ അടയാളംകൊടുക്കുകയും എല്ലാവരും എഴുന്നേല്ക്കുകയും, അ
വരിൽ അഞ്ചാംപട്ടം സ്വീകരിക്കുവാനുള്ളവരൊഴികെ ബാക്കിയുള്ളവ
രെല്ലാം സ്വസ്ഥാനങ്ങളിലേക്കു പിന്തിരിയുകയും ചെയ്യുന്നു. തന്റെ മു
മ്പിൽ മുട്ടുകുത്തിനില്ക്കുന്ന അഞ്ചാംപട്ടം സ്വീകരിക്കാനുള്ളവരെ നോ
ക്കിക്കൊണ്ടു്,

മെത്രാൻ: എന്റെ ഏറ്റവും പ്രിയപ്പെട്ട മക്കളേ,
നിങ്ങൾ അഞ്ചാംപട്ടം സ്വീകരിക്കുവാൻ ഒരുങ്ങിയിരി
ക്കുകയാണല്ലോ. നിങ്ങളെ ഏല്പിക്കുവാൻപോകുന്ന ഉ
ദ്യോഗം എന്താണെന്നു ശ്രദ്ധാപൂർവ്വം വിചിന്തനം ചെയ്തു
വിൻ. ദിവ്യബലിയ്ക്കു ശുദ്ധജലം തയ്യാറാക്കി കൊണ്ടുവ
രിക,ദിവ്യബലിസമയത്തു് ആറാംപട്ടക്കാരനെ സഹായി
ക്കുക, അൾത്താരത്തുവാലകളും വിശുദ്ധശീലകളും കഴുകു
ക, ദിവ്യബലിയുടെ നേരത്തു കാസായും പീലാസായും
ആറാംപട്ടക്കാരന്റെ (ഡീക്കന്റെ) പക്കൽ കൊണ്ടുവ
രിക എന്നിവയാണു് അഞ്ചാംപട്ടക്കാരന്റെ ജോലി
കൾ.

ബലിപീഠത്തിൽ വയ്ക്കപ്പെടുന്ന കാഴ്ചകൾക്കു് ദി

വ്യ അപ്പം (Loaves of Proposition) (1) എന്നാണു പേരു്. ഇവയിൽനിന്നു വിശ്വാസികളുടെ ദിവ്യകാരുണ്യ സ്വീകരണത്തിനു് ആവശ്യമുള്ളിടത്തോളംമാത്രമേ അൾത്താരയിൽ വയ്ക്കാവൂ, ശേഷമുള്ളവ സക്രാരിയിൽ ഇരുന്നു പഴകിപ്പോകാതിരിക്കുവാൻ. ബലിപീഠത്തിന്റെ ഉപരിതലത്തിൽ ഇടുന്ന നീണ്ട തുവാലകൾ ഒരു പാത്രത്തിലും വിശുദ്ധശീലകൾ (Corporals) മറെറാരു പാത്രത്തിലും ഇട്ടുവേണം കഴുകുവാൻ. വിശുദ്ധശീലകൾ കഴുകിയ ജലത്തിൽ വേറെ യാതൊന്നും കഴുകുവാൻ പാടില്ലാത്തതാകുന്നു. ആ വെള്ളം മാമ്മോദീസാക്കല്ലിനുള്ളിൽ ഒഴിക്കേണ്ടതാണു്. ദൃശ്യമായ ഈ ജോലികൾ ഉൽക്കടമായ ശ്രദ്ധയോടും സൂക്ഷ്മത്തോടുംകൂടി ചെയ്യുന്നതിനു പരിശ്രമിക്കുവിൻ. അതുപോലെതന്നെ ഈ പ്രവൃത്തികളെ അർത്ഥമാക്കുന്ന ആദ്ധ്യാത്മികകർത്തവ്യങ്ങൾ യഥായോഗ്യം നിർവ്വഹിക്കുന്നതിനും നിങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം. വിശുദ്ധയോഹന്നാൻ സാക്ഷിക്കുന്നതുപോലെ പരിശുദ്ധസഭയുടെ ബലിപീഠം ക്രിസ്തുതന്നെയാകുന്നു. ദൈവസിംഹാസനത്തിൻമുമ്പിൽ നില്ക്കുന്ന സ്വർണ്ണമയമായ ഒരു ബലിപീഠമെന്നവണ്ണംതന്നെ അങ്ങനെ കണ്ടുവെന്നാണല്ലോ അദ്ദേഹം വെളിപാടുപുസ്തകത്തിൽ എഴുതിയിരിക്കുന്നതു്. അങ്ങിലും അങ്ങുവഴിയായിട്ടും പിതാവായ ദൈവത്തിനു വിശ്വാസികളുടെ കാഴ്ചകൾ സമർപ്പിക്കപ്പെടുന്നു. അൾത്താരത്തുണികളും വിശുദ്ധശീലകളും ക്രിസ്തുവി

(1) ആദിമശതകങ്ങളിൽ വിശ്വാസികൾതന്നെയാണു ദിവ്യബലിയ്ക്കുള്ള അപ്പം കൊണ്ടുവന്നിരുന്നതു്.

ന്റെ അവയവങ്ങളുടെ—ദൈവത്തിന്റെ വിശ്വസ്തദാസന്മാരുടെ- പ്രാതിനിധ്യമാണു വഹിക്കുന്നതു്. അമൂല്യവസ്ത്രങ്ങളാലെന്നവണ്ണം കത്താവു് ഇവരാൽ അലംകൃതനായിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, സങ്കീത്തകൻ പറയുന്നതുപോലെ, "കത്താവു രാജാവാകുന്നു; അവിടുന്നു പ്രൗഢി ധരിച്ചിരിക്കുന്നു." ക്രൂടാതെ വെളിപാടിൽ, മനുഷ്യപുത്രൻ ഒരു സ്വർണ്ണമയമായ അരക്കെട്ടു ധരിച്ചിരിക്കുന്നതായും വിശുദ്ധ യോഹന്നാൻ ദർശിച്ചു: അതായതു്, വിശുദ്ധരുടെ സമൂഹങ്ങളാൽ സമാവൃതനായ കത്താവിനെ അദ്ദേഹം കണ്ടു. ആകയാൽ, മാനുഷിക ബലഹീനതനിമിത്തം വിശ്വാസികൾ കളങ്കിതരായിത്തീരുന്നതിനിടയായാൽ സ്വർഗ്ഗീയപ്രബോധനമാകുന്ന ദിവ്യജലംകൊണ്ടു നിങ്ങൾ ഉടനെ അവരെ പരിചരിയ്ക്കണം. അങ്ങനെ പരിശുദ്ധീകൃതരായി അവർ വീണ്ടും ബലിപീഠത്തിന്റെ അലങ്കാരങ്ങളാകുകയും തദ്വാരാ ദിവ്യശുശ്രൂഷയിൽ ഭാഗഭാക്കുകളാകുന്നതിനു് അവർക്കു സാധിക്കുകയും ചെയ്യും. തന്നിമിത്തം, ദിവ്യബലിയിൽ യോഗ്യമായി സഹകരിക്കുന്നതിനും, ക്രിസ്തുവിന്റെ മൗതികശരീരമാകുന്ന ദൈവത്തിന്റെ സഭയ്ക്കു സേവനം ചെയ്യുന്നതിനുംതക്കവണ്ണം നിങ്ങൾ വിശ്വാസത്തിൽ സുദൃഢസ്ഥിരരായി വ്യാപരിക്കണം. എന്തുകൊണ്ടെന്നാൽ, വിശുദ്ധ അപ്പസ്തോലൻ പ്രസ്താവിക്കുന്നതുപോലെ, "വിശ്വാസത്തിന്റേതല്ലാത്തതെല്ലാം പാപവും ഛിദ്രവും സഭയുടെ ഐക്യത്തിനു വിരുദ്ധവുമാകുന്നു." അതുകൊണ്ടു് ഈ സമയംവരേയും സഭയുടെനേർക്കുള്ള കൃത്യാന്യൂനസ്ഥാനത്തിൽ നിങ്ങൾ വിമുഖരായിരുന്നുവെങ്കിൽ ഇ

പ്പോൾമുതൽ, തീക്ഷ്ണതയുള്ളവരായിരിക്കണം; ഇതുവരേയും അശ്രദ്ധരായിരുന്നുവെങ്കിൽ ഇനിമേൽ ജാഗ്രൂകരായിരിക്കണം; ഇതുവരേയും ലഹരിസാധനങ്ങളിൽ ആസക്തരായിരുന്നുവെങ്കിൽ മേലിൽ മിതത്വം പാലിക്കണം; ഇതുവരേയും ജീവിതത്തിൽ വിശുദ്ധരല്ലായിരുന്നുവെങ്കിൽ, ഇപ്പോൾമുതൽ നിങ്ങളുടെ ജീവിതം കളങ്കരഹിതമായിരിക്കണം. കാലാകാലത്തോളം ജീവിച്ചു ഭരണം നടത്തുന്ന ദൈവമായ അവിടുന്നുതന്നെ ഇതിനുള്ള വരം നിങ്ങൾക്കു നല്കുമാറാകട്ടെ.

ഉത്തരം: ആമ്മേൻ.

അനന്തരം, മെത്രാൻ, ഉള്ളിൽ യാതൊന്നുമില്ലാത്തതും മുകളിൽ പീലാസാകൊണ്ടു മൂടിയിരിക്കുന്നതുമായ ഒരു കാസാ നീട്ടുകയും ഒരോരുത്തരും അവയിൽ തൊടുകയും ചെയ്യുന്നു. അപ്പോൾ അവയിലും പട്ടം സ്വീകരിക്കുന്നു ആളിന്റെ കരത്തിലും തൊടുകൊണ്ട്,

മെത്രാൻ: നിങ്ങൾക്കു ഭരമേല്പിക്കപ്പെട്ടുന്ന ഉദ്യോഗം എന്താണെന്നു ഗ്രഹിച്ചാലും. അതിനാൽ, ദൈവത്തിനു സംപ്രീതരായിരിക്കത്തക്കവണ്ണം വ്യാപരിക്കണമെന്നു നിങ്ങളെ നാം ഉദ്ബോധിപ്പിക്കുന്നു.

ഉടനെ ആർച്ചുഡീക്കന്റെ പക്കലേക്ക് അവർ ഓരോരുത്തരും ചെല്ലുന്നു. അദ്ദേഹത്തിന്റെ പക്കൽ ഒരു തട്ടവും വീഞ്ഞും വെള്ളവും, നീരുപാത്രങ്ങളും, ഒരു തുവാലയും ഉണ്ടായിരിക്കും. അവർ എല്ലാവരും അവയിൽ തൊടണം. അതുകഴിഞ്ഞ് അവർവന്നു മുട്ടുകുത്തുന്നു. അപ്പോൾ അവർക്കഭിമുഖമായി നിന്നുകൊണ്ട്,

മെത്രാൻ: ഏറ്റവും പ്രിയ സഹോദരരേ, അഞ്ചാം പട്ടത്തിന്റെ സ്ഥാനത്തേക്കു വിളിക്കുന്നതിനു താൻ തിരുച്ചിത്തമായിരിക്കുന്ന തന്റെ ഈ ദാസന്മാരുടെമേൽ

നിന്റെ ആശീ✠ർവ്വാദങ്ങൾ ധാരാളമായി വർഷിക്കുന്നതിനു നമ്മുടെ നാഥനായ ദൈവത്തോടു നമുക്കു മുട്ടിപ്പായി പ്രാർത്ഥിക്കാം. അവിടുത്തെ സന്നിധിയിൽ ഇവർ വിശ്വസ്തസേവകന്മാരായിരിക്കുകയും, വിശ്വാസികൾക്കായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന (നിത്യ) സമ്മാനം ഇവർ കരസ്ഥമാക്കുകയും ചെയ്യട്ടെ. ദൈവമായ കർത്താവിന്റെ ഏകജാതനായ പുത്രനോടുകൂടി എന്നെന്നേയ്ക്കും ജീവിച്ചു ഭരണം നടത്തുന്ന നമ്മുടെ കർത്താവീശോമിശിഹാ വഴിയായി... ....

ഉത്തരം: ആമ്മേൻ.

അനന്തരം, ബലിപീഠത്തിങ്കലേയ്ക്കു തിരിഞ്ഞുകൊണ്ട്,

മെത്രാൻ: നമുക്കു പ്രാർത്ഥിക്കാം.

മറ്റുള്ളവർ: നമുക്കു മുട്ടുകുത്താം.

ഉത്തരം: എഴുന്നേല്ക്കുവിൻ.

മുട്ടുകുത്തിനില്ക്കുന്നവരുടെനേരേ തിരിഞ്ഞുകൊണ്ട്,

മെത്രാൻ: പരിശുദ്ധനായ നാഥാ, സർവ്വശക്തനായ പിതാവേ, നിത്യനായ ദൈവമേ, അഞ്ചാംപട്ടക്കാരുടെ സ്ഥാനത്തേക്കു വിളിക്കുന്നതിനു നീ തിരുമനസ്സായിരിക്കുന്ന ഈ ദാസന്മാരെ ആശീ✠ർവ്വദിക്കുന്നതിനു കനിയേണമേ. നിന്റെ പരിശുദ്ധ ഭവനത്തിൽ നിന്റെ സ്വർഗ്ഗീയസൈന്യങ്ങളുടെ ഇടയിൽ, ഇവരെ ഉണർവ്വും ധൈര്യവുമുള്ള കാവൽക്കാരാക്കുകയും നിന്റെ പരിശുദ്ധബലിപീഠങ്ങളുടെ വിശ്വസ്തസേവകന്മാരാക്കുകയും ചെയ്യണമേ. അവരുടെമേൽ വിജ്ഞാനത്തിന്റേയും ബുദ്ധിയുടേയും അരൂപി, വിവേകത്തിന്റേയും ആത്മ

ധൈര്യത്തിന്റേയും അരുപി, അറിവിന്റേയും ഭക്തിയുടേയും അരുപി, എഴുന്നള്ളിവരട്ടെ. നിന്റെ ദിവ്യഹിതത്തിന്റെ അരുപിയാൽ ഇവരെ നീ നിറയ്ക്കണമേ. നിന്റെ ദിവ്യസേവനത്തിൽ ഇവരെ നീ ശക്തിപ്പെടുത്തേണമേ. അങ്ങനെ, നിന്റെ അഭീഷ്ടംപോലെ അനുസരണത്തോടുകൂടി നിനക്കു പരിസേവനം ചെയ്തുകൊണ്ടു് ഇവർ നിന്റെ വരപ്രസാദം പ്രാപിക്കട്ടെ. ദൈവമായ കൂഹാദക്കുദശായുടെ ഐക്യത്തിൽ നിന്നോടുകൂടി എന്നെന്നേയ്ക്കും ജീവിച്ചു ഭരണം നടത്തുന്ന നിന്റെ പുത്രൻ ഞങ്ങളുടെ കർത്താവീശോമിശിഹാവഴിയായി.....

ഉത്തരം: ആമ്മേൻ.

അനന്തരം, മെത്രാൻ ഇരിക്കുന്നു. അവർ ഓരോരുത്തരായി അടുത്തുചെന്നു് അദ്ദേഹത്തിന്റെ മുമ്പിൽ മുട്ടുകുത്തുന്നു. അപ്പോൾ ഓരോരുത്തരുടേയും തോളിൽ പുറകേടു മടക്കിവച്ചിരിക്കുന്ന ശിരോവസ്ത്രം തലയിൽ ധരിപ്പിച്ചുകൊണ്ടു്,

മെത്രാൻ: ഈ ശിരോവസ്ത്രം സ്വീകരിക്കുക. സംഭാഷണത്തിലുള്ള മിതത്വത്തെയാണു് ഇതു സൂചിപ്പിക്കുന്നതു്. ബാവായുടേയും ✠ പുത്രന്റേയും ✠ കൂഹാദക്കുദശായുടേയും ✠ നാമത്തിൽ.

ഉത്തരം: ആമ്മേൻ.

പിന്നീടു് കൈയുറാല (Maniple) ഇടതുകരത്തിൽ ധരിപ്പിച്ചുകൊണ്ടു്,

മെത്രാൻ: ഈ കൈയുറാല സ്വീകരിക്കുക. സുകൃതഫലങ്ങളെയാകുന്ന ഇതു സൂചിപ്പിക്കുന്നതു്. ബാവാ

യുടേയും ✠ പുത്രന്റേയും ✠ റൂഹാദക്കുദശായുടേയും ✠ നാമത്തിൽ.

ഉത്തരം: ആമ്മേൻ.

അനന്തരം ഒലിവുമരത്തിന്റെ കമ്പു പിടിച്ചുകൊണ്ട്,

മെത്രാൻ: കർത്താവു സന്തോഷത്തിന്റെ മേലങ്കിയും ആനന്ദത്തിന്റെ വസ്ത്രവും നിന്നെ ധരിപ്പിക്കട്ടെ. ബാവായുടേയും ✠ പുത്രന്റേയും ✠ റൂഹാദക്കുദശായുടേയും ✠ നാമത്തിൽ.

ഉത്തരം: ആമ്മേൻ.

അടുത്തതായി ലേഖനങ്ങളടങ്ങിയ വിശുദ്ധപുസ്തകം അവരുടെ നേരേ നീട്ടുകയും അവർ അതിൽ തൊടുകയും ചെയ്യുന്നു. അപ്പോൾ പുസ്തകത്തിന്മേലും അവരുടെ കരങ്ങളിന്മേലും സ്പർശിച്ചുകൊണ്ട്,

മെത്രാൻ: ലേഖനങ്ങളുടെ ഈ പുസ്തകം സ്വീകരിക്കുവിൻ. ദൈവത്തിന്റെ വിശുദ്ധപള്ളിയിൽ അവയെ ജീവിക്കുന്നവർക്കും മരിച്ചവർക്കുമായി വായിക്കുന്നതിനുള്ള അധികാരം നിങ്ങൾക്കുണ്ടായിരിക്കട്ടെ. ബാവായുടേയും ✠ പുത്രന്റേയും ✠ റൂഹാദക്കുദശായുടേയും ✠ നാമത്തിൽ.

ഉത്തരം: ആമ്മേൻ.

അഞ്ചാംപട്ടം കഴിഞ്ഞു. ആർച്ചുഡീക്കൻ പറയുമ്പോൾ അവർ സ്വസ്ഥാനങ്ങളിലേക്കു പോകുന്നു. മെത്രാൻ ദിവ്യബലി തുടരുന്നു. അദ്ദേഹം ലേഖനം വായിക്കുമ്പോൾ അഞ്ചാംപട്ടക്കാരിൽ മൂത്തവൻ മെത്രാനോടടുത്ത ഉയർന്നസ്ഥലത്തിൽ ലേഖനം വായിക്കുന്നതുണ്ട്.

* * *

ST THOMAS MONASTERY
Call No
SI No
LIBRARY
RAMPACHY

ആറാം പാട്ടം

ലത്തീൻകർബ്ബാനയിൽ കളക്ഠറിന്റെ അവസാനത്തിൽ മെത്രാൻ ''ഓ നാഥാ. . . . . '' (പേജ് 26 കാണുക) എന്ന പ്രാർത്ഥന ചൊല്ലിക്കഴിഞ്ഞ് ലേഖനം വായിക്കുന്നു.

സുറിയാനിക്കർബ്ബാനയിൽ മെത്രാൻ എങ്കത്താം വായിക്കുന്നു. മെത്രാൻ ബലിപീഠത്തിന്റെ മുമ്പിൽ മദ്ധ്യത്തിൽ ജനങ്ങൾക്കഭിമുഖമായി ഇരിക്കുന്നു.

ആർച്ചുഡീക്കൻ: ആറാംപട്ടം (ഡീക്കൻസ്ഥാനം) സ്വീകരിക്കാനുള്ളവർ മുമ്പോട്ടുവരട്ടെ.

ഉടനെ പട്ടം സ്വീകരിക്കാനുള്ളവരുടെ പേരുകൾ അദ്ദേഹം ക്രമമായി വിളിക്കുകയും ഓരോരുത്തരും 'ഹാജർ' പറഞ്ഞുകൊണ്ട് മെത്രാന്റെ മുമ്പിൽവന്ന് അഭ്യുത്ഥാകാരമായി മുട്ടുകുത്തുകയും ചെയ്യുന്നു.

ആർച്ചുഡീക്കൻ: അഭിവന്ദ്യനായ പിതാവേ, ഇവിടെ സന്നിഹിതരായിരിക്കുന്ന ഈ അഞ്ചാംപട്ടക്കാരെ ഡീക്കൻസ്ഥാനത്തേയ്ക്ക് ഉയർത്തണമെന്നു നമ്മുടെ മാതാവായ കത്തോലിക്കസഭ അഭ്യർത്ഥിക്കുന്നു.

മെത്രാൻ: ഇവർ (അതിനു) യോഗ്യരാണെന്നു നിങ്ങൾക്കറിയാമോ?

ആർച്ചുഡീക്കൻ: മാനുഷികമായ ബലഹീനത അനുവദിക്കുന്നിടത്തോളം, ഇവർ ആ സ്ഥാനത്തിനു യോഗ്യരാണെന്നു ഞാൻ അറിയുകയും അപ്രകാരം ഞാൻ സാക്ഷിക്കുകയും ചെയ്യുന്നു.

മെത്രാൻ: ദൈത്തിനു സ്തുതിയായിരിക്കട്ടെ.

അനന്തരം അവിടെ സന്നിഹിതരായിരിക്കുന്നവരോട്;

മെത്രാൻ: കർത്താവായ ദൈവത്തിന്റെയും നമ്മുടെ രക്ഷകനായ ഈശോമിശിഹായുടേയും സഹായത്താൽ ഇവിടെ നില്ക്കുന്ന അഞ്ചാംപട്ടക്കാരെ ഡീക്കൻസ്ഥാനത്തേയ്ക്കു നാം വിളിക്കുന്നു. ഇവരിൽ ആർക്കെങ്കിലും എതിരായി, നിങ്ങളിൽ ആർക്കെങ്കിലും എന്തെങ്കിലും, പറയുവാനുള്ള പക്ഷം ദൈവത്തെക്കുറിച്ചും ദൈവനാമത്തിലും ധൈര്യപൂർവ്വം മുമ്പോട്ടുവന്നു പറയട്ടെ. എന്നാൽ, സ്വന്ത നിലയെപ്പറ്റി ഓരോരുത്തനും പരിപൂർണ്ണബോധമുണ്ടായിരിക്കണം.

അല്പസമയത്തേയ്ക്കു മൗനമായിരുന്നതിനുശേഷം തന്റെ മുമ്പിൽ മുട്ടുകുത്തിനില്ക്കുന്നവരോട്,

മെത്രാൻ: ഏറ്റവും പ്രിയപ്പെട്ട മക്കളേ, നിങ്ങൾ ലേവായക്കാരുടെ സ്ഥാനത്തേക്ക് ഉയർത്തപ്പെടുവാൻ പോവുകയാണു്. ആകയാൽ, സഭയിലേ ഏറ്റ ഉന്നതമായ പദവിയിലേക്കാണു നിങ്ങൾ ആരോഹണംചെയ്യുവാൻപോകുന്നതെന്നു നിങ്ങൾ അവഗാഢം പരിചിന്തനം ചെയ്യുവിൻ. ബലിപീഠത്തിൽ (പുരോഹിതനു്) പരികർമ്മം ചെയ്യുകയും ജ്ഞാനസ്നാനം നല്കുകയും സുവിശേഷം പ്രസംഗിക്കുകയുമാണു് ഡീക്കന്റെ ജോലികൾ. പഴയനിയമത്തിൽ, പന്ത്രണ്ടു ഗോത്രക്കാരിൽനിന്നു ലേവിയുടെ വംശം, ദൈവത്തിന്റെ ക്ഷേത്രത്തിൽ പരിസേവനം ചെയ്യുന്നതിനും അവിടെ അനുസ്മൃതം നടത്തപ്പെട്ടിരുന്ന ബലികർമ്മങ്ങളിൽ ശുശ്രൂഷ നടത്തുന്നതിനുമായി വിശേഷവിധിയായി തിരഞ്ഞെടുക്കപ്പെട്ടു. ഈ ഗോത്രത്തിൽപ്പെടാത്ത യാതൊരുത്തനും പ്രസ്തുത

ദിവ്യകർമ്മങ്ങളിൽ സഹകരിക്കുന്നതിന് അനുവദിക്കപ്പെട്ടിരുന്നില്ല; അത്രയ്ക്കും മഹത്തമമായിരുന്ന ആ വംശത്തിനു നല്കപ്പെട്ട സ്ഥാനം. അങ്ങനെ കർത്താവിന്റെ വംശമായിരിക്കുന്നതിനും കർത്താവിന്റെ ഗോത്രമെന്നു വിളിക്കപ്പെടുന്നതിനുമുള്ള പരമ്പരാഗതമായ ഒരു പ്രത്യേകാനുകൂല്യം അവർക്ക് സംസിദ്ധമായി.

വത്സലപുത്രന്മാരേ, നിങ്ങൾ ഇന്ന് അവരുടെ നാമവും ഉദ്യോഗവും സ്വീകരിക്കുന്നു. വാഗ്ദാനത്തിന്റെ ക്രൂടാരത്തിൽ, അതായത്, ദൈവത്തിന്റെ സഭയിൽ, ശുശ്രൂഷ നടത്തുന്നതിനായി ലേവായക്കാരുടെ പദവിയിലേക്കു നിങ്ങൾ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. സദാ സമരത്തിനു സന്നദ്ധതയോടെ ശത്രുക്കൾക്കെതിരായി "ഒരനസ്യൂതയുദ്ധം അവൾ നടത്തിക്കൊണ്ടിരിക്കുകയാണ്." വിശുദ്ധ അപ്പസ്തോലൻ പ്രസ്താവിക്കുന്നതുപോലെ, "നമ്മുടെ യുദ്ധം ശരീരത്തോടും രക്തത്തോടുമല്ല, പ്രഭുതപങ്ങളോടും, അധികാരികളോടും അന്ധകാരമയമായ ഈ ലോകത്തെ കീഴടക്കിയിരിക്കുന്നവരോടും, ആകാശത്തിൻകീഴുള്ള ദുഷ്ടാത്മാക്കളോടുമാകുന്നു"(1).

ലേവായക്കാർ ദിവ്യപേടകം വഹിക്കുകയും സംരക്ഷിക്കുകയും ചെയ്തതുപോലെ, പരിശുദ്ധിയുടെ കവചം ധരിച്ചുകൊണ്ടും ദൈവവാക്യങ്ങൾ പ്രസംഗിച്ചുകൊണ്ടും, ആക്ഷേപരഹിതമായ ജീവിതമാതൃകകൊണ്ടും സഭയെ നിങ്ങൾ സംവഹിക്കുകയും സംരക്ഷിക്കുകയും ചെയ്യേണ്ടതാണ്. 'ലേവി' എന്നു പറഞ്ഞാൽത്തന്നെ 'ക്ര

(1) അപ്പോസ്. 6: 12.

ട്ടിച്ചേർക്കപ്പെട്ട' 'പൊക്കിയെടുക്കപ്പെട്ട' എന്നൊക്കെ അർത്ഥമാകുന്നു. എന്റെ വാത്സല്യഭാജനങ്ങളേ, പൈതൃകാവകാശമായി ഈ നാമം പ്രാപിച്ചിരിക്കുന്ന നിങ്ങൾ ആത്മാവിനെതിരായി സമരം നടത്തുന്ന മാംസത്തിന്റെ ദുരാഗ്രഹത്തിൽനിന്നും ലോകത്തിന്റെ വ്യാമോഹങ്ങളിൽനിന്നും സമുദ്ധൃതരായിരിക്കണം. ക്രിസ്തുവിന്റെ ദാസന്മാർക്കും ദൈവരഹസ്യങ്ങളുടെ കാര്യവിചാരിപ്പുകാർക്കും അനുയോജ്യമാംവിധം നിങ്ങൾ ശുദ്ധിമാന്മാരും നിഷ്കളങ്കന്മാരും ബ്രഹ്മചാരികളും ആയിരിക്കുവിൻ. അങ്ങനെ സഭയുടെ ശ്രേഷ്ഠകരുടെ ഗണത്തിൽ യോഗ്യമായി നിങ്ങൾ ചേർക്കപ്പെടുകയും, കർത്താവിന്റെ പ്രിയഗോത്രവും അവകാശവും നിങ്ങൾ ആയിത്തീരുകയും ചെയ്യും. ക്രൂശതെ,കർത്താവിന്റെ തിരുശ്ശരീരരക്തങ്ങളാകുന്ന ബലിയിൽ നിങ്ങൾ സഹകരിക്കുകയും ചെയ്യുന്നതിനാൽ, "കർത്താവിന്റെ പാത്രങ്ങൾ വഹിക്കുന്നവരേ, നിങ്ങൾ പരിശുദ്ധരായിരിക്കുവിൻ" എന്ന ദിവ്യവചനമനുസരിച്ചു മാംസത്തിന്റെ സകല കറകളിൽനിന്നും നിങ്ങൾ വിമുക്തരായിരിക്കുകയുംവേണം. ഈ ഉദ്യോഗത്തിലേക്കു വാഴ്ത്തപ്പെട്ട എസ്തപ്പാനോസ് അപ്പസ്തോലന്മാരാൽ തിരഞ്ഞെടുക്കപ്പെട്ടതു് അദ്ദേഹത്തിന്റെ മഹത്തമമായ ബ്രഹ്മചാരിത്വംകൊണ്ടായിരുന്നുവെന്നു് നിങ്ങൾ അനുസ്മരിക്കേണ്ടതാണു്. നിങ്ങൾ പ്രസംഗിക്കുന്ന സുവിശേഷത്തിനു സജീവമായ പ്രവർത്തനംകൊണ്ടു വ്യാഖ്യാനം നല്കുന്നതിനു നിങ്ങൾ പ്രത്യേകം ശ്രദ്ധയുള്ളവരായിരിക്കണം. അങ്ങനെ, "സമാധാനത്തിന്റെ സുവിശേഷം പ്രസംഗിക്കുന്നവരുടേയും സുവാർത്തകൾ

അറിയിക്കുന്നവരുടേയും പാദങ്ങൾ അനുഗ്രഹീതങ്ങളാകുന്നു"വെന്നു നിങ്ങളെപ്പറ്റിയും സാർത്ഥകമായി പറയപ്പെടുന്നതിന് ഇടയാകട്ടെ. സമാധാനത്തിന്റെ സുവിശേഷത്തിനായുള്ള പ്രയത്നങ്ങളിൽ വിശ്വാസികളുടെ മാതൃകകളാൽ നിങ്ങൾ ഉദ്ബുദ്ധരായിത്തീരുവിൻ. കർത്താവു തന്റെ പ്രസാദവരത്താൽ ഈ അനുഗ്രഹം നിങ്ങൾക്കു നല്കുമാറാകട്ടെ.

ഉത്തരം: ആമ്മേൻ.

അനന്തരം, ഇരുന്നുകൊണ്ട് വൈദീകരോടും ജനങ്ങളോടുമായിട്ട്,

മെത്രാൻ: ഡീക്കൻസ്ഥാനം അർഥിക്കുന്ന ഇവർ, സാർവ്വത്രികസഭയുടെ പ്രാർത്ഥനവഴിയായി ലേവായക്കാരുടെ ആശീർവ്വാദങ്ങൾ പ്രാപിക്കുന്നതിനും തങ്ങളുടെ ജീവിതത്തിന്റെ ആദ്ധ്യാത്മികപ്രബുദ്ധതയാൽ ഉജ്ജ്വലിക്കുന്ന മാതൃകകളായിത്തീരുന്നതിനും ശുദ്ധീകരവരപ്രസാദത്തെ ബഹിഃസ്ഫുരിപ്പിക്കുന്നവരായി പരിണമിക്കുന്നതിനും പൊതുവായ യാചനകളും ഏകാഗ്രമായ പ്രാർത്ഥനകളും അനുസ്യൂതമുണ്ടായിരിക്കട്ടെ. ദൈവമായ കൃഷ്ണഭക്തഭശായുടെ ഐക്യത്തിൽ പിതാവിനോടുകൂടി എന്നെന്നേയ്ക്കും ജീവിച്ചു ഭരണം നടത്തുന്ന നമ്മുടെ കർത്താവീശോമിശിഹാവഴിയായി ....

ഉത്തരം: ആമ്മേൻ.

അനന്തരം എഴുന്നേറ്റുനിന്ന് അല്പം ഉയർന്ന സ്ഥലത്തിൽ:

മെത്രാൻ: ഏറ്റവും പ്രിയപ്പെട്ട സഹോദരരേ, ആറാം പട്ടക്കാരുടെ പദവിയിലേയ്ക്കു തന്റെ ഈ ദാസന്മാരെ ഉയർത്തുന്നതിനു തിരുമനസ്സായിരിക്കുന്ന സർവ്വശക്തനും

പിതാവുമായ ദൈവത്തോട് തന്റെ അനുഗ്രഹങ്ങളെ കരുണാപൂരസ്സരം അതിധാരാളമായി ഇവരുടെമേൽ വർഷിക്കുന്നതിനു നമുക്കു യാചിക്കാം. ഇവക്കു തിരുപ്പട്ട ശുശ്രൂഷയാൽ നല്കപ്പെട്ടിരിക്കുന്ന ദാനങ്ങളെ അവിടുന്നു തന്റെ നന്മയാൽ സംരക്ഷിക്കട്ടെ. അവിടുന്നു കൃപാപൂർവ്വം നമ്മുടെ പ്രാർത്ഥനകൾ ശ്രവിക്കുകയും നമ്മുടെ ഔദ്യോഗികാധികാരത്താൽ നാം ഇവരിൽ ആരംഭിച്ചിരിക്കുന്നവയെ തന്റെ സ്നേഹമസൃണമായ സഹായത്താൽ പൂർണ്ണമാക്കുകയും ചെയ്യട്ടെ. നമുക്ക് അറിയുവാൻ കഴിയുന്നിടത്തോളം, ദിവ്യരഹസ്യങ്ങളുടെ പരികർമ്മത്തിന് ഇവർ യോഗ്യരാണ്. അവിടുന്നു തന്റെ ആശീർവ്വാദത്താൽ ഇവരെ വിശുദ്ധീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യട്ടെ. അവിടത്തോടുകൂടിയും ദൈവമായ പരിശുദ്ധാത്മാവോടുകൂടിയും ജീവിച്ചു ഭരണം നടത്തുന്ന തന്റെ പുത്രൻ നമ്മുടെ കർത്താവീശോമിശിഹാവഴിയായി.... ... ...

കരങ്ങൾ വിരിച്ചുപിടിച്ചുകൊണ്ട്,

മെത്രാൻ: എന്നും എന്നെന്നേയ്ക്കും.

ഉത്തരം: ആമ്മേൻ.

മെത്രാൻ: കർത്താവു നിങ്ങളോടുകൂടെ.

ഉത്തരം: അങ്ങേ ആത്മാവിനോടുംകൂടെ.

മെത്രാൻ: നിങ്ങളുടെ ഹൃദയങ്ങളെ ഉയർത്തുവിൻ.

ഉത്തരം: അവയെ കർത്താവിൻപക്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

മെത്രാൻ: നാഥനായ നമ്മുടെ ദൈവത്തിനു ന

മുക്ക കൃതജ്ഞത സമർപ്പിക്കാം.

ഉത്തരം: അതു വാസ്തവത്തിൽ നല്ലതും നീതിയുക്തവുമാകുന്നു.

മെത്രാൻ: പരിശുദ്ധനായ നാഥാ, സർവ്വശക്തനായ പിതാവേ, നിത്യനായ ദൈവമേ, സകല ബഹുമാനങ്ങളുടേയും ഉറവയേ, എല്ലാ അധികാരത്തിന്റേയും ഉദ്യോഗത്തിന്റേയും ദാതാവേ, എല്ലാ സമയങ്ങളിലും എല്ലാ സ്ഥലങ്ങളിലും നിനക്കു ഞങ്ങൾ കൃതജ്ഞത സമർപ്പിക്കുക എത്ര നല്ലതും നീതിയുക്തവുമാകുന്നു. സ്വയംഭൂവായിരുന്നു കൊണ്ട്, നിന്റെ പുത്രൻ ഞങ്ങളുടെ കർത്താവീശോമിശിഹാവഴിയായി എല്ലാറ്റിനേയും അങ്ങു നവീകരിക്കുകയും ക്രമവത്കരിക്കുകയും ചെയ്യുന്നുവല്ലോ. നിത്യംമുതൽ തന്നെ ദിവ്യപരിപാലനത്താൽ സകലത്തേയും നീ സജ്ജമാക്കുകയും തക്കസമയത്തു് ഓരോ ആവശ്യവും നീ സാധിക്കുകയും ചെയ്യുന്നു. വിവിധങ്ങളായ സ്വർഗ്ഗീയാനുഗ്രഹങ്ങൾകൊണ്ടു് ഈശോയുടെ മൗതികശരീരമായ കത്തോലിക്കസഭയെ നീ സമലങ്കരിച്ചു; അതിന്റെ ഘടനാവിശേഷത്തെ ആകമാനം ബന്ധിക്കുന്ന വിസ്മയനീയമായ ഒരു നിയമത്താൽ, വ്യത്യസ്തരായ അതിന്റെ അംഗങ്ങളെ ഏകശരീരമായി നീ സംയോജിപ്പിച്ചു അങ്ങനെ നിന്റെ സമാരാധനത്തിന്റെ വർദ്ധനവിനായി അതിനെ നീ അഭിവൃദ്ധിപ്പെടുത്തുകയും വ്യാപിപ്പിക്കുകയും ചെയ്യുന്നു. ദിവ്യസേവനത്തിലേർപ്പെട്ടിരിക്കുന്നവർ വ്യത്യസ്തങ്ങളായ മൂന്നു പദവികളിൽ നിന്റെ പരിശുദ്ധനാമത്തിനു ശുശ്രൂഷ ചെയ്യണമെന്നു നീ നിശ്ചയിച്ചിരിക്കുന്നുവല്ലോ. അങ്ങനെ പഴയനിയമത്തിൽ, നിന്റെ

വിശുദ്ധഭവനത്തിൽ അനുഷ്ഠിക്കപ്പെട്ടിരുന്ന ദിവ്യരഹസ്യങ്ങളുടെ പരികർമ്മത്തിൽ ആജീവനാന്തം നിലനില്ക്കുന്നതിനും, നിതാന്തമായ അനുഗ്രഹത്തെ തങ്ങളുടെ നിത്യമായ അവകാശമായി സ്വീകരിക്കുന്നതിനുംവേണ്ടി വിശ്വസ്തരായ ഭൃത്യന്മാരായി ലേവിയുടെ പുത്രന്മാർ തിരഞ്ഞെടുക്കപ്പെട്ട. ഓ! നാഥാ, നിന്റെ ബലിപീഠത്തിങ്കലേ ശുശ്രൂഷയ്ക്കായി വിനീതമായ പ്രാർത്ഥനയോടുകൂടി ആറാംപട്ടസ്ഥാനത്തേക്കു ഞങ്ങൾ ഉയർത്തുന്ന നിന്റെ ഈ ദാസന്മാരുടെമേൽ കരുണാപൂർവ്വംകടാക്ഷിക്കേണമേ. ദിവ്യജ്ഞാനമോ അനന്തബുദ്ധിയോ ഇല്ലാത്ത വെറും മനുഷ്യസൃഷ്ടികളായിരിക്കുന്ന ഞങ്ങൾ ഞങ്ങളുടെ ശക്തിക്കനുസരണമായി ഇവരുടെ ജീവിതത്തെപ്പറ്റി അഭിപ്രായം രൂപവൽക്കരിക്കുന്നു. എന്നാൽ, നാഥാ, ഞങ്ങൾക്ക് അജ്ഞാതമായിരിക്കുന്നവ അങ്ങേയ്ക്ക് അജ്ഞാതമല്ല. മറച്ചുവച്ചുകൊണ്ട് അങ്ങെ വഞ്ചിക്കുന്നതിന് ആർക്കും സാദ്ധ്യവുമല്ല. അങ്ങ് സകല രഹസ്യങ്ങളേയും ഗ്രഹിച്ചിരിക്കുന്നു; ഹൃദയങ്ങളെ പരിശോധിക്കുകയും ചെയ്യുന്നു. സ്വർഗ്ഗീയജ്ഞാനത്താൽ ഇവരുടെ ജീവിതത്തെ പരിശോധിക്കുന്നതിന് അങ്ങേയ്ക്ക് സാധ്യമാണ്. തങ്ങളുടെ ഉദ്യോഗനിർവ്വഹണത്തിനായി ഇവരുടെ പാപങ്ങളെ പ്രമാർജ്ജനം ചെയ്യുന്നതിനും ഇവരെ സുശക്തരാക്കുന്നതിനും അങ്ങേയ്ക്ക് കഴിയും.

അനന്തരം, ഓരോരുത്തന്റെയും ശിരസ്സിൽ തന്റെ വലത്തുകരം വച്ചുകൊണ്ട്,

മെത്രാൻ: ശക്തിക്കായിട്ടും, സാന്ത്വനോട്ടും അ

വന്റെ പ്രലോഭനങ്ങളോടും എതിരിടുന്നതിനായിട്ടും പരിശുദ്ധാത്മാവിനെ നീ സ്വീകരിക്കുക. കർത്താവിന്റെ നാമത്തിൽ ....

ഇങ്ങനെ കൈവെയ്പ് ലഭിച്ചതിനുശേഷം എല്ലാവരും പൂഴ്ച സ്ഥാനത്തുതന്നെ വന്നു മുട്ടുകുത്തി നില്ക്കുമ്പോൾ അവരുടെ നേരേ തിരിഞ്ഞുനിന്നു വലത്തുകരം ഉയർത്തിപ്പിടിച്ചുകൊണ്ട്,

മെത്രാൻ: കർത്താവേ, ഹാദക്കുദശായുടെ ഏഴു ദാനങ്ങളാൽ തങ്ങളുടെ ഉദ്യോഗത്തിന്റെ ചുമതലകൾ ഇവർ വിശ്വസ്തതയോടുകൂടി നിറവേറ്റുന്നിനു നിന്റെ പരിശുദ്ധാത്മാവിനെ ഇവരുടെമേൽ അയയ്ക്കേണമെന്നു് നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. അഹങ്കാരവിഹീനമായ അധികാരത്തിലും അചഞ്ചലമായ വിനയത്തിലും നിഷ്കളങ്കമായ പരിശുദ്ധിയിലും ആദ്ധ്യാത്മികജീവിതത്തിന്റെ ശിക്ഷണത്തിലും ഇവരുടെ പുണ്യം അതിന്റെ സകല മനോഹാരിതയോടുംകൂടി പരിലസിക്കട്ടെ. ഇവരുടെ പരിശുദ്ധിയുടെ മാതൃകയാൽ വിശ്വാസികൾ പരിശുദ്ധജീവിതത്തിനു പ്രചോദിതരാകുന്നതിനുവേണ്ടി നിന്റെ പ്രമാണങ്ങൾ ഇവരുടെ ജീവിതത്തിൽ പ്രശോഭിക്കട്ടെ. പരിശുദ്ധമായ അന്തഃകരണത്തിന്റെ ഉത്തമമായ സാക്ഷ്യത്തിനനുസരണമായി ജീവിച്ചു് ഇവർ ക്രിസ്തുവിൽ സുശക്തരും അചഞ്ചലരും ആയി നിലനില്ക്കട്ടെ. ക്രൂടാതെ ആനുക്രമമായ സ്ഥാനക്കയറ്റംവഴി തക്കസമയത്തു് ഉന്നതസ്ഥാനത്തേയ്ക്കു് ആരോഹണം ചെയ്യുന്നതിനു് ഇവർ യോഗ്യരാവുകയും ചെയ്യട്ടെ. ദൈവമായ പരിശുദ്ധാത്മാവിനെ

ക്യത്തിൽ നിന്നോടുക്രൂടി എന്നെന്നേയ്ക്കും ജീവിച്ചു ഭരണം നടത്തുന്ന നിന്റെ പുത്രൻ ഞങ്ങളുടെ കത്താവീശോമിശിഹാ വഴിയായി.... ....

ഉത്തരം: ആമ്മേൻ.

അനന്തരം മെത്രാൻ ഇരിക്കുകയും അവർ മാറിമാറി അദ്ദേഹത്തിന്റെ മുമ്പിൽ മുട്ടുകുത്തുകയും ചെയ്യുന്നു. അപ്പോൾ ഓരോരുത്തരുടേയും പക്കലുള്ള നെടിയ ഊരാല എടുത്തു് ഇടത്തേ തോളിൽ വച്ചുകൊണ്ടു്:

മെത്രാൻ: ദൈവത്തിന്റെ തൃക്കരങ്ങളിൽനിന്നു് ഈ വെളുത്ത ഊറാല സ്വീകരിക്കുകയും നിന്റെ ഉദ്യോഗം നിറവേറുകയും ചെയ്യുക. എന്തുകൊണ്ടെന്നാൽ, തന്റെ പ്രസാദവരത്തെ നിന്നിൽ വർദ്ധിപ്പിക്കുന്നതിനു ദൈവം ശക്തനാണു്; അവിടുന്നു് എന്നെന്നേയ്ക്കും ജീവിച്ചു ഭരണം നടത്തുന്നു.... ....

ഉത്തരം: ആമ്മേൻ.

ഇടത്തേ തോളിൽനിന്നു് ഊരാലയുടെ അറ്റങ്ങൾ വലത്തുകരത്തിന്റെ അടിയിൽ ബന്ധിക്കുന്നു. പിന്നീടു് അയാളുടെ പക്കൽനിന്നു ഉൽമത്തി വാങ്ങി നിവർത്തു ധരിപ്പിച്ചുകൊണ്ടു്,

മെത്രാൻ: രക്ഷയുടെ മേലങ്കിയും ആനന്ദത്തിന്റെ വസ്ത്രവും കത്താവു നിന്നെ ധരിപ്പിക്കട്ടെ; നീതിയുടെ ഉൽമത്തി നിന്നെ സദാ സംവരണം ചെയ്യുകയും ചെയ്യട്ടെ. കത്താവിന്റെ നാമത്തിൽ.

ഉത്തരം: ആമ്മേൻ.

അനന്തരം സുവിശേഷഗ്രന്ഥം അവർ നീട്ടുമ്പോൾ അവർ വലത്തുകൈകൊണ്ടു് അതിൽ തൊടുന്നു; അപ്പോൾ,

മെത്രാൻ: ദൈവത്തിന്റെ സഭയിൽ ജീവിക്കു

ന്നവക്കും മരിച്ചവക്കുംവേണ്ടി സുവിശേഷം വായിക്കുന്നതിനുള്ള അധികാരം സ്ഥീകരിക്കുക.

ഉത്തരം: ആമ്മേൻ.

എല്ലാവക്കും ഈ അധികാരം നല്കീയതിനുശേഷം, ബലിപീഠത്തിങ്കലേക്കു തിരിഞ്ഞുനിന്നുകൊണ്ട്,

മെത്രാൻ: നമുക്കു പ്രാത്ഥിക്കാം.

മറ്റുള്ളവർ: നമുക്കു മുട്ടുകുത്താം.

ഉത്തരം: എഴുന്നേല്ക്കുവിൻ.

ആറാംപട്ടക്കാരുടെ നേരേ തിരിഞ്ഞുനിന്നുകൊണ്ട്,

മെത്രാൻ: ഓ നാഥാ, ഞങ്ങളുടെ പ്രാത്ഥന കേട്ട് അനുഗ്രഹപ്രദമായ അങ്ങേ അരുപിയെ നിന്റെ ഈ ദാസന്മാരുടെമേൽ വർഷിക്കേണമേ. അതുവഴിയായി സ്ഥീയദാനങ്ങളാൽ സമ്പന്നരായി നിന്റെ മഹനീയ സന്നിധിയിൽ ഇവർ നിന്നെ പ്രീണിപ്പിക്കുന്നതിനും, തങ്ങളുടെ സഹവാസികൾക്കു നിഷ്കളങ്കമായ ഒരു ജീവിതത്തിന്റെ മാതൃകകാണിച്ചുകൊടുക്കുന്നതിനും, ഇവക്ക് ഇടയാകട്ടെ. ദൈവായ രൂഹാദക്കുദശായുടെ ഐക്യത്തിൽ നിന്നോടുകൂടി ജീവിച്ചു ഭരണം നടത്തുന്ന നിന്റെ പുത്രൻ ഞങ്ങളുടെ കത്താവീശോമിശിഹാവഴിയായി.... ....

ഉത്തരം: ആമ്മേൻ.

മെത്രാൻ: നമുക്കു പ്രാത്ഥിക്കാം. പരിശുദ്ധനായ നാഥാ, വിശ്വാസത്തിന്റേയും ശരണത്തിന്റേയും പ്രസാദവരത്തിന്റേയും പിതാവേ, പുരോഗതിയുടെ ദാതാവേ,ആകാശത്തിലും ഭ്രമിയിലും ദൈവദൂതന്മാരുടെ പരിസേവനത്തെ സർവ്വത്ര നീ ഉപയോഗിക്കുകയും നിന്റെ

തിരുമനസ്സിന്റെ പ്രവർത്തനഫലത്തെ വിശ്വാസകലം നീ പ്രസരിപ്പിക്കുകയും ചെയ്യുന്നവല്ലോ. ആദ്ധ്യാത്മിക കാര്യങ്ങളിലുള്ള ശുഷ്കാന്തിയാൽ നിന്റെ ഈ ദാസന്മാരെ പ്രകാശിപ്പിക്കുന്നതിനു നീ കനിയേണമേ. അതുവഴിയായി ഇവർ നിന്റെ സേവനത്തിനു സദാ സന്നദ്ധരായ പരിചാരകരും നിന്റെ ബലിപീഠങ്ങളുടെ കറ മറ്റ ശുശ്രൂഷകരും ആയിത്തീരട്ടെ. നിന്റെ പ്രസാദവരത്താൽ പരിശുദ്ധിയിൽ ഇവർ അഭിവൃദ്ധി പ്രാപിക്കുകയും, വിശുദ്ധ എസ്തപ്പാനോസിനെ ഒന്നാമനും പ്രധാനിയുമാക്കിക്കൊണ്ടു് ശ്ലീഹന്മാർ തിരഞ്ഞെടുത്ത ഏഴുപേരുടെ യോഗ്യരായ പിൻഗാമികളായി ഇവർ പരിണമിക്കുകയും ചെയ്യട്ടെ. അങ്ങേ സേവനത്തിനു് അനുയോജ്യമായ സകല സുകൃതങ്ങളാലും സമലംകൃതരായി ഇവർ നിന്റെ തിരുമുമ്പിൽ സംപ്രീതരായി ഭവിക്കട്ടെ. ദൈവമായ കൃഹാദ്ധക്കുദശായുടെ ഐക്യത്തിൽ നിന്നോടുകൂടി എന്നെന്നേയ്ക്കും ജീവിച്ചു ഭരണം നടത്തുന്ന നിന്റെ പുത്രൻ ഞങ്ങളുടെ കർത്താവീശോമിശിഹാവഴിയായി.....

ഉത്തരം: ആമ്മേൻ.

ആർച്ചുഡീക്കന്റെ നിർദ്ദേശമനുസരിച്ചു് ഇവർ സ്വസ്ഥാനങ്ങളിലേക്കുപോകുന്നു. മെത്രാൻ ദിവ്യബലി തുടരുന്നു. സുവിശേഷം വായിക്കുന്ന സമയമാകുമ്പോൾ ഈ പുതിയ ഡീക്കന്മാരിലൊരുവൻ ബലിപീഠത്തിനടുത്തുവന്നു് അന്നത്തെ സുവിശേഷം വായിക്കുന്നതാണു്.

സുറിയാനിക്രർബാനയിൽ "ലാഹ്സെമ്ഹാ....." (പിതാവിന്റെ മഹത്വ....) എന്ന പ്രാർത്ഥന മെത്രാൻ ചൊല്ലുന്നു.

ലത്തീൻക്രർബാനയിൽ ട്രാക്ടറോ ഗ്രാദുവാലെയോ വായിക്കുന്നു.

* * *

കുർബ്ബാനപ്പട്ടം

പുരോഹിതസ്ഥാനമാണു് അവസാനമായി നല്കപ്പെടുന്നതു്. മെത്രാൻ ബലിപീഠത്തിന്റെ മുമ്പിൽ മദ്ധ്യഭാഗത്തു് സിംഹാസനത്തിൽ ഉപവിഷ്ടനാകുന്നു. ഉടനെ ആർച്ചുഡീക്കൻ മുമ്പോട്ടു മാറിനിന്നു വൈദികപദവിക്കുള്ളവരെ ഔദ്യോഗികമായി ഇങ്ങനെ ക്ഷണിക്കുന്നു:

പുരോഹിതപദം സ്വീകരിക്കാനുള്ളവർ മുമ്പോട്ടു വരട്ടെ—(വീട്ടുപേരും പേരും) (1).

അവർ 'ഹാജർ' പറഞ്ഞുകൊണ്ടു് മുറപ്രകാരം മെത്രാന്റെ മുമ്പിൽ ഹാജരായി അർദ്ധവൃത്താകൃതിയിൽ മുട്ടുകുത്തി നില്ക്കുമ്പോൾ,

ആർച്ചുഡീക്കൻ: അതിവന്ദ്യപിതാവേ, ഇവിടെ സന്നിഹിതരായിരിക്കുന്ന ഈ ആറാംപട്ടക്കാരെ പൗരോഹിത്യപദവിയിലേക്കു് ഉയർത്തണമെന്നു നമ്മുടെ മാതാവായ കത്തോലിക്കസഭ അഭ്യർത്ഥിക്കുന്നു.

മെത്രാൻ: ഇവർ (അതിനു) യോഗ്യരാണെന്നു നിങ്ങൾക്കറിയാമോ?

ആർച്ചുഡീക്കൻ: മാനുഷികമായ ബലഹീനത അനുവദിക്കുന്നിടത്തോളം, ഇവർ ആ സ്ഥാനത്തിനു യോഗ്യരാണെന്നു് ഞാൻ അറിയുകയും അപ്രകാരം ഞാൻ സാക്ഷിക്കുകയും ചെയ്യുന്നു.

മെത്രാൻ: ദൈവത്തിനു സ്തുതിയായിരിക്കട്ടെ.

---

(1) ഈ ക്രമത്തിൽ വൈദികപട്ടം മാത്രമേ നല്കപ്പെടുന്നുള്ളുവെങ്കിൽ ആദ്യം നാം കേട്ട പ്രഖ്യാപനം (പേജു് 2. കാണുക) ഇപ്പോഴാണു വായിക്കപ്പെടുക.

അനന്തരം അവിടെ സന്നിഹിതരായിരിക്കുന്ന ജനങ്ങളോട്ട്,

മെത്രാൻ: എന്റെ പ്രിയ സഹോദരരേ, ഒരു കപ്പലിലേ നാവികനും യാത്രക്കാരും ഒരേ അഭിപ്രായത്തോടുകൂടി വർത്തിക്കേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, ഭയത്തിനും ആത്മധൈര്യത്തിനും അവർ രണ്ടുകൂട്ടർക്കുമുള്ള കാരണങ്ങൾ ഒന്നുതന്നെയാണു്; അവരുടെ ഉദ്യോഗങ്ങളും ഒന്നുതന്നെയാണു്. ഇക്കാരണത്താൽ ബലിപീഠത്തിൽ പരികർമ്മം ചെയ്യേണ്ട ശുശ്രൂഷകന്മാരെ തിരഞ്ഞെടുക്കുമ്പോൾ ജനങ്ങളുടെ അഭിപ്രായംകൂടി ചോദിക്കണമെന്നു വിശുദ്ധ പിതാക്കന്മാർ വിധിച്ചിരിക്കുന്നു. വൈദികസ്ഥാനാർത്ഥികളുടെ ജീവിതമൂറകളെപ്പറ്റി വളരെപ്പേർക്കു് ഒന്നും അറിഞ്ഞുകൂടെന്നു വന്നേക്കാം. എന്നാൽ, ചിലർക്കു് അവ അജ്ഞാതമായിരിക്കുകയില്ല. മാത്രമല്ല, തിരുപ്പട്ടസ്ഥാനത്തേക്കു് ഉയർത്തുന്നതിനു തങ്ങൾതന്നെ സമ്മതം നല്കുന്ന പുരോഹിതന്മാരെ അനുസരിക്കുന്നതിൽ ജനങ്ങൾ കൂടുതൽ സന്നദ്ധത പ്രകടിപ്പിക്കുമെന്നതു തീർച്ചയാണല്ലോ. ദൈവാനുഗ്രഹത്താൽ, ഇവിടെ നില്ക്കുന്ന ആറാംപട്ടക്കാരെ വൈദികസ്ഥാനത്തേയ്ക്കു് ഉയർത്തുവാൻ നാം വിചാരിക്കുന്നു. നമുക്കു് അറിയുവാൻ സാധിച്ചിടത്തോളം ഇവരുടെ ജീവിതരീതി മാതൃകാപരവും ദൈവത്തിനു തൃപ്തികരവും ആണു്; ഉയർന്ന പദവി പ്രാപിക്കുന്നതിനു് ഇവർ യോഗ്യരാണെന്നും നാം അറിയുന്നു. എന്നാൽ, ഒരുവൻ തനിച്ചു്, അല്ലെങ്കിൽ പലർ കൂടിത്തന്നെയാണെങ്കിലും, ചെയ്യുന്ന തീരുമാനം പ്രത്യേകപ്രീതികൊണ്ടോ പക്ഷംകൊണ്ടോ, അബദ്ധമായിത്തീരുവാൻ പാടില്ലായ്കയില്ല. അതുകൊ

ണ്ടു പൊതുവായ അഭിപ്രായം ആരായുകയാണു് ഉത്തമം. ഇക്കാരണങ്ങളാൽ, ഈ നില്ക്കുന്നവരുടെ ജീവിതമുറകളെയോ സ്വഭാവരീതികളേയോപറ്റി നിങ്ങൾ അറിഞ്ഞിരിക്കുന്നതും, യോഗ്യതയെപ്പറ്റി നിങ്ങൾക്കുതോന്നുന്നതുമായ അഭിപ്രായങ്ങൾ സ്വതന്ത്രമായി പറഞ്ഞുകൊള്ളുവിൻ. അതുപോലെതന്നെ, യാതൊരു പക്ഷബുദ്ധിയാലും പ്രേരിതരാകാതെ, യോഗ്യതയെമാത്രം ആധാരമാക്കി, ഇവരുടെ അർഹതയ്ക്കു നിങ്ങൾ സാക്ഷ്യം വഹിക്കുകയും ചെയ്യുവിൻ. ഇവക്കെതിരായി നിങ്ങളിൽ ആക്ഷേപങ്കിലും എന്തെങ്കിലും പറയുവാനുള്ളപക്ഷം, ദൈവത്തെക്കുറിച്ചും ദൈവനാമത്തിലും അവർ ധൈര്യപൂർവ്വം മുമ്പോട്ടുവന്നു പറയട്ടെ. എന്നാൽ, സ്വന്ത നിലയെപ്പറ്റി ഓരോരുത്തനും പരിപൂർണ്ണബോധമുണ്ടായിരിക്കണം.

അല്പസമയത്തേക്കു മൗനമായിരുന്നതിനുശേഷം ഉരുപ്പട്ടമേല്ക്കാൻ നില്ക്കുന്നവരോടു്,

മെത്രാൻ: എന്റെ ഏറ്റവും പ്രിയ മക്കളേ, പുരോഹിത്യപദവിയിൽ നിങ്ങൾ അഭിഷിക്തരാകുവാൻ പോകുന്നു. അതിനെ യഥായോഗ്യം സ്വീകരിക്കുന്നതിനും, സ്വീകരിച്ചുകഴിഞ്ഞാൽ അതിന്റെ ചുമതലകൾ വീഴ്ചകൂടാതെ നിറവേറ്റുന്നതിനുംപരിശ്രമിക്കുവിൻ. ദിവ്യബലി സമർപ്പിക്കുന്നതിനും, ആശീർവ്വദിക്കുന്നതിനും, നേതൃത്വം വഹിക്കുന്നതിനും, പ്രസംഗിക്കുന്നതിനും ജ്ഞാനസ്നാനം നല്കുന്നതിനുംവേണ്ടിയാണു് പുരോഹിതൻ നിയുക്തനാകുന്നതു്. അതിനാൽ, വലിയ ഭയത്തോടുകൂടിത്തന്നെവേണം ഇത്ര ഉന്നതമായ ഒരു പദ

വിയിലേയ്ക്ക് ആരോഹണം ചെയ്യുവാൻ. മാത്രമല്ല, അതിനു തിരഞ്ഞെടുക്കപ്പെട്ടവർ തങ്ങളുടെ അലൗകികമായ വിജ്ഞാനത്തിനും ആത്മക്ഷേപരഹിതമായ ജീവിതത്തിനും സുകൃതമാർഗ്ഗത്തിൽക്കൂടിയുള്ള സ്ഥിരമായ വ്യാപാരത്തിനും പ്രശസ്തരായിരിക്കുകയും വേണം. മോശയ്ക്ക് സഹായികളായി ഇസ്രായേൽവംശത്തിൽനിന്ന് ഏഴുപതുപേരെ തിരഞ്ഞെടുത്തുകൊള്ളുവാൻ ദൈവം അദ്ദേഹത്തോടു കല്പിച്ചപ്പോൾ, അവർക്കു പരിശുദ്ധാത്മാവിന്റെ ദാനങ്ങളെ നല്കാമെന്നു വാഗ്ദാനം ചെയ്തുകൊണ്ട് അവിടുന്ന് അനുശാസിച്ചതു് ഇപ്രകാരമാണു്: "ജനങ്ങളിൽ വയോധികന്മാരെന്നു നിനക്കു ബോധപ്പെട്ടിട്ടുള്ളവരെമാത്രം" (1) (തിരഞ്ഞെടുക്കണം). പരിശുദ്ധാത്മാവിന്റെ ഏഴുദാനങ്ങളുടെ ശക്തിയാൽ നിങ്ങൾ പത്തുപ്രമാണങ്ങളെവിശ്വസ്തതയോടെ അനുവർത്തിക്കുകയും ജ്ഞാനത്തിലും പ്രവൃത്തിയിലും ആത്മക്ഷേപരഹിതരും പരിപക്വമതികളും ആണെന്നു നിങ്ങൾ തെളിയിക്കുകയും ചെയ്യുന്നപക്ഷം വയോധികന്മാരായ ആ ജനങ്ങളെയായിരിക്കും നിങ്ങൾ ദൃഷ്ടാന്തപ്പെടുത്തുന്നതു്. പുതിയനിയമത്തിൽ കർത്താവു് ഏഴുപത്തിരണ്ടുപേരെ തിരഞ്ഞെടുത്തു; തനിക്കുമുമ്പായി പ്രസംഗിച്ചുകൊണ്ടുപോകുന്നതിനു് ഈരണ്ടുപേരായി അവരെ അവിടുന്നു നിയോഗിച്ചു. ഈ തിരഞ്ഞെടുപ്പിൽ കാണുന്ന സാദൃശ്യവും രഹസ്യവും (പഴയനിയമത്തിൽനിന്നു്) ഒട്ടും വിഭിന്നമല്ല. തന്റെ സഭയിലേ ആചാര്യന്മാർ വിശ്വാസത്തിലും പ്ര

(1) സംഖ്യാഗമം 11: 16.

വൃത്തിയിലും പരിപൂർണ്ണരായിരിക്കണമെന്ന്— അതേ, ദൈവസ്നേഹവും സഹോദരസ്നേഹവുമെന്ന ദ്വിവിധസ്നേഹങ്ങളിൽ അവർ സുശിക്ഷിതരായിക്കണമെന്ന്— ഇതു വഴിയായി വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും അവിടുന്നു പഠിപ്പിക്കുന്നു. അതിനാൽ, മോശയുടേയും പന്ത്രണ്ടു ശ്ലീഹന്മാരുടേയും സഹായികകളായി— അതായതു് മോശയേയും ശ്ലീഹന്മാരേയും ജ്ഞാപകപ്പെടുത്തുന്ന കത്തോലിക്കാമെത്രാന്മാരുടെ സഹായികളായി— ദൈവാനുഗ്രഹത്താൽ തിരഞ്ഞെടുക്കപ്പെടുന്നതിനു നിങ്ങൾ ഉറവു പരിശ്രമിക്കുവിൻ. വിസ്മയനീയമായ വൈവിധ്യത്തോടുകൂടിയ ആ ചായ്വുസംഘങ്ങളാലാണു് തിരുസ്സഭ ഭരിക്കപ്പെടുന്നതും, പരിസേവിതയും അലംകൃതയുമായി പ്രത്യക്ഷപ്പെടുന്നതും. എന്തുകൊണ്ടെന്നാൽ, ആദ്യം മെത്രാന്മാരും അവരുടെ കീഴിൽ പല പദവികളിൽ പുരോഹിതന്മാരും ആറാംപട്ടക്കാരും അഞ്ചാംപട്ടക്കാരും പ്രതിഷ്ഠിതരാകുന്നു. ഇവരെല്ലാം, സ്ഥാനമനുസരിച്ചു് വ്യത്യസ്തരാണെങ്കിലും, എല്ലാവരുംകൂടി ക്രിസ്തുവിന്റെ ഏകശരീരം ആയിത്തീരുന്നു. അതിനാൽ, എന്റെ ഏറ്റവും പ്രിയപ്പെട്ട മക്കളേ, എന്റെ സഹപ്രവർത്തകന്മാരായി അഭിഷിക്തരാകുന്നതിനു്, നമ്മുടെ സഹോദരന്മാർതന്നെ തിരഞ്ഞെടുക്കുന്ന നിങ്ങൾ, നിങ്ങളുടെ പ്രവർത്തനങ്ങളിൽ പുണ്യത്തിന്റേയും പരിശുദ്ധിയുടേയും പൂർണ്ണത കാണിക്കുന്നതിനു പ്രത്യേകം ശ്രദ്ധാലുക്കളായിരിക്കണം. നിങ്ങൾ ചെയ്യുന്നതെന്താണെന്നു ചിന്തിച്ചുനോക്കുവിൻ; നിങ്ങൾ പരികർമ്മം ചെയ്യുന്നവയെ അനുകരിക്കുകയും ചെയ്യുവിൻ; കർത്താവിന്റെ തിരുമരണത്തിന്റെ വിശുദ്ധരഹസ്യങ്ങ

ളെ നിങ്ങൾ നിവ്വഹിക്കുമ്പോൾ, ആത്മനിഗ്രഹംവഴിയായി നിങ്ങളുടെ അവയവങ്ങളിൽനിന്നു ദുരാശകളേയും അശുദ്ധിയേയും അകറ്റുന്നതിനു തീവ്രമായി യത്നിക്കുകയും ചെയ്യുവിൻ. നിങ്ങളുടെ പ്രബോധനങ്ങൾ ദൈവത്തിന്റെ ജനതയ്ക്ക് ആത്മീയമായ ഔഷധമായിത്തീരട്ടെ. നിങ്ങളുടെ സുകൃതജീവിതത്തിന്റെ പരിമളം ദൈവത്തിന്റെ സഭയ്ക്ക് ആനന്ദകരമായ സുഗന്ധമായിത്തീരട്ടെ; അങ്ങനെ, താത്വികമായ പ്രബോധനങ്ങളാലും ആനുകരണീയമായ മാതൃകയാലും ഭവനത്തെ–അതായത്, ദൈവത്തിന്റെ ഭവനത്തെ– നിർമ്മിക്കുന്നതിനു നിങ്ങൾക്കു സാധിക്കും. അതുവഴിയായി, ഇത്രയും ശ്രേഷ്ഠമായ പദവിയിലേക്കു നിങ്ങളെ ഉയർത്തുന്ന ഞാനും, ഇത്രയും മഹോന്നതമായ സ്ഥാനം സ്വീകരിക്കുന്ന നിങ്ങളും കർത്താവിന്റെ കോപവിധിയ്ക്കു വിഷയീഭവിക്കുകയില്ലെന്നുമാത്രമല്ല, അവിടത്തേ പ്രതിസമ്മാനത്തിനു നാം അർഹരായിത്തീരുകയും ചെയ്യും. അവിടുന്നതന്നെ തന്റെ കാരുണ്യത്താൽ ഈ അനുഗ്രഹം നമുക്കു നല്കുമാറാകട്ടെ.

ഗ്രന്ഥപ്പട്ടംമാത്രമേ നല്കപ്പെടുന്നുള്ളുവെങ്കിൽ 28-ാം പേജിൽ കൊടുത്തിരിക്കുന്നതുപോലെ സകലവിശുദ്ധരുടെയും ലുത്തനിയാ ഇപ്പോൾ ഗ്രഹണം ചൊല്ലുന്നതു്. അനന്തരം, ഇരുന്നുപേരായി മെത്രാന്റെ മുമ്പിൽ മുട്ടുകുത്തുകയും, അദ്ദേഹം മൗനമായി ഇരുകരങ്ങളും അവരുടെ ശിരസ്സുകളിന്മേൽ വയ്ക്കുകയും ചെയ്യുന്നു. അവിടെ സന്നിഹിതരായിരിക്കുന്ന വൈദികന്മാരെല്ലാവരും തലയിൽ അപ്രകാരം കൈവെയ്പു നടത്തുന്നതാണു്. കൈവച്ചവരെല്ലാവരും വലത്തുകൈ ഉയർത്തിപ്പിടിച്ചുകൊണ്ടുതന്നെ നില്ക്കും. ഒടുവിൽ, വലത്തുകരം ഉയർത്തിപ്പിടിച്ചുകൊണ്ടു്:

മെത്രാൻ: എന്റെ ഏറ്റവും പ്രിയപ്പെട്ട സഹോ

ദരന്മാരേ, പൗരോഹിത്യപദവിയിലേക്ക് താൻ തിര
ഞ്ഞെടുത്തിരിക്കുന്ന ഈ ദാസന്മാരുടെമേൽ സ്വർഗ്ഗീയ
ദാനങ്ങളെ സമൃദ്ധമായി വർഷിക്കുന്നതിനു സർവ്വശക്ത
നും പിതാവുമായ ദൈവത്തോടു നമുക്കു യാചിക്കാം. അ
വിടുത്തേ കരുണാമസൃണമായ ആഹ്വാനമനുസരിച്ച്
തങ്ങൾ സ്വീകരിച്ചിരിക്കുന്ന ഈ പദവിക്ക് അനുയോ
ജ്യമായി തന്റെ അനുഗ്രഹത്താൽത്തന്നെ വ്യാപരിക്കു
ന്നതിന് ഇവർക്ക് ഇടയാകട്ടെ. നമ്മുടെ കർത്താവായ
ഈശോമിശിഹാവഴിയായി.... ....

ഉത്തരം: ആമ്മേൻ.

അനന്തരം, ബലിപീഠത്തിങ്കലേയ്ക്കു തിരിഞ്ഞുകൊണ്ട്,

മെത്രാൻ: നമുക്കു പ്രാർത്ഥിക്കാം.

മറ്റുള്ളവർ: നമുക്കു മുട്ടുകുത്താം.

ഉത്തരം: എഴുന്നേല്ക്കുവിൻ.

ഉടനെ വൈദികസ്ഥാനാർത്ഥികളുടെ നേരേ തിരിഞ്ഞുകൊണ്ട്,

മെത്രാൻ: ഞങ്ങളുടെ ദൈവമായ കർത്താവേ, ഞ
ങ്ങളുടെ പ്രാർത്ഥന ചെവിക്കൊള്ളണമെന്നു നിന്നോടു
ഞങ്ങളപേക്ഷിക്കുന്നു. അഭിഷേചനത്തിനായി നിന്റെ
സ്നേഹാർദ്രമായ കാരുണ്യത്തിൻപക്കലേക്കു ഞങ്ങൾ ന
യിക്കുന്ന നിന്റെ ഈ ദാസന്മാർ അങ്ങേ അനുസ്യൂതമാ
യ കൃപാകടാക്ഷം എന്നും അനുഭവിക്കുന്നതിനായി പ
രിശുദ്ധാത്മാവിയുടെ ആശീർവ്വാദവും പൗരോഹിത്യപദ
ത്തിന്റെ പ്രാഭവവും ഇവരുടെമേൽ വർഷിക്കേണമേ.
നിന്റെ പുത്രനും ഞങ്ങളുടെ കർത്താവുമായ ഈശോമി
ശിഹാവഴിയായി.... ....

പിന്നീട് കരങ്ങൾ വിരിച്ചുപിടിച്ചുകൊണ്ട്,

മെത്രാൻ: എന്നും എന്നെന്നേയ്ക്കും.

ഉത്തരം: ആമ്മേൻ.

മെത്രാൻ: കർത്താവു നിങ്ങളോടുകൂടെ.

ഉത്തരം: അങ്ങേ അരൂപിയോടുംകൂടെ.

മെത്രാൻ: നിങ്ങളുടെ ഹൃദയങ്ങളെ ഉയർത്തുവിൻ.

ഉത്തരം: അവയെ കർത്താവിന്റെ പക്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.

മെത്രാൻ: നാഥനായ നമ്മുടെ ദൈവത്തിനു നമുക്കു കൃതജ്ഞത സമർപ്പിക്കാം.

ഉത്തരം: അതു വളരെ നല്ലതും നീതിയുക്തവുമാകുന്നു.

മെത്രാൻ: പരിശുദ്ധനായ നാഥാ, സർവ്വശക്തനായ പിതാവേ, നിത്യനായ ദൈവമേ, സകല ബഹുമാനങ്ങളുടേയും ഉറവയേ, എല്ലാ അധികാരങ്ങളുടേയും ദാതാവേ, എല്ലാ സ്ഥലങ്ങളിലും എല്ലാ സമയങ്ങളിലും നിനക്കു കൃതജ്ഞത സമർപ്പിക്കുകയെന്നതു് എത്രയും നല്ലതും നീതിയുക്തവുമാകുന്നു. എല്ലാ വസ്തുക്കളും അഭിവൃദ്ധിപ്രാപിക്കുന്നതു നിന്നിലാകുന്നു; എല്ലാം ശക്തി പ്രാപിക്കുന്നതും നിന്നിലാകുന്നു. സമർത്ഥമായ നിന്റെ ക്രമവൽകരണത്തിനനുസരിച്ചു് വിശേഷബുദ്ധിയുള്ള നിന്റെ സൃഷ്ടികളായ മനുഷ്യർ ഉന്നതതരമായ മഹത്പദത്തിലേയ്ക്കു ക്രമേണ നയിക്കപ്പെടുന്നു. പഴയനിയമത്തിലേ പൗരോഹിത്യപദവിയും ലേവായക്കാരുടെ ഉദ്യോഗവും വരാനിരുന്ന യഥാർത്ഥ പൗരോഹിത്യത്തിന്റെ സാ

ദൃശ്യംമാത്രമേ ആയിരുന്നുള്ളൂ. എന്നാൽ, ജനങ്ങളെ ഭരിക്കുന്നതിനു നീതന്നെ ആദ്യം തിരഞ്ഞെടുത്ത പ്രധാനാചാര്യന്മാർക്ക് സഹപ്രവർത്തകന്മാരും സഹായികളുമായി താഴ്ന്ന പദവിയിലും താഴ്ന്ന ഉദ്യോഗത്തിലുമുള്ളവരെ കല്പിച്ചു നല്കിയപ്പോൾ അതിന്റെ സൂചിതാർത്ഥം വ്യക്തതരമായിത്തീർന്നു. അങ്ങനെ, മരുഭൂമിയിൽവച്ച് വിജ്ഞന്മാരായ എഴുപതുപേർക്കു മോശയുടെ അരുപിയെ നീ പ്രദാനംചെയ്തു; അവരുടെ സഹകരണത്തോടുകൂടി നിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തിലേ അസംഖ്യങ്ങളായ ഗണങ്ങളെ സുകരമായി ഭരിക്കുന്നതിന് അദ്ദേഹത്തിനു സാധിക്കുകയും ചെയ്തു. അതുപോലെതന്നെ, അഹറോന്റെ പുത്രന്മാരായ എലയാസറിലേയ്ക്കും ഇത്താമാറിലേയ്ക്കും അവരുടെ പിതാവിന് അതിസമൃദ്ധമായി നല്കപ്പെട്ടിരുന്ന പൗരോഹിത്യവരവിശേഷങ്ങളെ നീ പ്രവഹിപ്പിച്ചു; അതുവഴിയായി രക്ഷാകരങ്ങളായ ബലികർമ്മം അനുസ്യൂതം സമർപ്പിക്കുന്നതിനും ഇതരവിശുദ്ധകർമ്മങ്ങൾ നിയമാനുസൃതം നടത്തുന്നതിനുമുള്ള വൈദികന്മാർ ആവശ്യംപോലെ ഉണ്ടായി. ഓ നാഥാ, ഇതേപ്രകാരംതന്നെ നിന്റെ ദിവ്യസുതന്റെ ശ്ലീഹന്മാക്കും മറ്റു സഹപ്രവർത്തകന്മാരെ നല്കുന്നതിനും, ആ വിശ്വാസപ്രബോധകന്മാർ വഴിയായി അവരുടെ വചനങ്ങൾ നാനാദിഗന്തങ്ങളിലും വ്യാപിപ്പിക്കുന്നതിനും നീ തിരുമനസ്സായി. അതിനാൽ, അതുപോലുള്ള അനുഗ്രഹങ്ങൾ ബലഹീനരായ ഞങ്ങൾക്കും നല്കണമെന്ന് കർത്താവേ, നിന്നോടു ഞങ്ങൾ യാചിക്കുന്നു. ഞങ്ങളുടെ

ബലഹീനത വളരെ വർദ്ധിച്ചതാകകൊണ്ടു് അതിനുള്ള ആവശ്യവും വളരെ വർദ്ധിച്ചതാകുന്നു. സർവ്വശക്തനായ പിതാവേ, പൗരോഹിത്യത്തിന്റെ വല്ലഭത്വത്തെ ഈ നിന്റെ ദാസന്മാക്കു നല്കുണമേയെന്നു ഞങ്ങളിതാ അപേക്ഷിക്കുന്നു. അവരുടെ ആത്മീയശക്തികളിൽ പരിശുദ്ധിയുടെ അരൂപിയെ അങ്ങു നവീകരിക്കേണമേ. അവവഴി ദൈവമേ, അങ്ങിൽനിന്നു തങ്ങൾ സ്വീകരിച്ച സ്ഥാനത്തു്, അങ്ങേ സേവനത്തിൽ, സ്ഥിരമായി നില്ക്കുന്നതിനും, തങ്ങളുടെ സുകൃതചര്യയാൽ പരിശുദ്ധ ജീവിതത്തിന്റെ അനുകരണീയമായ മാതൃക നല്കുന്നതിനും ഇവർ പ്രാപ്തരാകട്ടെ. ഞങ്ങളുടെ (വൈദിക) ഗണത്തിൽ, ഇവർ ഉത്തമ സഹപ്രവർത്തകന്മാരായിത്തീരുകയും എല്ലാ നീതിയും ഇവരിൽ പ്രശോഭിക്കുകയും ചെയ്യട്ടെ. അങ്ങനെ, തങ്ങളെ ഭാരമേല്പിക്കുന്ന കൃത്യങ്ങളേപ്പറ്റി തൃപ്തികരമായ കണക്കു തന്നിട്ടു് അനന്ത സൗഭാഗ്യമാകുന്ന പ്രതിസമ്മാനം പ്രാപിക്കുന്നതിനു് ഇവർ യോഗ്യരായിത്തീരുകയും ചെയ്യട്ടെ.

മെത്രാൻ താഴ്ന്നസ്വരത്തിൽ ഇപ്രകാരം അവസാനിപ്പിക്കുന്നു.

ദൈവമായ കൃഹാദ്ധ്യക്ഷന്റെ ഐകൃത്തിൽ നിന്നോടുകൂടി എന്നെന്നേയ്ക്കും ജീവിച്ചു ഭരണം നടത്തുന്ന നിന്റെ പുത്രൻ ഞങ്ങളുടെ കർത്താവീശോമിശിഹാ വഴിയായി.....

ഉത്തരം: ആമ്മേൻ.

അനന്തരം സിംഹാസനത്തിൽ ഇരുന്നുകൊണ്ടു് തന്റെ മുമ്പിൽ മുട്ടുകുത്തി നില്ക്കുന്ന നവവൈദികന്റെ ഇടത്തെ തോളിൽനിന്നു പുറത്തുകൂടി വലത്തുവശത്തേക്കു താഴ്ത്തി ബന്ധിച്ചിരിക്കുന്ന നെടിയ ഊറാ

ലയുടെ അറ്റം എടുത്തു് വലത്തേ തോളിന്റെ മുകളിൽ കൊണ്ടുവന്നു് മാറിടത്തിൽക്കൂടി— ഒരു കുരിശാകൃതി വരത്തക്കവിധം— ഇടത്തുവശത്തേക്കു കൊടുത്തുകൊണ്ടു്:

മെത്രാൻ: കത്താവിന്റെ നകം നീ സ്വീകരിച്ചാലും: അവിടുത്തെ നകം മാധുര്യമുള്ളതും ഭാരം ലഘുവായതുമാകുന്നു.

അനന്തരം പിൻഭാഗം തോൾവരെ മടക്കിയിട്ടുള്ള കുമ്പാനക്കുപ്പായം ഓരോരുത്തരേയും ധരിപ്പിച്ചുകൊണ്ടു്

മെത്രാൻ: പൗരോഹിത്യവസ്ത്രത്തെസ്വീകരിച്ചാലും. ഇതു് ഉപവിയെയാണു് സൂചിപ്പിക്കുന്നതു്. ഉപവിയുടെ വർദ്ധനവിനേയും അതിന്റെ പരിപൂർണ്ണപ്രവൃത്തികളേയും നിനക്കു നൽകുന്നതിനു ദൈവം ശക്തനാണു്.

ഉത്തരം: ദൈവത്തിനു സ്തുതി (ഉണ്ടായിരിക്കട്ടെ)

എല്ലാവരും മുട്ടുകുത്തി നിൽക്കുവെ എഴുന്നേറ്റു നിന്നുകൊണ്ടു്

മെത്രാൻ: എല്ലാ പരിശുദ്ധിയുടേയും ഉത്ഭവസ്ഥാനവും യഥാർത്ഥമായ എല്ലാ അഭിഷേകങ്ങളുടേയും അനുഗ്രഹപൂർണ്ണതയുടേയും ആദികാരണവുമായ ദൈവമേ, ഞങ്ങളുടെ നാഥാ, നാം പൗരോഹിത്യത്തിന്റെ പദവിയിലേയ്ക്കു് ഉയർത്തുന്ന നിന്റെ ഈ ദാസന്മാരുടെമേൽ നിന്റെ അനുഗ്രഹവരങ്ങളെ വർഷിക്കേണമേ. അവയുടെ ശക്തിയാൽ, തങ്ങളുടെ പ്രവർത്തനങ്ങളുടെ വൈശിഷ്ട്യവും ജീവിതമാതൃകയും കൊണ്ടു് വിശുദ്ധ പൗലോസ് തെത്തോസിനും തിമോത്തിയ്ക്കും നൽകിയ അനുശാസനങ്ങളനുസരിച്ചു് സുശിക്ഷിതന്മാരായ നായകന്മാരാണു് തങ്ങളെന്നു് ഇവർ പ്രകടമാക്കട്ടെ; അങ്ങയുടെ നിയമങ്ങളേപ്പറ്റി രാപ്പകൽ ധ്യാനിച്ചുകൊണ്ടു് തങ്ങൾ വായിക്കുന്നവയെ ഇവർ വിശ്വസിക്കുകയും,

വിശ്വസിക്കുന്നവയെ പഠിപ്പിക്കുകയും, മറവുള്ളവക്ക് നൽകുന്ന പ്രബോധനങ്ങളെ സ്വന്ത ജീവിതത്തിൽ ഇവർ പ്രായോഗികമാക്കുകയും ചെയ്യട്ടെ. നീതി, സ്ഥിരത, കരുണ, ധീരത മുതലായ പുണ്യങ്ങളെ തങ്ങളിൽത്തന്നെ ഇവർ പ്രകടിപ്പിക്കട്ടെ; സ്വമാതൃകകളാൽ വിശദമാക്കട്ടെ; മറവുള്ളവരെ സദുപദേശങ്ങളാൽ സ്ഥിരചിത്തരാക്കട്ടെ; തങ്ങളുടെ ഉദ്യോഗത്തിന്റെ ദിവ്യവരങ്ങളെ പരിശുദ്ധവും അപങ്കിലവുമായി ഇവർ പരിരക്ഷിക്കട്ടെ; ഇവരുടെ പരിശുദ്ധമായ ആശീർവ്വാദത്താൽ അങ്ങയുടെ ജനങ്ങൾക്കായി അപ്പവും വീഞ്ഞും അങ്ങയുടെ പുത്രന്റെ ശരീരരക്തങ്ങളായി പകരട്ടെ; അനൂനമായ ദൈവസ്നേഹത്തിൽ പരിപക്വരായി പ്രായത്തിന്റെ പരിപൂർണ്ണതയിൽ എത്തിയതിനുശേഷം, ക്രിസ്തുവിന്റെ പൂർണ്ണതയെ സ്വീകരിക്കുന്നതിനായി ഭേദമില്ലാത്ത നീതിവിധിയുടെ ദിവസത്തിൽ നല്ല മനസ്സാക്ഷിയോടും ദൃഢവിശ്വാസത്തോടും ക്രൂടിയും പരിശുദ്ധാത്മാവിനാൽ സമ്പൂർണ്ണരായും ഇവർ ഉയിർത്തെഴുന്നേല്ക്കട്ടെ. ദൈവമായ രൂഹാദക്കുദശായുടെ ഐകൃത്തിൽ എന്നെന്നേയ്ക്കും നിലനാട്ടുക്രൂടി ജീവിച്ചു വാഴുന്ന നിന്റെ പുത്രൻ ഞങ്ങളുടെ കർത്താവീശോമിശിഹാ വഴിയായി.....

ഉത്തരം: ആമ്മേൻ.

അനന്തരം ബലിപീഠത്തിലേക്കു തിരിഞ്ഞു മുട്ടുകുത്തിനിന്നുകൊണ്ട് മെത്രാൻ താഴെ വരുന്ന "പരിശുദ്ധാത്മരൂപിയുടെ ഗീത"ത്തിന്റെ ആദ്യത്തെ അടി പാട്ടുകയും ഗായകസംഘം അതു തുടർന്നുപാടി പൂർത്തിയാക്കുകയും ചെയ്യുന്നു.

സൃഷ്ടാവായ പരിശുദ്ധാത്മാവേ, എഴുന്നള്ളിവരേണമേ; അങ്ങേ ദാസരുടെ ബോധങ്ങളെ സന്ദർശിക്കേണമേ. അങ്ങു സൃഷ്ടിച്ച ഹൃദയങ്ങളെ അങ്ങേ സ്വർഗ്ഗീയ

വരപ്രസാദത്താൽ പൂരിപ്പിക്കേണമേ.

ഇതുയും പാടിക്കൊടുത്തതിനുശേഷം മെത്രാൻ എഴുന്നേറ്റ് അഭിഷേചനം നടത്തുവാൻ ഒരുങ്ങുന്നു. ഗായകസംഘം ഈ സംഗീതം പാടി പൂർത്തിയാക്കുന്നു.

അങ്ങ് ആശ്വാസപ്രദനും അത്യുന്നതനായ ദൈവത്തിന്റെ ദാനവും, ജീവമായ ഉറവയും, അഗ്നിയും സ്നേഹവും ആദ്ധ്യാത്മികാഭിഷേകവുമാകുന്നു.

അങ്ങ് ഏഴുവിധ ദാനങ്ങളോടുകൂടിയവനും പിതാവിന്റെ വലത്തു കൈയുടെ വിരലുമാകുന്നു; അങ്ങ് പിതാവിന്റെ വാഗ്ദാനവും നാവിന്നു പ്രസംഗവരം നൽകുന്നവനുമാകുന്നു.

ഞങ്ങളുടെ ഇന്ദ്രിയങ്ങൾക്കു ദിവ്യപ്രകാശം നൽകി, ഹൃദയങ്ങളിൽ സ്നേഹം ചിന്തി, ഞങ്ങളുടെ ശരീരത്തിന്റെ ദുർബ്ബലതയെ നിത്യശക്തിയാൽ ബലപ്പെടുത്തേണമേ.

ശത്രുവിനെ ദൂരെയകറ്റി സമാധാനം നല്കി ഞങ്ങൾക്കു മാർഗ്ഗദർശകനായിരുന്നു് സകല തിന്മകളിലുംനിന്നു ഞങ്ങൾ ഒഴിഞ്ഞുമാറുവാൻ കൃപ ചെയ്യേണമേ.

അങ്ങുവഴി പിതാവിനേയും പുത്രനേയും, ഇവരിരുവരുടേയും അരൂപിയായ അങ്ങേയും അറിഞ്ഞു് എല്ലായ്പോഴും വിശ്വസിക്കുന്നതിനു് കൃപ ചെയ്യേണമേ.

പിതാവിനും, മരിച്ചവരിൽനിന്നു് ഉത്ഥാനംചെയ്ത പുത്രനും, ആശ്വാസപ്രദനും എന്നേയ്ക്കും സ്തുതിയുണ്ടായിരിക്കട്ടെ. ആമ്മേൻ.

ഗായകസംഘം പാടുന്ന സമയത്തു് മെത്രാൻ സിംഹാസനത്തിൽ ഇരുന്നു് കരങ്ങളിലേ ഉറ ഉരി മോതിരം ധരിക്കുന്നു. അദ്ദേഹത്തിന്റെ മടിയിൽ ഒരു തൂവാല വിരിക്കുന്നു. അനന്തരം, അദ്ദേഹം വല

ത്തു കുരത്തിന്റെ തള്ളവിരൽ സൈത്തുപാത്രത്തിൽമുക്കി, തന്റെ മു ന്പിൽ മുട്ടുകുത്തി കുരുതലങ്ങളും രണ്ടും ഒന്നിച്ചുചേത്തു വീരിച്ചുപിടിച്ചു നിൽക്കുന്ന നവവൈദികന്റെ ഉള്ളംകയ്യിൽ, ആദ്യം വലത്തുകുരത്തിന്റെ തള്ളവിരലിൽനിന്നു് ഇടത്തുകുരത്തിന്റെ ചൂണ്ടോന്നിവിരലിലേയ്ക്കും, രണ്ടാമതു് ഇടത്തുകുരത്തിന്റെ തള്ളവിരലിൽനിന്നു വലത്തുകുരത്തിന്റെ ചൂണ്ടോന്നിയിലേയ്ക്കും, ഒരു കുരിശിന്റെ ആകൃതിയിൽ ദിവ്യതൈലം കൊണ്ടു് വരച്ചതിനുശേഷം ഉള്ളംകൈകൾ മുഴുവനും ദിവ്യതൈലം കൊണ്ടു പൂശുന്നു. ഇങ്ങനെ കൈകൾ പൂശുമ്പോൾ

മെത്രാൻ: കത്താവേ ഈ ശ്ലൈഹനത്താലും നമ്മുടെ ആശീർവ്വാദത്താലും ഈ കുരങ്ങളെ അഭിഷേചിക്കുന്നതിനും വിശുദ്ധീകരിക്കുന്നതിനും കനിയേണമേ.

ഉത്തരം: ആമ്മേൻ.

അഭിഷിക്തങ്ങളായ കുരങ്ങളെ കുരിശാകൃതിയിൽ ആശീർവ്വദിച്ചു കൊണ്ടു്

മെത്രാൻ: ഇവർ ആശീർവ്വദിക്കുന്നവയെല്ലാം ആശീർവ്വദിക്കപ്പെട്ടവയാകുന്നതിനും, ഇവർ ക്രോശ ചെയ്യുന്നവയെല്ലാം ക്രോശ ചെയ്യപ്പെട്ടവയും പരിശുദ്ധവും ആയിത്തീരുന്നതിനും: നമ്മുടെ കത്താവീശോമിശിഹായുടെ നാമത്തിൽ.

അഭിഷിക്തൻ: ആമ്മേൻ.

അഭിഷിക്തങ്ങളായ കുരങ്ങളെ മെത്രാൻതന്നെ ക്രട്ടി യോജിപ്പിച്ചു കഴിയുമ്പോൾ, ശുശ്രൂഷകരിലൊരുവൻ ഒരു വെള്ളത്തുവാല നീളത്തിൽ മടക്കി രണ്ടു കുരങ്ങളും ക്രട്ടിച്ചേത്തു കെട്ടുന്നു. മെത്രാൻ തന്റെ കൈവിരലിൽ പറ്റിയിരിക്കുന്ന ദിവ്യതൈലം റൊട്ടിക്കഷണംകൊണ്ടു തുടയ്ക്കുകയും അതിനുശേഷം, തന്റെ മുന്പിൽ വീണ്ടും വന്നു മുട്ടുകുത്തി നിൽക്കുന്ന നവവൈദികന് കാസായും പീലാസായും ഒന്നിച്ചു നീട്ടിക്കൊടുക്കുകയും ചെയ്യുന്നു. കാസായിൽ വീഞ്ഞും വെള്ളവും, പീലാസായിൽ ഒരു ഓസ്തിയും ഉണ്ടായിരിക്കണം. അഭിഷിക്തൻ ചൂണ്ടോന്നിവിരലുകൊണ്ടു പീലാസായിലും നടുവിരലുകൊണ്ടു കാസായുടെ കോപ്പയിലും

തൊട്ടുമ്പോൾ ഇവയെല്ലാറ്റിനെയും സ്പർശിച്ചുകൊണ്ട്

മെത്രാൻ: ദൈവത്തിനു ബലി സമർപ്പിക്കുന്നതിനും ജീവിക്കുന്നവർക്കും മരിച്ചവർക്കുംവേണ്ടി ദിവ്യപൂജയണയ്ക്കുന്നതിനുമുള്ള അധികാരം സ്വീകരിക്കുക. കർത്താവിന്റെ നാമത്തിൽ

ഉത്തരം: ആമ്മേൻ.

അനന്തരം, മെത്രാൻ കൈകഴുകുന്നു. ആ സമയംകൊണ്ട് നവാഭിഷിക്തന്മാരും സങ്കീർത്തിയിൽപോയി കുരങ്ങളിലെ കെട്ടഴിച്ച് വിശുദ്ധ തൈലം കഴുകിയതിനുശേഷം ബലിപീഠത്തിനു സമീപത്തു് അവർക്കായി ഒരുക്കിയിരിക്കുന്ന സ്ഥാനത്തു് വന്നു മുട്ടുകുത്തുന്നു. അവിടെ നിന്നുകൊണ്ടാണു് മെത്രാനോടൊന്നിച്ചു് അവർ ആ കുർബാന സമർപ്പിക്കേണ്ടതു്.

മെത്രാൻ ദിവ്യബലി തുടരുന്നു.

ഏവൻഗേലിയോന്റെ സമയത്തു് ഒരു ആറാം പട്ടക്കാരൻവന്നു് അന്നത്തെ സുവിശേഷം വായിക്കുന്നു. കുർബാന തുടരുന്നു.

ലത്തീൻ കുർബാനയിൽ മെത്രാൻ "കാഴ്ചവയ്പ്" വായിക്കുന്നു. സുറിയാനി കുർബാനയിലാണെങ്കിൽ "മ്സംബാഉസവദേസ്ബ് മറിയ" (കർത്താവിൽ ഞാൻ സുദൃഢം ആശ്രയിച്ചു) എന്ന പ്രാർത്ഥന മെത്രാൻ ചൊല്ലുന്നു.

പിന്നീടു നടക്കുന്നതു് കാഴ്ചവയ്പാണു്. ബലിപീഠത്തിനു മുമ്പിൽ മെത്രാൻ ആസനസ്ഥനാകുന്നു. അപ്പോൾ, അന്നു പട്ടം സ്വീകരിച്ചവരെല്ലാം നവവൈദികർതുടങ്ങി ക്രമപ്രകാരം ഇരുരണ്ടുപേരായി അദ്ദേഹത്തിന്റെ മുമ്പിൽ വന്നു തലകുനിച്ചു് ആചാരം ചെയ്തതിനുശേഷം, തങ്ങളുടെ പക്കലുള്ള കത്തിച്ച മെഴുകുതിരി ആദ്യവും, രണ്ടാമതു് മെത്രാന്റെ കരവും ചുംബിച്ചുകൊണ്ടു് തിരി അദ്ദേഹത്തിനു സമർപ്പിക്കുന്നു. എല്ലാവരുടേയും സമർപ്പണം കഴിയുമ്പോൾ മെത്രാൻ കുരങ്ങും കഴുകി ദിവ്യബലി തുടരുന്നു. ബലിപീഠത്തിനടുത്തു മുട്ടുകുത്തി നിൽക്കുന്ന നവവൈദികന്മാർ സ്വന്തം കുർബാനപ്പുസ്തകത്തിൽ നോക്കിക്കൊണ്ടു് മെത്രാനോടൊന്നിച്ചു കുർബാന ചൊല്ലുന്നു. ഇനിമുതൽ ദിവ്യബലി തുടരുകയാണു്. കുർബാനയുടെ ഇടയിൽ ചില ഭാഗത്തു് ഗുരുപ്പട്ടത്ത

സംബന്ധിക്കുന്ന ചില ഭാഗങ്ങളും വരും. അവമാത്രം മേലിൽ എടുത്തു കാണിച്ചാൽ മതിയാകുമല്ലോ.

ലത്തീൻ കുർബാനയിൽ "സഹോദരന്മാരേ പ്രാർത്ഥിക്കുവിൻ" (Orate Fratres) എന്ന പ്രാർത്ഥനയ്ക്കുശേഷം കുറച്ചുനേരം വിരിച്ചു പിടിച്ചുകൊണ്ടുള്ള അപേക്ഷയുടെ അവസാനത്തിലും സുറിയാനി കുർബാനയിൽ "ഏൻമാറൻ വാലാഹൻ" എന്നപ്രാർത്ഥന കഴിഞ്ഞും നവവൈദികനമസ്കരിക്കുവേണ്ടി

മെത്രാൻ: കർത്താവേ, ഈ കാഴ്ചകളെ പരിശുദ്ധ വ്യാപാരത്തോടെ അങ്ങേയ്ക്കു സമർപ്പിക്കുന്നതിനു (ഞങ്ങളെ യോഗ്യരാകുവാൻ) അങ്ങേ വിസ്മയനീയമായ ക്രമവൽക്കരണത്താൽ ഞങ്ങൾക്കു വേണ്ടുന്ന അനുഗ്രഹങ്ങളും നൽകിയരുളേണമേ. ദൈവമായ പുരോഹിതശ്രേഷ്ഠന്റെ മൈക്കൃത്തിൽ.....

ലത്തീൻ കുർബാനയിൽ "ദോമിനേ യേസുക്രിസ്തേ" എന്ന പ്രാർത്ഥനചൊല്ലി മെത്രാൻ അൾത്താരയിൽ ചുംബിക്കുമ്പോൾ സുറിയാനി കുർബാനയിൽ "തൈബ്യൂസദ് പുരോഹിതശ്രേഷ്ഠനേ" എന്ന പ്രാർത്ഥന ചൊല്ലിക്കഴിയുമ്പോൾ നവവൈദികരിലൊരുവൻ (അഥവാ ഓരോരുത്തരും) വന്ന് ബലിപീഠത്തിൽ മുത്തിയിട്ട് മെത്രാന്റെ സമാധാനാശ്ലേഷം സ്വീകരിക്കുന്നു. അപ്പോൾ

മെത്രാൻ: സമാധാനം നിന്നോടുകൂടെ.

ഉത്തരം: അങ്ങേ അരൂപിയോടുംകൂടെ.

അനന്തരം, ആ നവവൈദികൻ തിരിച്ചുവന്നു മറ്റു നവവൈദികന്മാർക്കും അവർ (മെത്രാനിൽനിന്നും ആശ്ലേഷം സ്വീകരിച്ചില്ലെങ്കിൽ) അതേവിധംതന്നെ സമാധാനം ആശംസിക്കുന്നു. ഉടനെ ആറാം പട്ടക്കാരിലൊരുവൻവന്ന് മേൽപറഞ്ഞതുപോലെ മെത്രാനിൽനിന്നു സമാധാനം സ്വീകരിക്കുകയും തിരികെപ്പോയി അന്നു പട്ടം സ്വീകരിച്ചവർക്കെല്ലാം അതു കൊടുക്കുകയും ചെയ്യുന്നു.

മെത്രാൻ തിരുരക്തം ഉൾക്കൊണ്ടതിനുശേഷം നവവൈദികന്മാർ ഓരോരുത്തരും ബലിപീഠത്തിങ്കലേയ്ക്കുചെന്ന് കരചുംബനത്തോടുകൂടി തങ്ങൾതന്നെ മെത്രാനോടൊന്നിച്ചു കുർബാനചെയ്ത തിരുവോസ്തികളും ഉൾക്കൊള്ളുന്നു. അവർക്കു ദിവ്യകാരുണ്യം നൽകുമ്പോൾ മെത്രാൻ പതിവുള്ള വാക്കുകളൊന്നും പറയുന്നില്ല.

ഉടനെ, ശുശ്രൂഷകരിലൊരുവൻ ഒരു കാസായിൽ കുറേശ്ശെ വീഞ്ഞൊഴിച്ച് അവർക്കോരോരുത്തർക്കും നല്കുന്നു.

ആറാംപട്ടക്കാരും ശേഷംപേരും ആ സമയത്തു "ഞാൻ പിഴയാളി" ചൊല്ലി അനുക്രമമായി ദിവ്യകാരുണ്യം സ്വീകരിക്കുന്നു. എല്ലാവരും ഈ കുർബാനയിൽത്തന്നെ ദിവ്യകാരുണ്യം സ്വീകരിക്കണമെന്നാണ് നിയമം.

മെത്രാൻ കാസായും പീലാസായും തുടച്ചുവച്ചതിനുശേഷം എങ്കൽത്താ (എപ്പിസിൽ) ഭാഗത്തേയ്ക്കുമാറി കൈകഴുകിയതിനുശേഷം ഇപ്രകാരം തുടങ്ങുമ്പോൾ ഗായകസംഘം അതു തുടർന്നു പാടി പൂർത്തിയാക്കുന്നതാണ്.

ഇനിമേൽ ദാസന്മാരെന്നല്ല, പ്രത്യുത സ്നേഹിതന്മാരെന്നാണ് നിങ്ങളെ ഞാൻ വിളിക്കുന്നതു്. എന്തുകൊണ്ടെന്നാൽ, നിങ്ങളുടെയിടയിൽ ഞാൻ പ്രവർത്തിച്ചവയെല്ലാം നിങ്ങൾ അറിഞ്ഞിരിക്കുന്നു—ഹല്ലേലൊയ്യാ.(1)

ആശ്വാസപ്രദനായ പരിശുദ്ധാത്മാവിനെ നിങ്ങൾ കൈക്കൊള്ളുവിൻ. പിതാവു നിങ്ങൾക്കായി അയയ്ക്കാനിരുന്നവൻ അവനാകുന്നു. ഹല്ലേലൊയ്യാ.

നിങ്ങൾ എന്റെ കല്പന അനുസരിച്ചു പ്രവർത്തിക്കുന്നുവെങ്കിൽ എന്റെ സ്നേഹിതന്മാരാകുന്നു.

ആശ്വാസപ്രദനായ പരിശുദ്ധാത്മാവിനെ നിങ്ങൾ കൈക്കൊള്ളുവിൻ. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. പിതാവു നിങ്ങൾക്കായി അയയ്ക്കാനിരുന്നവൻ അവനാകുന്നു.

---

(1) ഏഴുപതാം ഞായർ മുതൽ ഉയിർപ്പുവരെ ഹല്ലേലൊയ്യാ പാടുകയില്ല.

അനന്തരം, മെത്രാൻ നവവൈദികന്മാർക്ക് അഭിമുഖമായി നിൽക്കുന്നു. അപ്പോൾ അവർ അദ്ദേഹത്തിന്റെ മുമ്പിൽ എഴുന്നേറ്റു നിന്നു കൊണ്ട്, തങ്ങൾ പ്രസംഗിക്കുവാൻപോകുന്ന വിശ്വാസം എന്താണെന്നു വ്യക്തമാക്കുന്നതിനായി, ശ്ലീഹന്മാരുടെ വിശ്വാസപ്രമാണം ഉറക്കെ ചൊല്ലുന്നു.

അതവസാനിക്കുമ്പോൾ മെത്രാൻ ഇരിക്കുന്നു; നവവൈദികന്മാർ ഓരോരുത്തരായി അദ്ദേഹത്തിന്റെ മുമ്പിൽ മുട്ടുകുത്തുന്നു. ഓരോരുത്തന്റെയും ശിരസ്സിൽ കൈവച്ചുകൊണ്ട്

മെത്രാൻ: പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുന്നുവോ അവ അവർക്ക് മോചിക്കപ്പെട്ടിരിക്കും; ആരുടെ പാപങ്ങൾ നിങ്ങൾ പിടിക്കുന്നുവോ അവ അവർക്ക് പിടിക്കപ്പെട്ടിരിക്കുകയും ചെയ്യും.

പിന്നീട് കുഞ്ഞാടുകുപ്പായത്തിന്റെ പുറകിലുള്ള മടക്കു നിവർത്തുകൊണ്ട്

മെത്രാൻ: കർത്താവു പരിശുദ്ധിയുടെ അങ്കി നിന്നെ ധരിപ്പിക്കട്ടെ.

നവവൈദികന്റെ കൂട്ടിപ്പിടിച്ചിരിക്കുന്ന കരങ്ങളെ തന്റെ കരങ്ങളിൽ ഗ്രഹിച്ചുകൊണ്ട്

മെത്രാൻ: എന്നോടും എന്റെ പിൻഗാമികളോടും ബഹുമാനവും അനുസരണവും നീ വാഗ്ദാനം ചെയ്യുന്നുവോ?

ഉത്തരം: ഞാൻ വാഗ്ദാനം ചെയ്യുന്നു.

നവവൈദികൻ സ്വന്തം ശ്രുതയിൽപ്പെട്ടവനല്ലെങ്കിൽ "നിന്റെ മെത്രാനും അദ്ദേഹത്തിന്റെ പിൻഗാമികൾക്കും" എന്നായിരിക്കും ചോദിക്കുന്നത്. കരങ്ങൾ അപ്രകാരംതന്നെയിരിക്കവേ ആ നവവൈദികന് സ്നേഹചുംബനം നല്കികൊണ്ട്

മെത്രാൻ: കർത്താവിന്റെ സമാധാനം നിന്നോടുകൂടി സദാ ഉണ്ടായിരിക്കട്ടെ.

ഉത്തരം: ആമ്മേൻ.

ഓരോരുത്തരുടേയും കുമ്പാനക്കപ്പായത്തിന്റെ പുറകിലത്തെ അടിഭാഗം മടക്കു നിവത്തിടുന്നു.

അനന്തരണം വാദ്യാനം ചെയ്തുകഴിഞ്ഞു് എല്ലാവരും പൂവ്വസ്ഥാനങ്ങളിലേക്കു പോകുന്നു. അപ്പോൾ സ്ഥാനചിഹ്നങ്ങൾ അണിഞ്ഞുനിന്നുകൊണ്ടു്,

മെത്രാൻ: എന്റെ ഏറ്റവും പ്രിയപ്പെട്ട മക്കളേ നിങ്ങൾ ചെയ്യുവാൻ പോകുന്നവ വളരെ ഗൗരവാവഹങ്ങളായതുകൊണ്ടു് കർബ്ബാന സമർപ്പിക്കുവാൻ തുനിയുന്നതിനുമുമ്പു്, പരിചയമുള്ള വൈദികരിൽനിന്നു് ദിവ്യബലിയുടെ സകല കർമ്മങ്ങളും, അല്പം ക്ലാശചെയ്യുന്നതിനേയും മുറിക്കുന്നതിനേയും ഉരുക്കൊള്ളുന്നതിനേയും പറ്റിയുള്ള സകല വിധികളും വളരെ ശ്രദ്ധാപൂവ്വം പഠിക്കണമെന്നു നാം അനുശാസിക്കുന്നു.

അനന്തരം നവവൈദികന്മാരെ പ്രത്യേകമായി അഭിവ്വന്ദിച്ചുകൊണ്ടു്

മെത്രാൻ: പുരോഹിത്യപദത്തിൽ നിങ്ങൾ അനുഗ്രഹീതരാകുന്നതിനും, എന്നും എന്നെന്നേയ്ക്കും മഹത്വത്തിനും സ്തുതിയ്ക്കും അർഹനായിരിക്കുന്ന സവ്വശക്തനായ ദൈവത്തിന്റെ മുമ്പിൽ ജനങ്ങളുടെ പാപങ്ങൾക്കും പ്രമാണലംഘനങ്ങൾക്കുംവേണ്ടി തൃച്ചിജനകമായ ദിവ്യബലി സമർപ്പിക്കുന്നതിനുമായി, സവ്വശക്തനായ പിതാവിന്റേയും ✠ പുത്രന്റേയും ✠ പരിശുദ്ധാത്മാവിന്റേയും ✠ അഭിവ്വാദം നിങ്ങളുടെമേൽ ഇറങ്ങി വരട്ടെ.

ഉത്തരം: ആമ്മേൻ.

ലത്തീൻ കുമ്പാനയിൽ "കമ്മൂണിയൻ ഗാനം" പാടുന്നു.

സുറിയാനി കുമ്പാനയിൽ "യായെമാർ" (കർത്താവെ ഉചിതമാകുന്നു.....) അല്ലെങ്കിൽ "തെശ്ബൊഹത്താമാർ...." (നാഥാ സ്തുതി അവിടുത്തേയ്ക്കു യോഗ്യമാകുന്നു.) എന്ന പ്രാർത്ഥന കഴിഞ്ഞു് മെത്രാൻ തുടരുന്നു:

തുടർന്നുവരുന്ന പ്രാർത്ഥനയുടെ അവസാനഭാഗം നവവൈദികന്മാരെ പ്രത്യേകം ഉദ്ദേശിച്ചുള്ളതാണ്.

മെത്രാൻ: കർത്താവേ..... അങ്ങേ ലോകോദ്ധാരണകൃത്യത്തിന്റെ മഹനീയ ഫലങ്ങൾ, ദിവ്യരഹസ്യങ്ങൾ സമർപ്പിക്കുമ്പോൾ മാത്രമല്ല, ജീവിതത്തിലേ എല്ലാ ദിവസവും ഞങ്ങളനുഭവിക്കുന്നതിനായി, നിന്റെ ദിവ്യകൃപയാൽ നീ ശക്തരാക്കുന്ന ഈ ദാസന്മാരെ നിന്റെ നിരന്തര സഹായത്താൽ കാത്തു പരിപാലിച്ചുകൊള്ളേണമേ. ദൈവമായ ക്രിസ്തുവിശ്വാസിയുടെ ഐക്യത്തിൽ.....

ഉത്തരം: ആമ്മേൻ.

പിന്നീടുള്ള ചെറിയ പ്രാർത്ഥനയ്ക്കുശേഷം എല്ലാവർക്കും ശ്ലൈഹികാശീർവ്വാദം നല്കപ്പെടുന്നു.

മെത്രാൻ: കർത്താവിന്റെ നാമം വാഴ്ത്തപ്പെട്ടതാകട്ടെ.

ഉത്തരം: ഇപ്പോഴും എപ്പോഴും എന്നെന്നേയ്ക്കും.

തന്റെമേൽതന്നെ കുരിശടയാളം വരച്ചുകൊണ്ട്

മെത്രാൻ: നമ്മുടെ സഹായം കർത്താവിന്റെനാമത്തിലാകുന്നു.

ഉത്തരം: അവിടുന്നാകുന്ന ആകാശത്തേയും ഭൂമിയേയും സൃഷ്ടിച്ചതു്.

അനന്തരം ജനങ്ങളുടെ നേരേ തിരിഞ്ഞു്

മെത്രാൻ: സർവ്വശക്തനും ദൈവവുമായ പിതാവും ✠ പുത്രനും ✠ പരിശുദ്ധാത്മാവും ✠ നിങ്ങളെ അനുഗ്രഹിക്കട്ടെ.

ഇപ്പോഴാണ് പ്രായശ്ചിത്തം പ്രഖ്യാപിക്കപ്പെടുന്നതു്. സിംഹാസനത്തിലിരുന്നുകൊണ്ട് പട്ടം സ്വീകരിച്ചവരോടെല്ലുമായി

മെത്രാൻ: എന്റെ ഏറ്റവും പ്രിയപ്പെട്ട മക്കളേ,

നിങ്ങൾ സ്വീകരിച്ചുകഴിഞ്ഞിരിക്കുന്ന ഉന്നത പദവിയേപ്പറ്റിയും നിങ്ങളുടെ തോളിൽ വയ്ക്കപ്പെട്ടിരിക്കുന്ന ഭാരത്തെപ്പറ്റിയും അവഗാഢം ചിന്തിക്കുവിൻ. പരിശുദ്ധമായും പുണ്യമായും ജീവിക്കുന്നതിനും, സർവ്വശക്തനായ ദൈവത്തിന്റെ അനുഗ്രഹങ്ങൾ ലഭിക്കുന്നതിനായി അങ്ങേ പ്രസാദിപ്പിക്കുന്നതിനും പരിശ്രമിക്കുവിൻ. തന്റെ കൃപയാൽ ഈ അനുഗ്രഹങ്ങൾ അവിടുന്നുതന്നെ നിങ്ങൾക്കു നൽകുമാറാകട്ടെ.

ആസ്ഥപ്പാട്ടപട്ടമോ ആദ്യത്തെ നാലു പട്ടങ്ങളുമോ സ്വീകരിച്ചവർ ഓരോരുത്തരും അനുതാപ സങ്കീർത്തനങ്ങളും സകല വിശുദ്ധരുടെ ലുത്തനിയായും അനുബന്ധ പ്രാർത്ഥനകളും ഒരു പ്രാവശ്യം ചൊല്ലണം.

അഞ്ചാംപട്ടമോ ആറാംപട്ടമോ സ്വീകരിച്ചവർ (ഇന്നാദിവസത്തേ) രാത്രിജപം(കാനോന നമസ്കാരഭാഗം) ഒരു പ്രാവശ്യംക്രടി ചൊല്ലണം.

നവവൈദികന്മാർ, നിങ്ങളുടെ പ്രഥമ പൂജയ്ക്കു ശേഷം മൂന്നു കുർബ്ബാന ചൊല്ലണം. ഒന്നാമത്തേതു പരിശുദ്ധാത്മാവിയുടെ സ്തുതിക്കായും, രണ്ടാമത്തേതു നിത്യകന്യകയായ പരിശുദ്ധ മറിയത്തിന്റെ മഹത്വത്തിനായും, മൂന്നാമത്തേതു സകല മരിച്ച വിശ്വാസികളുടെ ആത്മശാന്തിക്കായും.

സർവ്വശക്തനായ ദൈവത്തോട് എനിക്കുവേണ്ടിയും പ്രാർത്ഥിക്കേണമേ.

തങ്ങൾ അപ്രകാരം ചെയ്യുന്നതാണെന്നു് എല്ലാവരും സമ്മതിച്ചുപറയുന്നു. തിരുവസ്ത്രങ്ങൾ ഉരിയിട്ടതിനുശേഷം മെത്രാൻ സ്വസ്ഥാനത്തു പോയി ഉപകാരസ്മരണചെയ്യുന്നു. നവവൈദികന്മാർ സ്വസ്ഥാനങ്ങളിൽ തന്നെ മുട്ടുകുത്തിനിന്നുകൊണ്ടു ദൈവത്തിനു കൃതജ്ഞതസമർപ്പിക്കുന്നു.

പട്ടം സ്വീകരിക്കുവാൻ പള്ളിയിലേയ്ക്കുവന്ന ക്രമത്തിൽത്തന്നെ ഒരു പ്രദക്ഷിണമായിട്ടാണ് പള്ളിയിൽനിന്നുപോകുന്നതും. അവസാനിക്കുന്നിടത്തെത്തുമ്പോൾ മെത്രാൻ അദ്ദേഹം നവവൈദികന്മാരുടെ കരങ്ങളും ചുംബിക്കുന്നു. അതുകഴിഞ്ഞു് അന്നു പട്ടംസ്വീകരിച്ചവർ, പിന്നീടു് വൈദികന്മാരും ശെമ്മാശ്ശന്മാരും വിശ്വാസികളും കരചുംബനം നടത്തുന്നു.

വൈദികർക്കുവേണ്ടിയുള്ള പ്രാർത്ഥന.

നിത്യപുരോഹിതനായ ഈശോയേ, നിന്റെ ദാസരായ പട്ടക്കാർക്കു യാതൊരാപത്തും വരാതെ നിന്റെ വിശുദ്ധിയിൽ അവർക്കഭയം നൽകേണമേ. നിന്റെ പരിശുദ്ധമായ ശരീരത്തെ ദിവസംതോറും എടുക്കുന്ന അവരുടെ പൂശപ്പെട്ട കരങ്ങൾ മലിനമാകാതെ കാക്കേണമേ. നിന്റെ വിലയേറിയ തിരുരക്തത്താൽ നനയുന്ന അവരുടെ നാവുകളെ നിർമ്മലമായി കാത്തുകൊള്ളേണമേ. ശ്രേഷ്ഠമായ നിന്റെ പൗരോഹിത്യത്തിന്റെ മഹനീയ മുദ്ര പതിഞ്ഞിരിക്കുന്ന അവരുടെ വിശുദ്ധിയുള്ള ഹൃദയങ്ങളെ ലോകവസ്തുക്കളിൽനിന്ന് അകറ്റുകയും ശുദ്ധമായി കാകാത്തുകൊള്ളുകയും ചെയ്യണമേ. നിന്റെ ദിവ്യസ്നേഹം അവരെ ലോകതന്ത്രങ്ങളിൽനിന്നു സംരക്ഷിക്കട്ടെ. അവരുടെ പ്രയത്നങ്ങൾ ഫലസമൃദ്ധങ്ങളായി ഭവിക്കട്ടെ. അവരുടെ ശുശ്രൂഷ ലഭിക്കുന്നവർ ഈ ലോകത്തിൽ അവരുടെ ആനന്ദവും ആശ്വാസവും പരലോകത്തിൽ അവർക്കു നിത്യഭാഗ്യത്തിന്റെ മകുടവും ആയിത്തീരുവാൻ കൃപചെയ്യേണമേ. ആമ്മേൻ. (200 ദി. ദ. വി.)

ലോകരക്ഷകനായ ഈശോയേ, നിന്റെ പുരോഹിതന്മാരേയും വൈദികശ്രേഷ്ഠരേയും ശുദ്ധീകരിക്കണമേ. (300 ദി. ദ. വി. Raccolta 611)

(മാസാദ്യവ്യാഴാഴ്ചയോ ശനിയാഴ്ചയോ പുരോഹിതന്മാർക്കും മറ്റു വൈദികശുശ്രൂഷത്തിൽപ്പെട്ടവർക്കും വേണ്ടി വി. കുർബാന കാണുകയും കുമ്പസാരിച്ചു വി. കുർബാന ഉപകാരമുള്ളതാകയും, അന്നത്തെ പ്രാർത്ഥനകളും സൽപ്രവൃത്തികളും കാഴ്ചവച്ചു പ. പിതാവിന്റെ നിയോഗപ്രകാരം പ്രാർത്ഥിക്കുകയും ചെയ്താൽ പൂ. ദ. വി. പ്രാപിക്കാവുന്നതാണ്)

Raccolta 612.

പരിഭാഷകന്റെ മറ്റു കൃതികൾ.

ലോകമതങ്ങളിലെ യേശുക്രിസ്തു അഥവാ ക്രിസ്തുമതവും സർ സി. പി. യും: ലോകൈക മഹാമതമായ ക്രിസ്തുസഭയെ അടിച്ചുതകർക്കുവാൻ സർ സി. പി. രാമസ്വാമിയ്ക്കും ഉണ്ടായി ഒരു വ്യാമോഹം. അദ്ദേഹം കൊണ്ടുവന്നിരിക്കുന്ന ആരോപണങ്ങൾ ക്രിസ്തുമതശത്രുക്കൾ എന്നും ഉയർത്തിക്കാണിക്കാറുള്ളവതന്നെയാണു്. അവയെ എതിർക്കാൻ ഏവരും പഠിച്ചിരിക്കണം. പഠനക്കുറിപ്പുകൾക്കു് സർവ്വഥാ ആദരണീയമായ ഒരു ഗ്രന്ഥമാണു് "ലോകമതങ്ങളിലേ യേശുക്രിസ്തു".

വില രൂ. 1—12—0

2. സ്റ്റെപ്പിനാക്കു്: കമ്മ്യൂണിസം വാഗ്ദാനംചെയ്യുന്ന സ്വാതന്ത്ര്യവും സമ്പത്തും സമത്വവും ഇരുമ്പഴിക്കുള്ളിലാണെന്നു് അനുഭവം പഠിപ്പിക്കുന്നു. യൂഗോസ്ലാവിയായിൽ ഭരണാധിപനായ മാർഷൽ ടിറ്റോയുടെ പരമർദ്ദനത്തെ എതിർത്ത സാഗ്രെബിലെ മെത്രാപ്പോലീത്താ മോൺ. അലോഷ്യസു് സ്റ്റെപ്പിനാക്കു് പതിനാറുകൊല്ലത്തെ കഠിനതടവിനു ജയിലിൽ.

വില രൂ. 1—8—0

3. രക്തസാക്ഷിവിജയം: ശാന്തസമുദ്രത്തിലേ ദ്വീപശതങ്ങളിൽ വസിച്ചിരുന്ന കിരാതവർഗ്ഗക്കാരെ സംസ്കാരത്തിന്റെ മുന്നണിയിലേയ്ക്കുയർത്തിക്കൊണ്ടുവരുവാൻ കത്തോലിക്കാസഭ സഹിച്ച യാതനകൾ. പ്രേഷിതവര്യനായ പീറർ ചാനലിന്റെ ത്യാഗങ്ങളും ജീവാർപ്പണവും. വില രൂ. 1—14—0

4. ഫാത്തിമാമാതാവു്: സമാധാനരാജ്ഞിയായ ഫാത്തിമാനാഥയുടെ ശാന്തിസന്ദേശം ഒരു രാജ്യത്തിനോ കാലത്തിനോ ജനതയ്ക്കോ മാത്രമുള്ളതല്ല. ഫാത്തിമായിലേ സ്വർഗ്ഗീ

രാജ്ഞിയുടെ സന്ദർശനങ്ങളേയും അത്ഭുതങ്ങളേയും ചരിത്രത്തിന്റെ പശ്ചാത്തലത്തിൽ ശാസ്ത്രീയമായും സമ്പൂർണ്ണമായും വിവരിക്കുന്ന ഏക മലയാളഗ്രന്ഥം. വില രൂ. 1—8—0

5. സഹനബലി അഥവാ മുറിമുടിധാരിണിയായ കുഞ്ഞുറോസ്: സഹനത്തിന്റെ വീരാത്മാവായി പാവന ജീവിതം നയിച്ച ഒരു അമേരിക്കൻ മിസ്സിക്കിന്റെ ജീവചരിത്രം. ആദ്യന്തം നോവൽപോലെ രസകരം. വില രൂ. 1—4—0

6. ടിറോറാഭരണം: രാഷ്ട്രത്തിന്റെ ഏകാധിപത്യത്തിനെതിരായിനില്ക്കുന്ന പൗരന്മാരെ ആയിരക്കണക്കിനു കൊന്നൊടുക്കി ഭരണംനടത്തുന്ന മാഷ്ൽ ടിറോറായുടെ യൂഗോസ്ലാവിയായിൽ നിന്നൊളിച്ചോടി അമേരിക്കയിൽ എത്തിയ മി. റാഡിറ്റ്സാ നമുക്കു നല്കുന്ന മർമ്മഭേദകമായ വിവരങ്ങൾ.

പരിഭാഷകൻ: പരേതനായ മി. ററി. എം. കുഴ്ൻ ബി. എ. (പോലീസ് ഇൻസ്പെക്ടർ)

പ്രസാധകൻ: ഫാ. ജോസഫ് തേക്കനാടി.

7. പോപ്പുരാജൻ: (out of print)

S. H. League, Alwaye.

8. അഗ്നിപരീക്ഷണം: ക്രിസ്തുമതത്തിന്റെ ആരംഭശതകങ്ങൾ. ആദിമക്രൈസ്തവർ അനുഭവിച്ചിരുന്ന വിഷമതകൾ, മർദ്ദനങ്ങൾ, ഭൂഗർഭാലയങ്ങളിലേ ജീവിതം; ഇവയുടെ പശ്ചാത്തലത്തിൽ ചാരിത്ര്യത്തിനുവേണ്ടി സ്വജീവിതം ബലികഴിച്ച വി. ആഗ്നാസിന്റെ മനോഹര ചരിത്രം.

വില രൂ. 2—0—0

9. ത്യാഗാദർശം: അഖിലലോകവ്യാപകമായ റെഡ് ക്രോസ് സംഘടനയ്ക്ക് ബീജാവാപം ചെയ്തതാരാണ്?

അതുരരേയും അശരണരേയും സൗജന്യമായി പരിചരിക്കുയെന്ന മഹനീയമാതൃകയിൽ ശ്രദ്ധ കൊടുത്തതാരാണു്? വി. കമീല്ലസ്.

വില രൂ. 2—0—0

S. J. Press, Mannanam.

10. വിശുദ്ധ പൗലോസ്: ക്രൈസ്തവസഭയുടെ ഭയങ്കര ശത്രുവായിരുന്ന സാവൂൾ; ക്രിസ്തുവിന്റെ "തിരഞ്ഞെടുക്കപ്പെട്ട പാത്രം"മായ അപ്പസ്തോലൻ; വിജാതീയരുടെ പ്രേഷിതൻ. അദ്ദേഹത്തിന്റെ ജീവിതം, കാലം, സഹചര്യങ്ങൾ, പ്രവർത്തനം മുതലായവയെ സവിസ്തരം പ്രതിപാദിക്കുന്ന ഒരു വിപുല ഗ്രന്ഥം. പ്രതീക്ഷിക്കുക.

N. B. ലോകമതങ്ങളിലേ യേശുക്രിസ്തു, സ്റ്റെപ്പിനാക്സ്, ഫാത്തിമാമാതാവു് ഇവയുടെ പ്രതികരം മേനിക്കടലാസിലും പശ്ചാത്തലം കടലാസിലും ലഭിക്കുന്നതാണ്.

DC Archives
00090804
F97 T341

ST. THOMAS MONASTERY
Call No
SI No
LIBRARY, PAYAPATTY